

Andal alias Godadevi is the author of Thiruppavai and Nachiyar Thirumozhi. She is the only woman among the Vasihnava saints (Alwars) of South India .Her works are spiritual yearnings for her beloved Krishna in its most beautiful Nayika Bhava. Thiruppavai has 30 Pasurams each showing the paths taken by the Devotee to reach the ultimate Godhead, By the disciple to the Spiritual Guru , and a loving woman to her beloved .These three meanings are hidden in each hymn .Pavai Nombu or the Vratha taken by women of India to please Karthyayani (Mother Goddess) and get Krishna as the bridegroom is as old as Bhagavathapurana written by Vedavyasa.Periyazhvar (Vishnuchitha) , the fosterfather of Andaal says he and several generations of devotees before him had been doing Seva of this type to Krishna. In Thiruppavai ,Andaal also tells Krishna that it was the custom of his ancestors to perform a great role in the festival of Markazhi dancingand feasting, giving blessings to all and making all of the clan happy.

This traditional vratha is at present performed by women of Kerala only on a single day (Ardra vrath) in the month of Dhanu (Sagittarius). Women of Tamil Nad still follow the traditional 30 day celebration , singing one hymn from Thiruppavai on each day and all the 30 on the 30th day ,and finishingthe vratha on the Ardra asterism. In the Brahmin and Nair families of Kerala Ardra Jagaran vrath is associated with chewing 108 Thamboola leaves(piper) , wearing flowers at midnight hour (Pathiraappoo) and swinging on decorated swings,singing and dancing clapping hands and eating specially made food preparations on Ardra day.

The custom of celebrating 30 days of Vratha , starting from the Karthika asterism on fullmoon day (when sun is in Scorpio and moon in Aries/Taurus Rasi , and ending it on the next fullmoon day (Ardra asterism when sun is in Sagittarius and moon in Gemini) and making the 27th day as a special day (since moon finishes a circle around earth with 27/28 days) shows that even during Mahabharatha and Bhagavatha days when Krishna and Vyasa lived (almost same as Mohenjo Daro /Harappan times according to the Indian calendar) Indians were aware of lunisolar time reckoning and movements of our planet earth around the sun. Still in the temples of India the Lunisolar calendar is followed for festivals and in this way the traditional knowledge systems (TKS) survive to some extend.

This is an attempt to introduce the ancient culture of South Indian Tamils , and its spiritual significance to Malayalam speaking Indians who are not much familiar with the Tamil work of Andaal.

ആണ്ടാൾപാടിയ തിരുപ്പാവൈ

മാർകഴിമാസത്തില് ഓരോ ദിനവും പാടാനായി മുപ്പത് പാസുരങ്ങളുള്ള തിരുപ്പാവൈ ഭൂമിയുടെ അവതാരമായി, വിഷ്ണുചിത്തരെന്ന പെരിയാഴ്വാരുടെ വളർത്തുമകളായി,12 ആഴ്വാർമാരില് ഒരേ ഒരു സ്ത്രീരത്നമായ ഗോദദേവി എന്ന ആണ്ടാളുടെ കൃതിയാണ്.ഉത്തരേന്ത്യയിൽ മീരയ്ക്കുള്ള സ്ഥാനമാണ് ദക്ഷിണേന്ത്യയില് ആണ്ടാൾക്ക്. കൂടരവല്ലിദിനമായ 27ആം മാർകഴിനാളില് 30 പാസുരവും പാടണം.

ശ്രീയജ്ഞവരാഹമൂർത്തിയുടെ മടിയിലിരിക്കുന്നവളും അവനില് ശരണാഗതി അടഞ്ഞവളും അവനെമാത്രം നിനച്ചു പാടുന്നവളുമാണ് ഭൂമിദേവി. രാമാവതാരകാലത്ത് ഭൂമിപുത്രിയായി അവതരിച്ച ദേവി ശ്രീവിഷ്ണുചിത്തരെന്ന ആഴ്വാരുടെ ശ്രീവില്ലിപുത്തൂർക്ഷേത്രത്തിലെ തുളസീവനത്തിൽനിന്ന് (സീതയെ ജനകനെന്നപോലെ) കണ്ടെടുക്കപ്പെട്ടവളാണ്. ഗോവിനാൽ ദാനംചെയ്യപ്പെട്ട വൾ(ഗോരൂപിണിയായ ഭൂമിയാൽ,വാഗ്ദേവിയാൽ)എന്നർത്ഥത്തില് ഗോദൈ (കോതൈ)എന്ന് പേരിട്ടു.അഞ്ചുവയസ്സിനുമുമ്പേ അകൈതവമായ കൃഷ്ണാവബോധവും പരാഭക്തിയും പരാജ്ഞാനവും പ്രദർശിപ്പിച്ച കുട്ടിയിൽനിന്ന് അനുഭൂതിപാരമ്യത്തില് ഒഴുകിയ ശ്രീസൂക്തികളാണ് തിരുപ്പാവൈ, നാച്ചിയാ ർതിരുമൊഴി എന്നിവ.ഈ ദിവ്യപ്രബന്ധത്തിൽ പൂർണ്ണഗോപീഭാവമാണുള്ളത്.

ഡിസംബർജനവരിമാസങ്ങളിലാണ് മാർകഴി.മാർഗ്ഗശീർഷമാസം ഭാരതീയപഞ്ചാംഗത്തില് മഹാവിഷ്ണുതന്നെയാണ് . ഭഗവദ്ഗീതയിൽ ഭഗവാന് സ്വയം അങ്ങനെ പറയുന്നുണ്ട്. വ്രജകന്യകമാർ ബ്രാഹ്മമുഹൂർത്തത്തില് ഉണർന്ന് പുണ്യനദികളിൽ കുളിച്ച് പ്രേയസ്സും ശ്രേയസ്സും നാടിനും ശ്രീകൃഷ്ണനെ ഭർത്താവായി തങ്ങൾക്കും ലഭിക്കാന് കാത്യായനീവ്രതം നടത്തിയിരുന്നു. അതിന്റെ തുടർച്ചയാണ് മാർകഴിഉത്സവം. പാവൈ (സുന്ദരിയായ യുവതി)കളുടെ മാർകഴിനീരാട്ടിന്റെ സംഗീതധ്വനി ഇന്നും തമിഴകമാകെ സംഗീതോത്സവരൂപത്തിൽ നിലനിൽക്കുന്നു. കേരളത്തില് ഇത് ധനുമാസത്തിലെ ആർദ്രാവ്രതമെന്ന കാത്യായനീപൂജയാണ്.ശൈത്യമുള്ള ഹേമന്തഋതുവിന്റെ ആദ്യമാസത്തിൽ നന്ദഗോപന്റെ വംശത്തിലെ സ്ത്രീകൾ കാളിന്ദിയില് നീരാടി,കാത്യായനിയുടെ രൂപം പുഴമണ്ണുകൊണ്ട് മെനഞ്ഞെടുത്ത് സുഗന്ധപുഷ്പങ്ങളും ചന്ദനവും ധൂപദീപങ്ങളും മധുരാന്നനിവേദ്യവും സമർപ്പിച്ച് ,കാത്യായനി മഹാമായേ സർവ്വയോഗേശ്വരേശ്വരീ ,നന്ദഗോപസുതനായ കൃഷ്ണനെഎനിക്കു ഭർത്താവായി തരേണമേ എന്ന് പ്രാർത്ഥിക്കുന്നു. അന്നെന്നപോലെ ഇന്നും ആസേതുഹിമാചലം അനുഷ്ഠിക്കുന്ന ഈ വ്രതം ഭാരതത്തിന്റെ ജീവിക്കുന്ന ആർക്കിടൈപ്പ് ആയ കൃഷ്ണന് നമ്മുടെ ബോധതലത്തിൽ എത്ര ഉന്നതമായ ഒരു സൌന്ദര്യസങ്കൽപ്പമാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നതിന് തെളിവാണ്. ആത്മീയമായ മിസ്റ്റിസിസത്തിന്റേതായ ഒരു ആദിമനിഷ്കളങ്കത്വം മുറ്റിനിൽക്കുന്ന വധൂഭാവമാണ് മാർകഴി ആരാധനയുടെ സൌന്ദര്യം.ഈ ലാവണ്യശാസ്ത്രത്തിന്റെ രസാനുഭവം കൂടാതെ ഒരുകലയും ഭാരതത്തിലുണ്ടായിട്ടില്ല.64 കലകളിലുമുണ്ട് അതിന്റെ സ്വാധീനം.

കേരളത്തിലെ തിരുവാതിര ഇപ്പോൾ ഒരുദിനമാണ് ആഘോഷിക്കുന്നത്.എന്നാൽ ഇതിന്റെ ഉത്ഭവകാലത്ത് 30 ദിനം തന്നെയായിരുന്നു. സൂര്യൻമകരമാസത്തിലും ചന്ദ്രന് ഇടവരാശിയിലെ കാർത്തികയിലും (പൌർണ്ണമി)നില്ക്കുന്ന ദിനമാണ് ആദ്യദിനം. അവിടെനിന്ന് മുപ്പതാം ദിനം സൂര്യൻ ധനുവിലും ചന്ദ്രന് തിരുവാതിരയുടെ നക്ഷത്രപാദത്തിലും (മിഥുനരാശി) എത്തുന്ന പൌർണ്ണമി. ഈ മുപ്പതുദിനമാണ് മുപ്പതു പാസുരം പാടേണ്ട വ്രതകാലം. കേരളീയർക്ക് അത്ര പരിചിത

മല്ലാത്ത ഒരു കൃതിയാണ് തിരുപ്പാവൈ. ഭക്തിമാർഗ്ഗത്തെ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തില് ഈ കൃതിയെ മലയാളികൾക്ക് പരിചയപ്പെടുത്തുന്നു.

ഡോ.സുവർണ്ണ നാലപ്പാട്ട്

ആരംഭം

നിളാതുംഗസ്തനഗിരിതടീസുപ്തമുദ്ബോദ്ധ്യകൃഷ്ണം

പാരാർത്ഥ്യം സ്വം ശ്രുതിശതശിരസ്സിദ്ധമദ്ധ്യാപയന്തീ

സ്വോചഷ്ടായാം സ്രജിനിഗളിതം യാ ബലാത് ഹൃദയഭുങ് ക്തേ

ഗോദാതസ്യൈ നമഇമമിദം ഭൂയഏവാസ്തുഭൂയഃ

അന്നവയർപ്പുതുവൈയാണ്ടാളരങ്കർക്കു-

പ്പന്നതിരുപ്പാവൈപ്പൽപ്പതിയം ഇന്നിശൈയാല്

പാടിക്കൊടുത്താൾ നൽപ്പാമാലൈ

പൂമാലൈചൂടിക്കൊടുത്താളൈച്ചൊല്ലു

ചൂടിക്കൊടുത്ത ചുടർക്കൊടിയേ തൊൽപ്പാവൈപാടിയരുളവല്ല

പൽവളൈയായ്,നാടിനീ വേങ്കടവർക്കെന്നൈ

വിധിയെന്റവിമ്മാറ്റം നാം കടവാവണ്ണമേ നൽക്കു.

നിളാദേവിയുടെ ഉത്തുംഗസ്തനങ്ങളായ ഗിരിതടങ്ങളിൽ യോഗനിദ്രയിൽ ശയിക്കുകയാണ് കൃഷ്ണൻ. മറ്റുള്ളവർക്കും അവനവനും വേണ്ടി നൂറുനൂറുശ്രുതികളിൽ(സംഗീതശ്രുതി,വേദം)സിദ്ധന്മാർഅദ്ധ്യാപനം ചെയ്തതും താൻതന്നെ സ്വന്തം ഇച്ഛയാൽനിർമ്മിച്ചതുമായ രാഗമാലികയണിഞ്ഞ് അതിനാൽബദ്ധനും മുക്തനുമായി, ധ്യാനസമാധിയിൽലയിച്ച അവനെ ഉണർത്തി,തന്റെ ഹൃദയത്തിലെ സേവനം (പ്രേമം)കാഴ്ചവെക്കുന്ന ഗോദാദേവിക്ക് നമസ്കാരം.

ഹേ,ചൂടിക്കൊടുത്ത മിന്നൽക്കൊടിയേ,അനേകം വളകളണിഞ്ഞവളേ,നീ പാടി അനുഗ്രഹിച്ച് ചൂടിയപൂമാലതന്നെ ഈ പാമാല(രാഗമാലിക).സുന്ദരിയായ ആണ്ടാൾ ശ്രീരങ്കനാഥന് മധുരരാഗത്തിൽപാടിക്കൊടുത്ത പാമാല വേങ്കടാദ്രിവാ

ഴുന്നവന്റെ നിത്യദാസിയാക്കാൻ കാമദേവനോടുള്ള പരിദേവനമാണ്.അതേവരം ഞങ്ങൾക്കുമരുളുക.ഞങ്ങളും അതേ വഴി പിന്തുടരട്ടെ.

ഒന്നാംദിനം കാർത്തികനക്ഷത്രം മകരമാസം

ബിലഹരിരാഗം ചതുരശ്രഅടതാളം.

മൂലം-

മാർകഴിത്തിങ്കൾമതിനിറൈന്തനന്നാളാല്

നീരാടപ്പോതുവീർപോതുമിനോ നേരിഴൈയീര്

ചീർമൽക്കുമായ്പ്പാടിച്ചെൽവച്ചിറുമീർകള്

കൂർവേർകൊടുന്തൊഴിലൻനന്ദകോപാൻകുമരന്

ഏരാർന്തകണ്ണിയശോദൈയിളംചിങ്കം

കാർമേനിച്ചെങ്കൺകതിരമതിയംപോൽമുകത്താൻ.

നാരായണനേ നമക്കേ പറൈതെരുവാൻ

പാരോർപുകഴ്പ്പടിന്തേലോരെംപാവായ്

മലയാളം. മാർകഴിപ്പൌർണ്ണമിനാളാംസുദിനത്തി-

ലൊന്നിച്ചുനീരാടാംതോഴിമാരേ

ശ്രുതിങ്ങുമായ് വംശസ്സുന്ദരിമാരേനാം

നന്ദസുതന്റെയിളംകുമാരന്,

സിംഹക്കിടാവു,യശോദാസുതന്,കണ്ണന്,

കാർമേനി,ചെങ്കൺ,,നിലാമുഖവും

ചേരുന്നനാരായണനെയുണർത്തുക

നാരായണൻതരുംനല്ലപറ,

ലോകംമുഴുവനുംപാടിപ്പുകഴ്ത്തുന്ന

കണ്ണനെ,മായോനെ,സുന്ദരിയേ

വ്യാഖ്യാനം

ഏറ്റവും. സാത്വികമായ പ്രകൃതിയാണ് മാർകഴിയിൽ. ദീർഘമായ രാത്രികൾ,തെളിഞ്ഞ ആകാശത്തിൽ കാന്തിമാനായ ചന്ദ്രൻ. ധ്യാനത്തിനും ശാന്തിക്കും ആനന്ദാനുഭവത്തിനും അനുയോജ്യമായ പ്രകൃതി. ഭാരതത്തിലെ ഏറ്റവും പുരാതനമായ പഞ്ചാംഗങ്ങളിൽ മാർകഴിയാണ് ആദ്യമാസം. മാർഗ്ഗശീർഷനക്ഷത്രത്തെ ആഗ്രഹായണമെന്നു വിളിക്കുന്നതായി ഗീതാരഹസ്യത്തിൽ ബാലഗംഗാധരതിലകൻ. മൃഗശിരസ്സ് (മകയിരം)എന്ന നക്ഷത്രം ഓറിയോൺനെബുലയിലാണ്. ഇടവം,മിഥുനം,രാശികൾക്കിടയിൽ. മൃഗശിരസ്സിൽപൂർണ്ണചന്ദ്രനും ,നേരെ വിപരീതമായി 180 ഡിഗ്രിമാറി മൂലം നക്ഷത്രഭാഗത്ത് (ധനു)സൂര്യനും നിൽക്കുമ്പോള് വരുന്ന മാർകഴിമാസം ചന്ദ്രന്റെ സ്ഥാനമനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെടുന്നതാണ്. സൂര്യസ്ഥാനം വെച്ച് പേരുകൊടുക്കുമ്പോൾ ധനുവാണ് മാസം. സൂര്യൻ ധനുവിൽവരുമ്പോള് 180 ഡിഗ്രിമാറി ചന്ദ്രന് മകയിരം,തിരുവാതിര,പുണർതം നക്ഷത്രങ്ങളിലേതിലും വരാം. അതായത്,മൂലം,പൂരാടം ,ഉത്രാടം ഇവയിൽ സൂര്യനും, മകയിരം,തിരുവാതിര,പുണർതം ഇവയില് ചന്ദ്രനും വരാവുന്നതാണ്.ഈ കാലത്തുതന്നെ തണുപ്പുതട്ടി മാമ്പൂ വിരിയാനും തളിരുവരാനും തുടങ്ങും.കുയിലുകളുടെ പഞ്ചമരാഗം ആരംഭിക്കും.വസന്തം വരാറായി എന്ന ഉദ്ഘോഷണമാണത്. ഉറങ്ങുന്ന വസന്തന്,കാമൻ എന്നിവരെ, നിളാനദിയേയും സൂര്യനേയും (മിഥുനങ്ങൾ) ഉണർത്താനുള്ള വൈതാളികഗീതംപോലെയാണ് ബ്രാഹ്മമുഹൂർത്തത്തില് ജലദേവതമാരെ ഉണർത്തുന്ന കന്യകമാരുടെ തിരുവാതിരപ്പാട്ട്. ഭൂമിക്ക് ഏറ്റവും പ്രിയപ്പെട്ട മാധവം. ഭഗവാന് ഏററവും പ്രിയങ്കരമായ മാധവമാസം. അതിന്റെ നാന്ദികുറിക്കലാണ് പാവൈനോമ്പ്. അതൊരു ഉർവ്വരതാചടങ്ങാണ്.(fertility rite).ഈശ്വരാനുഭവം പ്രകൃതിയിലൂടെ, ഋതുഭംഗിയിലൂടെ,ഋതുശാന്തിയിലൂടെ ,രാഗസംഗീതത്തിലൂടെ,സൌന്ദര്യലഹരിയായി അറിയാൻ പറ്റിയ മാസം. നദിയിലെ ബാഹ്യസ്നാനത്തോടൊപ്പം ,ജ്ഞാനധ്യാനങ്ങളിലൂടെയുള്ള മാനസസ്നാനവും ചെയ്ത് യോഗിനിമാരായ ഗോപികള് കൃഷ്ണാനുഭവത്തിന് അർഹതനേടുകയാണ്. ഗോകുലം ശ്രീസമൃദ്ധമാണ്.ആത്മായമായ നിർവൃതിയാണ് അവരന്വേഷിക്കുന്നത്. പണമല്ല, ജ്ഞാനമാണവരുടെ ലക്ഷ്യം. നന്ദഗോപനെന്ന കുലമുഖ്യന്റെ പുത്രനായ കണ്ണന് യുവരാജാവാണ്. പക്ഷേ, ഗോപികമാർക്ക് ആവശ്യം യുവരാജാവ് ഉറക്കമുണർന്നാല് തരുന്ന പണമോ സമ്മാനങ്ങളോ അല്ല. അവർക്കറിയാം, നന്ദഗോപന്റെ ഇളംകുമാരനും ,യശോദയുടെ ഓമനയായ ഇളംസിംഹവുമായ, കൃഷ്ണമേനിയും ചുവന്ന ചെന്താമരക്കണ്ണുമുള്ള ഈ കുഞ്ഞ് വെറുമൊരു രാജകുമാരനല്ല,സാക്ഷാൽ ശ്രീമന്നാരായണനാണെന്ന്. അതിനാൽ,അവന്ന് കൈങ്കര്യം (സേവ),ജ്ഞാനം,ഭക്തി,ധ്യാനം,വൈരാഗ്യം എന്നിവ തരുമെന്ന്. ഗുരുവായ നന്ദഗോപസവിധം ചെന്ന് യശോ ദാ (യശസ്സ് തരിക) എന്ന് മന്ത്രം വിനയപൂർവ്വം ഉരുക്കഴിച്ചുവേണം ജലദേവതമാരെ ഉണർത്താനെന്നും. ഉപേയവും (ലക്ഷ്യം) ഉപായവും(മാർഗ്ഗം)നാരായണനാണ്. നാരായണനെ ഒരാള് മനസാ വരിക്കുക (സ്വയംവരം)എന്നതിനർത്ഥം നാരായണൻ ആ വ്യക്തിയെ വരിച്ചുകഴിഞ്ഞു എന്നാണ്. നാരായണൻ കനിയാതെ ,നാരായണന്റെ പ്രസാദം ഇല്ലാതെ, അവനെ വരിക്കാൻ മാത്രമല്ല,സ്മരിക്കാനും കൂടി സാധിക്കില്ല. അങ്ങനെ,നാരായണനാൽ തെരഞ്ഞെടുക്കപ്പെട്ട ആ സംഘം നാരായണനിൽനിന്നുതന്നെ പറൈ (കൊട്ടിപ്പാടാനുള്ള വാദ്യോപകരണം, ധാന്യം അളക്കാനുള്ള ഉപകരണം,കാലം അളക്കാനുപയോഗിച്ചിരുന്ന പറ എന്ന ഉപകരണം, സാമാന്യമായ അർത്ഥത്തില് വരം,പ്രസാദം എന്ന് അർത്ഥങ്ങൾ) വാങ്ങാൻ ഭൂമീദേവിയുടെ അവതാരമായ ഗോദയോടൊപ്പം പോവുകയാണ്. സ്നാനം മാനസസ്നാനവുമാണ്.

രണ്ടാം ദിനം രോഹിണിനക്ഷത്രം

രാഗം പന്തുവരാളി താളം ആദി

<u>മൂലം</u>

വൈയ്യത്തുവാഴ്‌വീർകാൾ,നാമുംനംപാവൈക്കു

ചെയ്യും കിരിശൈകൾകേളീരോ പാർക്കടലുൾ,

പൈയത്തുയിന്റ പരമനടിപാടി

നെയ്യുണ്ണോം പാലുണ്ണോം നാട്ക്കാലൈനീരാടി

മൈയ്യിട്ടെഴുതോം മലരിട്ടുനാംമുടിയോം

ചെയ്യാതനചെയ്യോം തീക്കുറളൈ ചെൻ്റോതോം

അയ്യവും പിച്ചയുമാന്തനൈയും കൈ കാട്ടി

ഉയ്യുമാറെണ്ണിയുകന്തേലോരെമ്പാവായ്

മലയാളം

ഭൂമിയിൽ വാഴ്വോരേ,നമ്മൾ നം പാവയ്ക്കു

ചെയ്യുംക്രിയ കേള്ക്ക,പാലാഴിയിൽ,

പാമ്പുമേൽപള്ളിയുറങ്ങുംപരമൻ്റെ

തിരുവടിപാടിവ്രതമെടുക്കും

നെയ്യുണ്ണാ,പാലുണ്ണാ,കാലയിൽനീരാടി

മൈയെഴുതാ,മലർച്ചൂടുകില്ലാ

ചെയ്യരുതാത്തു ചെയ്യാ,തീവാക്കോതാ

അയ്യവുംപിച്ചയും നൽകുമാർക്കും

പാവൈക്കുനാംവ്രതംചെയ്യുന്നു,സുന്ദരീ

നാടിതൈശ്വര്യസമൃദ്ധമാവാൻ. .

വ്യാഖ്യാനം

ബാഹ്യവും ആന്തരവുമായി ശുദ്ധി ലഭിക്കാൻ കൈക്കൊള്ളുന്ന വ്രതങ്ങള് പറയുന്നു. ഞങ്ങൾക്ക് മറ്റൊന്നും വേണ്ട. ഭഗവദ്പ്രസാദം മാത്രംമതി. അതിന്നു മുദ്രകളായി വ്രതരൂപത്തിൽ,ചിലത് ഉപേക്ഷിക്കയാണ് ഇവിടെ അനുഷ്ഠാനം. ചെറിയ പെണ്കുട്ടികളാണ് വ്രതമിരിക്കുന്നത്. അതിനാൽ അവർക്ക് ഇഷ്ടമുള്ള ചിലതാണ് ഉപേക്ഷിക്കുന്നത്. ഒറ്റനോട്ടത്തിൽ.യോഗനിദ്രയിലുള്ള ഭഗവാൻ്റെ പ്രസാദത്തിനായി ഞങ്ങൾ,പാലും നെയ്യും,കണ്മഷിയും പൂമാലയും ഉപേക്ഷിക്കുന്നു ,ഞങ്ങൾ വേണ്ടാത്തതൊന്നും(ചെയ്യരുതാത്തത്)ചെയ്യില്ല,ചീത്തവാക്ക് പറയില്ല,അയ്യവും പിച്ചയും കൊടുക്കും എന്നൊക്കെ കുട്ടികൾ എടുക്കുന്ന ചില നിശ്ചയങ്ങളെന്നേ തോന്നൂ.പാൽക്കടനില് പാമ്പുമെത്തയിലുറങ്ങുന്ന പരമൻ്റെ അടിപണിഞ്ഞാണ് പാടി വ്രതമിരിക്കുന്നത്. ആ പരബ്രഹ്മത്തോടുള്ള സത്സംഗമാണ് അവർക്കാവശ്യം. സാധന നിർവ്വിഘ്നം നടന്ന് സദ്സംഗം ലഭിക്കണം. സദ്സംഗം ആത്മീയജീവിതത്തിൻ്റെ തുടക്കമാണ്. ഇന്ദ്രിയജന്യ മായ കാമങ്ങളിൽനിന്ന് അകന്നുനിൽക്കാനാണ് സദ്സംഗം. കാമം ഇല്ലാതായാൽ മായയെ ജയിക്കാം.മായ ഇല്ലാതായാലേ ഒരാളുടെ ഇഛാശക്തി പൂർണ്ണനിയന്ത്രണത്തിലാവൂ.ഇവിടെ കാർത്ത്യായനി മഹാമായേ എന്ന് ദുരത്യയയായ മോഹമായയെ നിയന്ത്രിച്ച്,ജയിക്കാനാണ് കുട്ടികളായ ഈ ഭക്തർ അവരുടെ പ്രായത്തിനനുയോ ജ്യമായ മോഹങ്ങളെ സ്വയം ത്യജിക്കുന്നത്. സ്വമേധയാ ഉപേക്ഷിക്കുന്നത്. നെയ്യുംപാലുംഉപേക്ഷിക്കുന്നത് സ്ഥൂലമായ വിശപ്പുകളെ ത്യജിക്കലാണ്.സൂക്ഷ്മമായ വിശപ്പകറ്റൽഭഗവദ്കീർത്തനങ്ങളെ പാടിയിട്ടാണ്. ഈശ്വരാനുഭവംതന്നെ യാണ് ഏറ്റവും അഭികാമ്യമായ അന്നം. അതുലഭിക്കാൻ മറ്റെല്ലാ വിശപ്പുകളും ശമിക്കണം. അതിൻ്റെ ചിഹ്നം ഉപവാസം. ഈശ്വരനാമം സ്മരിക്കുന്നമനസ്സില്,ഈശ്വരനാമം പാടുന്ന ചുണ്ടിൽ,ചീത്തചിന്തകളോ,വാക്കുകളോ ഉദിക്കുകയില്ല. തീക്കു

റൾ വ്രതഭംഗംവരുത്തും. ഈശ്വരനാമം ആവാഹിച്ച ഹൃദയത്തിൽ സ്വാഭാവികമായി പിറക്കുന്നതാണ് കരുണ.ഒരു വൃക്ഷത്തിൽ ഇലകളെന്നപോലെ ,അനായാസമായി കരുണയുള്ള ഹൃദയം അയ്യവും പിച്ചയും കൊടുക്കുന്നു.അയ്യം ചോദിക്കാതെ അറിഞ്ഞുചെയ്യുന്ന ദാനം.പിച്ച ചോദിച്ചുവാങ്ങുന്ന ദാനം. വൈയ്യത്തുവാഴ്വീർകള് എന്ന വിളിയില് ഹൃദയത്തിൽ വസിക്കുന്നവെന്നും അർത്ഥമുണ്ട്. മഹാവിഷ്ണു ഹൃദയത്തിൽ വസിക്കുകയാല് കരുണയുള്ള ഹൃദയത്തോടു കൂടിയവരാണ് വാസ്തവത്തിൽ ജീവിക്കുന്നവര്. മറ്റെല്ലാവരും ജീവിച്ചിരുന്നിട്ടും ജീവിക്കാത്തവരാണ്.ചത്തതിനൊക്കമേ ജീവിച്ചിരിക്കിലും എന്നാണവരൊക്കുറിച്ച് പറയേണ്ടത്.

നമ്പവൈ വ്രതം, നമ്പിയവ വിശ്വാസമുള്ളവ. നം പാവൈ നമ്മുടെ സുന്ദരി (ത്രിപുരസുന്ദരി എന്നും).

സാധനാമാർഗ്ഗത്തില് യോഗികള് ഉപാസനാമൂർത്തിക്കു പൂർണ്ണമായി ആത്മസമർപ്പണം ചെയ്യുന്നു.ശരീരം, മനസ്സ്, ബുദ്ധി,അഹങ്കാരം,ആത്മാവ് ഇവയെ പരമാത്മാവിന് യഥേഷ്ടം പ്രവഹിക്കാൻസജ്ജമാക്കുന്നു.തങ്ങളിൽ പരമാത്മ ചൈതന്യം വൈദ്യുതകാന്തികമണ്ഡലമായി ഉജ്ജ്വലിപ്പിക്കുന്നു.

മൂന്നാം ദിനം മകീരം

രാഗം കേദാരഗൌള താളം ആദി.

<u>മൂലം</u>

ഓങ്കിഉലകളന്ത ഉത്തമൻപേർപാടി

നാങ്കൾനമ്പാവൈക്കുചാറ്റി നീരാടിനാൽ,

തീങ്കിന്റിനാടെല്ലാം തിങ്കൾമുമ്മാരിപെയ്തു

ഓങ്കുപെരുഞ്ചെന്നെല്ലൂടുകയലുകള

പൂങ്കപവളൈപോതിൽപൊറിവണ്ടു കൺപടുപ്പ

തേങ്കാതെ പുക്കിരുന്തു ചീർത്തനുലൈ പറ്റിവാങ്ക

കുടംനിറൈക്കും വള്ളൽപെരുംപശുക്കള്,

നീങ്കാതശെൽവംനിറൈന്തേലോരെമ്പാവായ്

<u>മലയാളം</u>

മൂവുലകും അളന്നവാമനൻപേരുപാടി

ദേവിയെധ്യാനിച്ചുനീരാടിനിന്നാല്

നാടെല്ലാം മാരിപെയ്തു ചെന്നൽവയലിലേ

മീനുകളേറി,പൂവിൽവണ്ടുമുണ്ടു

വീർത്തകിടുനിറെപ്പാലുമായ് ഗോക്കളും

തന്നിടും പൂർണ്ണമാം പാൽക്കുടങ്ങള്,

ഗോകുലത്തിൽ, നന്മ, ശ്രീപെറും ശാശ്വതം

ശ്രീദേവിവാഴുമല്ലോ,സുന്ദരിയേ

വ്യാഖ്യാനം

മാനസസ്നാനം,സദ്സംഗം,ഉപവാസം,ദാനം എന്നിവക്കുശേഷം ഭക്തന്റെ അമൂല്യാഭരണമായ നാമസ്മരണത്തിലേക്ക് പ്രവേശിക്കുന്നു.നാമസ്മരണംകൊണ്ടുഭക്തനുമാത്രമല്ല,ഭക്തൻവാഴുന്ന നാടിനും ക്ഷേമമാണെന്ന് പ്രത്യേകം എടുത്തുപറയുന്നു.ഓങ്കിഉലകളന്ത ഉത്തമൻവാമനനാണ്.പൂർവ്വാഹ്നം,മദ്ധ്യാഹ്നം ,അപരാഹ്നം എന്ന മൂന്നുപാദങ്ങളാൽഭൂർഭുവർസ്വർല്ലോകങ്ങളെ അളന്ന സൂര്യനാമ്. ഭൂമിയുടെ അവതാരമായ ഗോദ തന്റെ നാഥനും രക്ഷകനുമായ കമിതാവിനെ സ്മരിക്കുന്നു. ഗോകുലത്തിൽ വരൾച്ചഉണ്ടായപ്പോഴാണ് ഗോപവധൂജനം കാത്യാനീവ്രതം അനുഷ്ഠിച്ചത്.ഭൂമിയിൽ ധാരാളം മഴപെയ്ത് ,കൃഷിവർദ്ധിച്ച് അന്നവും ജീവനും വർദ്ധിക്കാനാണ് സൂര്യാരാധന. സൂര്യനാരായണപൂജയാൽമഴപെയ്യുമെന്ന് അർത്ഥം. സൂര്യന്റെ ഋതുചക്രമാണ് മഴക്ക് കാരണം.നാട്ടിൽക്ലേശംവരാതെ, ഓരോ തിങ്കളിലും മുമ്മൂന്നുമഴപെയ്ത് സമൃദ്ധമായി,ചെന്നെല്ലുവിളഞ്ഞവയലിൽമത്സ്യങ്ങൾഓടിച്ചാടിക്കളിച്ച് വിരിഞ്ഞതാമര മലരിൽവണ്ടുറങ്ങി പശുക്കളുടെ വീർത്തഅകിടിലെ പാലുകറന്ന് കുടംകുടമായി പാലെടുത്ത് അവസാനിക്കാത്ത ഐശ്വര്യത്താല് ശ്രീ നിറഞ്ഞ് ഗോകുലം സമൃദ്ധമാകണം. ഭൂമി സമൃദ്ധമാവണം.

ആദ്യശ്ലോകത്തിൽനാരായണന്,രണ്ടാം ശ്ലോകത്തിൽ അനന്തശായിയായ പാൽക്കടലിലെ വിഷ്ണു. മൂന്നാമത്തേതിൽ വാമനനായ ത്രിവിക്രമന്റെ നാമം.ഇങ്ങനെ ക്രമത്തിലാണ് സ്തുതിക്കുന്നത്. വാമനാവതാരം ഇന്ദ്രനെ സഹായിക്കുക, ബലിയെ തോൽപ്പിക്കുക എന്ന ഉദ്ദേശം വെച്ചുമാത്രമാണോ. ?

ഒരാൾ തന്റെ സദ്ഗുണങ്ങളെച്ചൊല്ലി അഹങ്കരിക്കുന്നതും അഹങ്കാരമാണ്. വലിയുടെ അഹങ്കാരം അത്തരം ഒന്നായിരുന്നു. ഞാനാണ് ദാനംചെയ്യുന്നതെന്ന് ബലി അഹങ്കരിക്കുന്നു.എന്റാതാണ് ഞാൻദാനം ചെയ്യുന്ന ഭൂമണ്ഡലം മുഴുവനുമെന്നും അഹങ്കരിക്കുന്നു. ഭഗവാനെ ദരിദ്രനായി പിച്ച യാചിച്ച് വരുന്ന വെറും ബ്രാഹ്മണബാലനായി തെററിദ്ധരിക്കുന്നു. ആരാണ് ,ആർക്കാണ് വാസ്തവത്തിൽദാനം ചെയ്യുന്നത്. ? ആരാണ് പിച്ചക്കാരൻ? . ആര് പ്രഭു. ?ഏത് സമ്മാനം ?.സൂര്യനാരായണൻ മനുഷ്യനുതന്ന സമ്മാനം ,പിച്ചയാണ് ഈ ഭൂമി.അത് എന്റേതുമാത്രമെന്ന് മനുഷ്യന് അഹങ്കരിക്കാമോ. ? ഭഗവാൻനമുക്കുതന്ന അയ്യം നമ്മുടെ സദ്ഗുണങ്ങളെല്ലാം. അതെച്ചൊല്ലി അഹങ്കരിക്കണോ. ? ഇത് കാണിച്ചുകൊടുത്ത് ഭക്തനോട് വിനയാന്വിതനായി കർമ്മം ചെയ്ത് തന്നിൽചേരാന് പറയുകയാണ് വാമനാവതാരം. ഭൂമിയിലെ ഓരോ ഋതുവും ഓരോ ദിനവും വരപ്രസാദം.ഇതറിഞ്ഞ് നിഷ്കാമമായി കർമ്മം ചെയ്ത് വിശ്വജിത്തായ എന്നിൽലയിക്കുക,അപ്പോഴാണ് നീ വിശ്വജിത്താവുന്നത് എന്നാണ് മഹാബലിക്കുള്ള സന്ദേശം.

ഭഗവാനൊരു സ്വർണ്ണക്കട്ടിപോലെ അമൂല്യമാണ്.ആനാമവും സുവർണ്ണമാണ്. അവനെ ഇല്ലെന്നുപറയുന്ന നാസ്തികർപോലും നാമസ്മരണത്താൽസംരക്ഷിക്കപ്പെടുന്നുണ്ട്.നാമസങ്കീർത്തനത്താൽഅസുഖംമാറും,അത് മരുന്നാണ് എന്നു പറഞ്ഞാൽ നാമം സ്മരിക്കും(കാര്യസാദ്ധ്യത്തിന്).അമ്മയെ കൊല്ലുന്ന പാപിപോലും കൈപൊള്ളുമ്പോൾ,അമ്മേ എന്നാണ് നിലവിളിക്കുന്നത്,അതുപോലെ. അത്തരക്കാർക്കുപോലും പാപംനീക്കുന്നതാണ് ഭഗവന്നാമം. നാമസങ്കീ ർത്തനം വെറും അലങ്കാരത്തിനല്ല. ദൈവീകമായ ഒരു മാന്ത്രികവലയമാണത്. ഇഹപരസുഖം ഉറപ്പാക്കുന്നതാണ്. ബലിയുടെ കഥ ഒരു ബലപരീക്ഷണകഥയല്ല.ഒരു സാധനയുടെ കഥയാണ്.സാധനയുടെ പാരമ്യത്തിൽ, അഹങ്കാ രമെന്ന വിഘ്നം കൊണ്ട് സാധകന് സാധനാഫലം കിട്ടാതെവരുമോ എന്ന സംശയംവരുമ്പോൾ,ഭഗവാൻ,സ്വയം ഭക്തനുമുമ്പിൽ സ്വരൂപം കാട്ടിക്കൊടുത്ത് അവനെ നേർവഴിക്ക് മുക്തിപദത്തിലേക്ക് നയിക്കുന്നു.ആ കഥയാണ് ബലിയുടെ കഥ.

ഗുരു ശിഷ്യന്റെ മുന്നിൽ കാരുണ്യപൂർവ്വം വന്ന് അവന്ന് അർഹമായ ജ്ഞാനം നൽകുന്നു. അതുപോലെയാണ്, വാമനൻ ബലിയുടെ മുന്നിലെത്തുന്നത്. ചോദിച്ചാലും ഇല്ലെങ്കിലും ഗുരു ഉപദേശംനൽകുന്നു.അത് ഗുരുവിന്റെ കാരുണ്യസ്വഭാവമാണ്.ഓരോ ശിഷ്യനും അവനവന്റെ യോഗ്യതാനുസാരം ഗുരുവിന്റെ ജ്ഞാനസാഗരത്തിലെ

തുള്ളികൾകോരിയെടുക്കുന്നു.പുറത്ത് ഭൂമിയിലെ സസ്യജലസമൃദ്ധി,പശുക്കളുടെ അകിട്ടിലെ പാല് എന്നിവ പറയുമ്പോൾ,ആന്തരികമായി ആത്മജ്ഞാനപരിപൂർത്തി,ആചാര്യസമൃദ്ധി എന്നിവയാണ് ഉദ്ദേശിക്കുന്നത്.ഭൂമി തന്നെത്തന്നെ അറിയുന്നആത്മജ്ഞാനപരിപൂർത്തി സൂര്യരശ്മികളാണ് തരുന്നത്. ഗോ എന്നാൽ വാക്ക്,രശ്മി,പ്രണവം കൂടിയാണ്. പ്രണവമുപദേശിക്കുന്ന ഗുരുപരമ്പര എന്ന വംശപരമ്പരക്ക് അന്നമായി തീരുന്നത് ആത്യന്തികമായി സൂര്യരശ്മിയിലെ ഊർജ്ജവും അന്നവുമാണ്. ഇങ്ങനെ ഇഹപര,ഭൂലോകസുവർല്ലോകങ്ങളുടെയെല്ലാം നന്മക്ക് ഈ സൂര്യസ്പർശം(ആത്മീയത) കാരണമാകുന്നു.

നാലാം ദിനം തിരുവാതിര

രാഗം കാംബോജി താളം മിശ്രചാപ്പ്

മൂലം

ആഴിമഴൈക്കണ്ണാ ഒന്റുനീകൈകരവേല്

ആഴിയുട്പുക്കുമുകന്തുകൊട്ടു ആർത്തേറി

ഊഴിമുതൽവൻഉരുവംപോൽമെയ് കറുത്തു

പാഴിയൻ തോളുടൈ പർപ്പനാപൻകയ്യില്

ആഴിപോൽമ്ന്നി വലംപുരിപോൽനിന്റതിർന്തു

താഴാതേശാർങ്ഗമുതൈത്തചരമഴൈപോല്

വാഴവുലകിനിർപ്പെയ്തിടായ്നാങ്കളും

മാർകഴിനീരാടമകിഴ്ന്തേലോരെമ്പാവായ്

മലയാളം

മഴമേഘക്കണ്ണാ,നീ കടലിലെജലംതേവി

ആർത്തെറിഞ്ഞാദിദേവൻമേനിപോൽകൃഷ്ണമേഘം

കുന്നുപോലെനിന്റെ തോളുപോലെ,പത്മ-

നാഭന്റെകയ്യിലെആഴിപോലെ,വന്നു

മിന്നൽ,വലംപുരിശംഖുപോലേ നാദം

ശാർങ്ഗത്താലമ്പുപോലെ മാരിയും പെയ്തിടുന്നു

ഭൂവാഴ്വുജീവജാലം,മാർകഴിനീരാടാ-

നാനന്ദവുംതരുന്നു,കേൾസഖീ സുന്ദരിയേ.

മൂന്നാം പാസുരത്തിൽഭഗവാന്റെ കരുണാവർഷം ഭൂമിയെ സസ്യസമൃദ്ധമാക്കുന്നു,അന്നപൂർണ്ണമാക്കുന്നു എന്നുപറഞ്ഞു. അതിന്റെ തുടർച്ചയായി ,നാട്ടിലെ ക്ഷാമം ഒഴിവാക്കുന്ന പർജ്ജന്യനെന്ന വർഷദേവനെ ക്ഷണിക്കുന്നു. കാവേരി (കാളി

ന്ദി) നദിയിലെ സുഖശീതളമായ മാർകഴിനീരാട്ടിന് പുഴയിൽജലംവേണം.ജലംകിട്ടാൻ മഴവേണം.മഴമേഘവർണ്ണനായ കണ്ണൻ,കടലിൽനിന്ന് ജലംതേവിമേഘമാക്കി ഭൂമിയിലേക്ക് വർഷിക്കണം.അവൻവർഷിക്കുന്നത് വെറും ജലമല്ല, രാഗ ലയബദ്ധമായഋതുസംഗീതവും,കവിതയും,ചാരുകലകളിലെ ആനന്ദാനുഭവവും ഈശ്വരസ്പർശാനുഭവവും കൂടിയാണ്. ഈശ്വരനും പ്രകൃതിയും മനുഷ്യനുമൊന്നാവുന്ന അദ്വൈതതന്മയതയാൽ,പത്മനാഭമെന്ന നാമത്തിൽഈശ്വരനെ വിളിക്കുന്ന ഈ പാസുരം അതിമനോഹരമെന്ന് പണ്ഡിതാഭിപ്രായം.

ഒരുമാസം മൂന്നുമഴ(തിങ്കൾമുമ്മാരി)അഥവാ,വർഷത്തിൽ36 മഴ(36 രാഗം)തരൂ എന്ന് പ്രാർത്ഥിക്കുമ്പോഴേക്കും ഭഗവാന്റെ കാരുണ്യം പോലെ ചക്രവാളത്തിൽ മഴമേഘം കനക്കുന്നത് കാണുന്നു. വികാരഭരിതരായി ഗോപിമാർആ മേഘത്തോട് പറയുന്നു:- സമുദ്രജലത്തെ ഷ്ടംപോലെ എടുത്ത് നിന്റെ ആകാശസാമ്രാജ്യത്തിലേക്ക് കൊണ്ടുപോയി, പൂർണ്ണതൃപ്തനായി,ഊഴിമുതൽവനായ (ആദിപുരുഷൻ)മഹാവിഷ്ണുവിന്റെ പോലെ കറുത്ത്ബലിഷ്ഠമായ മേനിയും ഗിരിസദൃ ശമായ തോളുപോലെ കനത്ത് രൂപവുമായി(നിംബസ് കുമുലസ് എന്ന മഴമേഘത്തെയാണ് വർണ്ണിക്കുന്നത്) ഞങ്ങൾക്കു മുന്നിലെത്തുക.പത്മനാഭന്റെ കയ്യിലെ ആഴി(ചക്രം)പോലെ മിന്നൽപിണരുകളെ ചൊരിയുക. പാഞ്ചജന്യ മെന്ന വലംപിരിശംഖുപോലെ നാദംമുഴക്കി ശത്രുക്കളെ ഭയപ്പെടുത്തുക.(കാലചക്രത്തിന്റെ വൈദ്യുതകാന്തപ്രസരവും നാദബ്രഹ്മത്തിന്റെ പ്രണവസംഗീതവും ഒപ്പം പ്രസരിക്കുന്നു)ഭക്തരെ ആനന്ദിപ്പിക്കുക.ശാർങ്ഗധനുസ്സിലെ ശരമാരിപോ ലെ മഴപെയ്ത് ഞങ്ങളെ മാർകഴിനീരാട്ടിന്റെ ആനന്ദം അനുഭവിപ്പിക്കുക.

ഗുരു വർഷകാലമേഘമാണ്.ഭഗവാൻ അർഹരായ ഭക്തർക്കുമുന്നിൽ,ഗുരുരൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്.ഒരു ഗുരുവിനെ അയക്കുന്നു,അല്ലെങ്കിൽ,ദൂതനെ അയക്കുന്നു.ഉദ്ധവനെ രാധയുടെ അടുത്തേക്ക്. ഹനുമാനെ സീതയുടെ അടുത്തേക്ക്. കണ്ണന്റെ കനിവായി വർഷമേഘം(പർജ്ജന്യൻ)ഈ ലക്ഷണങ്ങളോടെ ഋതുതോറും മുടങ്ങാതെ ഭൂമി യിലെത്തുന്നു.യോഗിയെ സംബന്ധിച്ച്,അപൂർവ്വദർശനങ്ങളും യോഗാനുഭൂതികളുമായി തിങ്കൾമുമ്മാരിപോലെ കൃത്യമാ യി തന്നെ തേടിവരുന്നത് ഈ കരുണാവർഷമാണ്.രസസാഗരമാണ്.ഗുരു കരുണാസാഗരമാണ്, രസസാഗരമാ ണ്, ജ്ഞാനസാഗരമാണ്.ബ്രഹ്മാനുഭൂതി അഥവാ സംവിത്സാഗരവുമാണ്. കരുണ,ജ്ഞാനം,രസാനുഭവം, ബ്രഹ്മാനുഭ വം എന്നിവക്കായി തപംചെയ്യുന്ന യോഗി ,അവതന്നെയായി മാറുന്നതിന്ന് (തന്മയത)ലഭിക്കുന്ന ദർശനങ്ങളാണവ. വേദങ്ങളിൽബ്രഹ്മർഷി വരുണനെ സർവ്വജ്ഞനെന്നു വിളിക്കുന്നു.സാഗരങ്ങൾ വരുണന്റെ കുക്ഷിയാണ്.അവൻഒരു കൊച്ചുജലകണത്തോടും തന്മയീഭവിക്കുന്നു.പരയും അപരയുമായ വിദ്യകളുടെ സാഗരമായ ഗുരു,സർവ്വജ്ഞപുരുഷനാ യ ഈശ്വരനു തുല്യമാണഅ.ഒരൊറ്റ വാക്കിൽ ആ കൃപാനിധി സർവ്വവിജ്ഞാനവും വിവേകവും നൽകുന്നു.ഒരൊറ്റ ദർശനത്തില് ശിഷ്യന് സർവ്വജ്ഞത്വം നൽകുന്നു.പരമഗുരുവിന്റെ ലക്ഷണമായ കരുണയെ ഇവിടെ പ്രകീർത്തിക്കുന്നു. ഭക്തന് ശീഘ്രദർശനം നൽകാനുള്ള കാരുണ്യം ഗുരുവിലുണ്ട്.വേദോപനിഷത്സാഗരത്തിൽമുങ്ങിമുത്തെടുത്ത ഗുരു ലളിതജീവിതത്താലും മധുരവാക്കുകളാലും എല്ലാവർക്കും അതിന്റെ സന്ദേശമെത്തിക്കുന്നു.കറുപ്പ് (ശ്യാമം)ആഴമേറിയ സാഗരത്തെ സൂചിപ്പിക്കുന്നു.ആഴി അളക്കാനാവാത്ത കാലചക്രവുമാണ്,സാഗരവുമാണ്.ഗുരുവിന്റെ വിദ്യ ആർക്കും അളക്കാനാവാത്തതാണ്.ത്രികാലജ്ഞാനത്തിന്റെ മറുകരകണ്ട ജ്ഞാനമാണത്.ആ തുരീയജ്ഞാനചക്രം ഗുരുഹൃദയ ത്തിൽ യോഗയോഗേശ്വരദർശനമായി,മുദ്രിതമായിരിക്കുന്നു.അവസാനിക്കാത്ത പാഞ്ചജന്യശംഖനാദമായി (പഞ്ചഭൂത ജന്യം) പ്രണവം ത്രികാലത്തിലും സർവ്വചരാചരത്തിലും സർവ്വപ്രകൃതിയിലും മുഴക്കിയാണ് ആ പത്മനാഭന്റെ യോഗനി ദ്ര പോലും. സംഗീതവും സാഹിത്യവും രസ,ബ്രഹ്മാനന്ദവും ആരുയിർമരുന്നായി ,മഴയായി ശരമാരിപോലെ വർഷിക്കു ന്ന ആ ശാരംഗ(സാരംഗ)പാണി വരണ്ട ഹൃദയത്തിലും ഭൂമിയിലും വർഷ(ഹർഷ)ബിന്ദുക്കൾതൂകുന്നു.ആദിമമനുഷ്യനും ആദിമഋഷിയും ആദിമമായ എന്തും കരിംപച്ചനിറംകലർന്ന ഈ ഭൂമിപോലെ ,അഗാധസാഗരം പോലെ, വർഷമേഘം പോലെ കറുത്തതാണ്. ഭൂമിപുത്രിയായ ഗോദ അതും നമ്മോട് ഈ പാസുരംവഴി പറയുന്നു. എങ്ങും ഈശ്വരത്വം മാത്രം കാണുന്ന ഉയർന്ന സാധനാതലത്തിലാണ് ഗോപികള് ഈ പാസുരംപാടുമ്പോള്. കൃഷ്ണൻപുറത്തല്ല,അഗാധമായ വിജ്ഞാനവും അവർണ്ണനീയമായയോഗാനുഭവവും രസാനുഭൂതിയും നിറഞ്ഞ പരിശുദ്ധമായ മനസ്സിലാണ് ഇപ്പോള് കരുണാവർഷമായി അവൻപെയ്തിറങ്ങുന്നത്. ഈ തന്മയതയിൽ സാധകഹൃദയം ഭഗവദ്ഹൃദയം തന്നെയായിത്തീരു ന്നു.

അഞ്ചാംദിനം പുണർതം

രാഗം തോഡി ആദിതാളം

മൂലം

മായാനൈമന്നുവടമതുരൈമൈന്തനൈ

ത്തുയപെരുനീർയമുനൈത്തുറൈവനൈ

ആയർകുലത്തിനിൽതോന്റുംഅണിവിളക്കൈ-

ത്തായൈക്കുടൽവിളക്കുചെയ്തതാമോതരനൈ

ത്തുയോമായ്വന്തുനാം ത്തുമലർത്തുവിത്തൊഴുതു

വായിനാർപ്പാടിമനത്തിനാൽചിന്തിക്ക

തീയിനിൽത്തുശാകുംചെപ്പേലോരെംപാവായ്

മലയാളം

മായോനെ,തെന്മധുരാപുത്രനെപ്പാണ്ഡ്യനെ-

പാവനയമുനാതീരവിഹാരനെ

ആയർകുലത്തുദിച്ച ശ്രീമണിവിളക്കിനെ-

ത്തൂമലരർച്ചിച്ചു,ത്തുയമനസ്സിനാൽ,

തായുദരത്തിലേമാനവനായ്പിറന്ന

ദാമോദരനെയുംധ്യാനിച്ചുപാടിയാൽ

പോയപിഴകളും ഇനിവരുംവിനകളും

തീയിലേത്തുശുപോലെപോമെന്റെസുന്ദരീ,ചൊൽ

വ്യാഖ്യാനം:-

ശ്രേയാംസി ബഹുവിഘ്നാനി. ശ്രേയസ്സിനുള്ള വിഘ്നങ്ങൾ പൂർവ്വകർമ്മങ്ങളാണ്.അവയെക്കുറിച്ച് ചിന്തിച്ച് ഇനി സമയം കളയേണ്ടതില്ല.അവയെല്ലാം ഭഗവദനുഭവം(തന്മയത)ഉണ്ടാവുമ്പോൾ താനേ നമ്മിൽനിന്ന് ഒഴിഞ്ഞുപോകുന്നു. രാജകീയഗാംഭീര്യവും ഗ്രാമീണലാളിത്യവും തമ്മിലുള്ള ഒരു സമഞ്ജസസമ്മേളനമാമ് കൃഷ്ണകഥ.അതിൽഏറ്റവും മധുര ഭക്തിയും അതിഗംഭീരമായ തത്വചിന്തയും വൈരുദ്ധ്യംകൂടാതെ കോർത്തിട്ടുണ്ട്.ശുദ്ധമായമനസ്സ്,ആത്മാർത്ഥമായി ഭഗവന്നാമകീർത്തനംപാടാനും മനനംചെയ്യാനും സന്നദ്ധത,ഇതേ വേണ്ടൂഎല്ലാപാപവും തീയിൽപഞ്ഞിപോലെയോ ഉണങ്ങിയ ഇലപോലെയോ കരിഞ്ഞുപോകും.മഥുരയുടെ നാഥനായ പാണ്ഡ്യൻ,മായാവിയായ ഈശ്വരൻ,യമുനാതീരത്ത് കേളിയാടിവിഹരിച്ച ലീലാലോലൻ,ഗോകുലത്തിൽഉദിച്ച മണിദീപം,ഇങ്ങനെ ഗ്രാമവും നഗരവും ഒന്നാക്കിയ,സ്വർഗ്ഗവും ഭൂമിയുമൊന്നാക്കിയ,ദേവനേയും മനുഷ്യനേയുമൊന്നാക്കിയ,ത്രിഗുണങ്ങളുടെ സാമ്യമായ സാമവേദംതന്നെയായ ഭഗ

വാന്റെ മധുരഭാവവും പരമവ്യോമഭാവവും ഇവിടെ പറയപ്പെടുന്നു. നിർഗ്ഗുണവും സഗുണവുമാമ് ആ ഭാവം.അമ്മയുടെ ഉദരത്തിൽ മനുഷ്യശിശുവായി വന്നുശയിച്ച്,പുത്രനായിപ്പിറന്നു പരബ്രഹ്മം. അമ്മക്ക് വായിൽ ബ്രഹ്മാണ്ഡം കാണിച്ചു കൊടുത്ത് അമ്മയെ വിസ്മയിപ്പിച്ചു ആ ലീലാലോലൻ.ദാമോദരകൃഷ്ണനെന്ന പേര് ഇവിടെ ഉപയോഗിക്കുന്നത്,ഭഗവാൻ സുദുർല്ലഭനെങ്കിലും വാത്സല്യമുള്ളവർക്ക് വഴിപ്പെടുകയാല് സുലഭനുമാണെന്ന് കാണിക്കാനാണ്.ശ്രീരംഗനാഥൻ ഗർഭ ഗൃഹത്തിൽ ദാമോദരകൃഷ്ണനും ഉത്സവമൂർത്തി രത്നപാദുകംധരിച്ച ശ്രീരാമനുമാണെന്ന് ഓർക്കുക.യോഗികൾക്കുപോലും അപ്രാപ്യനായ അവിടുന്ന് വാത്യല്യപാശമെടുത്ത അമ്മക്ക് ഉരലിൽപിടിച്ചുകെട്ടാന് പാകത്തിന് നിന്നുകൊടുക്കുന്നവ നുമാണ്. കൃഷ്ണന്റെ തീർത്ഥപാദം പതിച്ച ഓരോ ഭക്തഹൃദയവും പാപമകന്ന് വൈകുണ്ഠവും ഗോലോകവും മഥുരയും ഗോകുലവും ആയിത്തീരുന്നു.ആനന്ദാമൃതമൊഴുകുന്ന ആ മാനസസരസ്സിൽപരമഹംസമായി ഭഗവാന് വിഹരിക്കുന്നു. യമുന(വിരജാ)യുടെ സപ്തസിന്ധുക്കൾ (സപ്തസ്വരം,വർണ്ണം,ഋഷി)അവിടെ മേളിച്ച് മക്കളായി കേളിയാടുന്നു.മായോന്റെ മായ മറ്റുള്ളവർക്ക് ദുരത്യയയെന്നാലും ഇത്തരമൊരു ഭക്തന് ഗോക്കുളമ്പിലെ ജലംപോലെ എളുപ്പം കടക്കാവുന്നതാ ണ്.ഭക്തിയുടെ കൂട്ടിലെ ഓങ്കാരഞ്ജരശുകമായി ഭഗവാൻഭക്തഹൃദയത്തിലിരുന്ന് സദാ ദർശനം തരുന്നു.നമ്മോട് സംവദിക്കുന്നു.ഇവിടെ,സ്നാനം ത്രികരണശുദ്ധിയുടെ ത്രിവേണീസ്നാനമാണ്.വാക്ക്,മനസ്സ്,പ്രവൃത്തി മൂന്നും ശുദ്ധമാകലാ ണ്.കാരുണ്യം,ജ്ഞാനം,സമ്പൂർണ്ണആത്മസമർപ്പണം(ഭക്തി)ഇവയോടെ ഭഗവന്നാമം കേൾക്കുക,പറയുക, ചിന്തിക്കുക, ഭക്തിപൂർവ്വം സങ്കീർത്തനംചെയ്യുക.ഇതാണ് പരിശുദ്ധിക്ക് ആവശ്യമായ പ്രക്രിയ. ബാഹ്യലോകത്താൽ സ്പർശിക്ക പ്പെടാതെ ഏകയായി,അചലയായി,ധാരണാധ്യാനങ്ങളാൽഭഗവാനുമായി തന്മയത നേടിയാല് ഒരു പൂർവ്വകർമ്മ ഫലവും നമുക്ക് വിഘ്നമായി നിൽക്കുകയില്ല.വിഘ്നങ്ങൾ തീർന്നു.അടുത്ത പാസുരം മുതൽഭഗവാന്റെ ക്ഷീരോദധിയിലെ ഓങ്കാരധ്വനി കേൾക്കുകയായി.

ആറാംദിനം പൂയം

രാഗം ബൌളി.താളം ഖണ്ഡചാപ്പ്.

<u>മൂലം</u>

പുള്ളും ചിലമ്പിനകാണ്,പുള്ളരൈയൻകോയില്

വെള്ളൈവിളിശംഖിൻപേരാരവംകേട്ടീലയോ

പിള്ളായ്,എഴുന്തിരായ് പേയ്മുലൈനഞ്ചുണ്ടു

കള്ളച്ചകടംകലക്കഴിയക്കാലോച്ചി

വെള്ളത്തരയിൽതുയിലമർന്തവിത്തിനൈ

ഉള്ളത്തുക്കൊണ്ടുമുനിവർകളും യോഗികളും

മെള്ളവെഴുന്തറിയെന്റ പേരാരവം

ഉള്ളം പുകുന്തുകുളിർന്തേലോരെമ്പാവായ്

<u>മലയാളം</u>

പുള്ളും ചിലമ്പി,പുള്ളരചൻകോവിലിലെ

വെള്ളനിറശംഖിന്റെ നാദവുംകേട്ടില്ലയോ

പൂതനമാറിലെനഞ്ചുണ്ടകണ്ണന്,ചെറുകാലാൽ

കള്ളശ്ശകടത്തെത്തരിയാക്കിമാറ്റിയോൻ

വെള്ളത്തിൽനാഗത്തിൽപ്പള്ളിയുറങ്ങിയോന്

മുനിയോഗിമാരുള്ളിലെന്നുംനിറച്ചവൻ

വെള്ളകീറിയെന്നാകോവിലിലാരവം

ഉള്ളിലുണർന്നെഴുനേൽക്കുനീ,സുന്ദരീ

വ്യാഖാനം

വ്രതാനുഷ്ഠാനത്തിനായി കൂട്ടുകാരികളെ വിളിച്ചുണർത്തുന്നു. പ്രകൃതി ഈശ്വരധ്യാനത്തിനായി ഉണർന്ന ബ്രാഹ്മമുഹൂർത്തമായി.നീയും പരമാത്മാവിന്റെ വിളി കേട്ടുണരുക എന്ന് മറ്റൊരു ജീവാത്മാവിനെ തട്ടിയുണർത്തുന്ന ഗുരുവിന്റെ അദ്ധ്യാപനം ഓരോ ഗോപികയും ആരംഭിക്കുന്നു.പുള്ളുകളെല്ലാം ചിലച്ചു.പുള്ളിന്റെ(ഗരുഡന്റെ) നാഥനായ വിഷ്ണു പള്ളികൊള്ളുന്ന കോവിലിലെ തൂവെള്ളശംഖിന്റെ മുഴക്കമുള്ളനാദം കേൾക്കുന്നില്ലേ. ഉത്തിഷ്ഠനരശാർദ്ദൂലാ കർത്തവ്യം ദൈവമാഹ്നികം എന്ന നാരായണന്റെ സുപ്രഭാതസേവക്കുള്ള വിളിയാണത്.ഏയ്,കുട്ടികളേ എഴുനേൽക്കൂ എന്ന് സഖിമാരെ (ശിഷ്യരെ) വിളിച്ചുണർത്തുന്നു. പൂതനയുടെ മാറിലെ വിഷംകുടിച്ച അമൃതസ്വരൂപം,അമൃതംവഹിച്ച വൈദ്യനാഥനായ പുള്ളുന്റെ (ഗരുഡൻ) നാഥൻ,കള്ളനായ ശകടാസുരന്റെ കള്ളത്തരം നശിപ്പിച്ച് അവനെ നുറുനുറായി നുറുക്കിയ കുഞ്ഞിക്കാലിന്റെ ഉടമ,ജലോപരി അറത്തിൽ(,ധർമ്മം,നാഗം,അനന്തൻ) പള്ളികൊള്ളുന്ന വിത്ത് അഥവാ പ്രപഞ്ചബീജം, അവനെയാണ്,ആ പാദത്തെയാണ് ദിനവും യോഗികളും മുനിമാരും ഉള്ളത്തിൽവെച്ച് സാക്ഷാത്കരിക്കുന്നത്.അവന്റെ നാമമാണ് അവരെല്ലാം പാടുന്നത്.(പക്ഷികളും,ശംഖും,മുനിമാരും യോഗികളും) വേദത്തി ൽസൂര്യനെനോക്കി മാംപ്രതി എന്ന് ഓരോ ജീവനും പാടുന്നു.ആ ഹരിനാമം അവന്റെ കോവിൽശംഖും പാടുന്നു.വെളുത്തശംഖ് പരിശുദ്ധിയുടെ ലക്ഷണമാണ്.ഹരി കുടിയിരിക്കുന്ന ഹൃദയംപരിശുദ്ധമാണ്.അത് പാടുന്നതും പറയുന്നതും മനനംചെയ്യുന്നതും പരിശുദ്ധം.ബ്രഹ്മാനുഭവവൃക്ഷം അതിന്റെ ഫലംതരാൻതുടങ്ങിയിരിക്കുന്നതിന്റെ ആദ്യലക്ഷണം ഈ ഉദയം(ഉണർച്ച) തരുന്ന നാമസങ്കീർത്തനാരവം.അതിന്റെ മുദ്ര കിളിക്കൊഞ്ചലാണ്.ആദ്യം ഉണരുന്നവരാമ് കിളികൾ.പ്രഭാതത്തിന്റെ ആദ്യരശ്മിയോടൊപ്പം ഉണർന്നവർ.ആദിമഗുരുക്കൾ.പുള്ളുകളുടെ (ആദിഋഷിമാരുടെ) രാജാവായ ഗരുഡന്റെ അമൃതകണം അവന്റെ നാഥനായ വിഷ്ണുവിന്റെ ആനന്ദപ്പാലാഴി കടഞ്ഞെടുത്ത സുകൃതഫലം.അമൃതരസാനുഭവംകൊണ്ട് ആരോഗ്യവുമുണ്ടാവും ,ആനന്ദവുമുണ്ടാവും.മാർകഴിനാരാട്ട് ആനന്ദവും അന്നവും ശ്രേയസ്സും പ്രേയസ്സും,ആരോഗ്യവും തരുന്നു.

സുപർണ്ണശ്യേനം (ഗരുഡൻ) വേദമാണ്.യജ്ഞമാണ്.യജ്ഞത്തെ വാഹനമാക്കിയ യജ്ഞപുരുഷനാണ് മഹാവിഷ്ണു.ഗരുഡന്റെ കണ്ണ് ഗായത്രിയും ശിരസ്സ് ത്രിവൃത്തും നാമങ്ങൾയജ്ജുർവ്വേദമന്ത്രങ്ങളും കാലുകൾഛന്ദസ്സുകളും കുളമ്പുകൾഋതിക്കുകളുടെസ്ഥാനവും ശരീരം വാമദേവ്യവും,ചിറകുകൾ ബൃഹതിയുംരഥന്തരവും,പുഛം യജ്ഞായജ്ഞീയവും ആത്മാവി സ്തോമവുമാണ്. ഗരുഡൻസാമവേദംതന്നെയാണ്എന്ന് വേദാന്തദേശികൻ.ഈ സാമവേദത്തിന്റെ അമൃതത്വശക്തിയാണ് രാഗചികിത്സയുടെ ആധാരവും.സാമവേദമായ വിഷ്ണുവിന്റെ അമൃതത്വശക്തിക്ക് വിഷത്തെപ്പോലും അമൃതാക്കാം(പൂതനാകഥ) കടകടാശബ്ദമുണ്ടാക്കുന്ന ശകടംപോലുള്ള സംസാരത്തിന്റെ വഴിയിൽപോകുന്ന ശബ്ദായമാനമായ വൈഷയികമനസ്സിനെ ,അപൂർവ്വനാദലയയോഗത്താല് നിഷ്പ്രയാസം മൌനം(ധ്യാനസമാധി) അഥവാ വിശ്രാന്തിയിലെത്തിക്കാം.അങ്ങനെ മെല്ലെ എഴുന്നേറ്റ്,ഹരി എന്ന പുണ്യനാമം ഉച്ചരിച്ച് പാടുമ്പോൾ,മറ്റുള്ളവരുടെ മൌനധ്യാനത്തെ അനാവശ്യമായി മുടക്കരുത്.മുഖസ്തുതിയോ നിന്ദയോ ഹരിനാമത്തിന്റെ മൌനവിശ്രാന്തിയിൽ ലയിച്ചവരെ ബാധിക്കുന്നില്ല.നമ്മുടെ ശാന്തികൊണ്ട് മറ്റുള്ളവർക്കും സ്വാഭാവികമായി അത് അനുഭവപ്പെടുന്നു.പ്രഹ്ളാദനെ പർവ്വതത്തിൽനിന്നുതാഴെയിട്ടപ്പോള് നെഞ്ചിൽകൈവെച്ച്,എന്റെ ഉള്ളിലിരിക്കുന്ന ഹരിക്ക് നോവരുതേ എന്നാണ് പ്രാർത്ഥിച്ചത്.ഓരോഗോപികയും തന്റെ ഉള്ളിലെ ഹരിയെ നോവിക്കാതെ,അതിന്റെ വിശ്രാന്തിഭാവത്തെ

ശബ്ദങ്ങളാൽമുടക്കാതെ,മൌനമായി,പ്രസാദമധുരമായി,അജപമായി അവന്റെ നാമം മനനം ചെയ്യുന്നു.മന്ദ്രമായി മധുരമായല്ലാതെ ,മൃദുസ്വരത്തിലലല്ലാതെ ഹരിനാമം അവരുച്ചരിക്കുന്നില്ല,പാടുന്നില്ല. ആരെയും നോവിക്കാതെ,എല്ലാവരേയും സ്നേഹിച്ച് എല്ലാവർക്കുമായി പ്രാർത്ഥിച്ച് ലോകത്തിന്റെ മുഴുവനും സുഖത്തിനായി ഹരിനാമം പാടുന്നു,മാർകഴിവ്രതം അനുഷ്ഠിക്കുന്നു.ഇത് മിസ്റ്റിസിസത്തിന്റെ വഴിയാണ്.സംഗീതത്തിന്റെ വഴിയാണ്.രാഗചികിത്സയുടെ ബീജമാണ്,ബീജമന്ത്രമാണ്.(വെള്ളത്ത് അരവിൽ തുയിൽഅമർന്ത വിത്ത് എന്ന പ്രയോഗം).

ഏഴാംദിനം ആയില്യം

രാഗം വലചി താളം ആദി

മൂലം

കീച്ചുകീച് എന്റുഎങ്കും ആനൈച്ചാത്താൻകലന്തു

പേചിനപേചാരവംകേട്ടിലയോ പേയ്പെണ്ണേ

കാച്ചുംപിറപ്പുംകലകലപ്പകൈപേർത്തു

വാചനറുങ്കുഴലായ്ച്ചിയർമത്തിനാല്

ഓചൈപ്പടുത്ത തയിരാരവംകേട്ടീലയോ

നായകപ്പെൺപിള്ളായ്,നാരായണൻമൂർത്തി

കേശവനൈപ്പാടവും നീകേട്ടേ കിടത്തിയോ

ദേശമുടൈയായ് തിറവേലോരെമ്പാവായ്

മലയാളം.

കീച്ചെന്നാനച്ചാത്തന്മാരൊന്നിച്ചുപേശിടും

പേച്ചുകേട്ടില്ലേ,ഭ്രാന്തിപ്പെണ്ണേ,നീ കേട്ടോ നാദം

കാശവതാരംകൊത്തുവളകൾകിലുങ്ങവേ

തൈർക്കലംകടയുന്നു,വാസനക്കുഴലിമാർ

നായകന്നരുമനീ നാരായണൻമൂർത്തി

കേശവനെപ്പുകഴുംപാട്ടുകൾകേട്ടില്ലേ

ദേശനായകീ വാതിൽതുറ,നിന്മുഖംകണ്ടു

നിറയട്ടെയീമനം,സുന്ദരിപ്പെണ്മണിയേ

വ്യാഖ്യാനം

ഭ്രാന്തിപ്പെണ്ണേ,എങ്ങും കീച്,കീച് എന്ന് ആനച്ചാത്തൻപക്ഷിപോലെ കാണ്ണ് എന്ന പുരോഹിതന്റെ കൂട്ടുകാർവേദമന്ത്രം (ഹരിനാമം)ഉച്ചരിക്കുന്ന ശബ്ദം നീ കേട്ടില്ലേ. (ആനച്ചാത്തനെന്നത് ഭരദ്വാജഗോത്രക്കാരുടെ പേരുമാണ്.)കാശുമാല യും പിറപ്പ്(അവതാരം)കൊത്തിയ വളകളും കിലുങ്ങുമാറ് ,സുഗന്ധംപൊഴിക്കുന്ന മുടി അഴിച്ചിട്ട് (കുളികഴിഞ്ഞ്) കട കോൽശബ്ദത്തോടെ തൈർക്കലം കടയുല്ല നാദം നീ കേട്ടില്ലേ. അവരൊക്കെ ഉണർന്ന് ഹരിസേവ തുടങ്ങിക്കഴിഞ്ഞു. നീ നായകന്റെ നായികയാണ്.എന്നിട്ടും ആ നാരായണമൂർത്തിയായ കേശവനെ പുകഴ്ത്തി സ്തുതിപാടുന്ന നാദവും കേ ൾക്കാത്തതെന്ത്.വാതിൽ തുറനാനാലും. ദേശത്തിന് ഉടമയായ നായകന്റെ രാജ്ഞീ,പ്രസാദമധുരമായ നിന്റെ മുഖദ ർശനം തരു.

ഭരദ്വാജപ്പക്ഷികളുടെ പരസ്പരം കൊക്കുരുമ്മിയ സംഭാഷണം നൈമിശാരണ്യത്തിലെ ആത്മീയസംവാദമായും, ഋഷിമാ ർതാന്താങ്ങളുടെ സ്വാനുഭവങ്ങള് സമാനഹൃദയരും സമാനയോഗാനുഭവംഉള്ളവരുമായ മറ്റുഋഷിമാരോടും ശിഷ്യരോ ടും പറയുന്നതായും സങ്കൽപ്പിക്കുന്നു.ഇങ്ങനെ ഈശ്വരാനുഭവം പറയുന്നത് മറ്റുള്ളവർക്ക് അതിൽനിന്ന് പ്രചോദനം ഉണ്ടാവാനാണ്.ജ്ഞാനയോഗികൾ തങ്ങളുടെജ്ഞാനവും അനുഭവവും പങ്കുവെക്കുന്നതുവഴി സംസാരജീവിതത്തിലുള്ള വർക്കും ആത്മസമർപ്പണത്തിന് വഴിയൊരുക്കുന്നു. ഇവിടെ ജ്ഞാനയോഗികളുടെ ശബ്ദമാണ് ആനച്ചാത്തന്റെ ശബ്ദം.

ആഭരണങ്ങളിൽപോലും ദശാവതാരവും രാമാവതാരവും കൃഷ്ണാവതാരവും കൊത്തി ആന്തരവും ബാഹ്യവുമായി നായകനായ വിഷ്ണുവിന്റെ കഥകൾമുദ്രിതമായ സംസാരികളായ സ്ത്രീകളാണ് നായികാനായകഭാവത്തിന്റെ മധുര ഭാവധ്വനിയും മുദ്രയും. കുളികഴിഞ്ഞു ഉണക്കാനഴിച്ചിട്ട ഈറനുടിയിൽനിന്ന് വാസനകളുടെ (പൂർവ്വജന്മശുഭ വാസന, സുഗന്ധം എന്ന് രണ്ടർത്ഥം)അനുഭവസമ്പത്താണ് ചാരുകലകളായി പരക്കുന്നത്. കേശവൻമുടിയഴിച്ചിട്ട് ആടവേ, കൈശികിവൃത്തി ഉണ്ടായി. പാൽക്കടലിലുണ്ടായ മോഹിനി അമൃതമഥനകശയോടു ബന്ധപ്പെട്ടവളാണ്.അവളുടേതാ ണ് കൈശികീവൃത്തി.പാൽക്കടലില് മന്ഥരപർവ്വതത്തെ മത്താക്കി,വാസുകിയെ കയറാക്കി,ഭഗവാനെടുത്തത് അമൃ തം. ഇവിടെ അതേ കർമ്മം യാദവസ്ത്രീകളും ചെയ്യുന്നു.തൈരുകടഞ്ഞ് അവരെടുക്കുന്നത് കണ്ണന് ഏറ്റവും ഇഷ്ടമായ അമൃതസദൃശമായ വെണ്ണ. വെണ്ണ കുട്ടികൾക്കുകൂടി പ്രിയങ്കരമാണ്. എളുപ്പം ഇറക്കാം,എളുപ്പം ദഹിക്കും,രുചികരമാണ്, പോഷകാഹാരമാണ്,മധുരരസവുമാണ്.ജ്ഞാനികൾക്കുമാത്രമല്ല,എല്ലാവർക്കും അതനുഭവിക്കാം.സുകുമാരകലകളും വെണ്ണയും ഇക്കാര്യത്തിൽ സദൃശമാണ്. നാരായണന്റെ പരമവ്യോമഭാവം ജ്ഞാനികളുടെ ആത്മീയസംവാദം.അത് നിഗൂഢം,നിരാകാരം,ഭരദ്വാജികളായ ആനച്ചാത്തന്മാരുടെ വേദമന്ത്രോച്ചാരണം. നായികാനായകമധുരഭാവം ഗോപി കമാർതൈരുകടയുമ്പോളത്തെ കൈശികീവൃത്തി,സഗുണം,സാകാരം.കേശവനാമസങ്കീർത്തനത്തിലെ കാന്തിയും മധുരവും.

ഇതുരണ്ടും ചേർന്നാണ് കേശവാ,നാരായണാ എന്ന രണ്ടുനാമംപാടി ദേശത്തിനുമുഴുവനും(14 ലോകത്തിനും) സ്വാമിയായ ഭഗവാന്റെ സ്വാമിനിയായ ദേവിയെ ഉണർത്തുന്നു.ഏകമായ നാരായണമൂർത്തിയുടെ അനേകത്വമാണ് കേശവരൂപം. അനേകത്വം പലതുണ്ട്,രണ്ടുണ്ട് എന്ന ഭ്രമമാണ്,മായയാണ്.അതിനെ നശിപ്പിച്ച് ഏകത്തിൽ ലയിക്കലെന്ന തന്മയത, ജീവാത്മപരമാത്മലയനം സംഭവിക്കണം. സംഘകാലകവിയായ കടുവൻ ഇളവയിനനര് സംഖ്യകളെ 1 മുതല് 10 വരെ ദശാവതാരമായി എണ്ണി,പിന്നീട് 100 കൈകളുള്ള രൂപം,1000 കൈകളുള്ള രൂപം(ഇത് വൈദികജ്ഞാനംകൊ ണ്ടേ ഗ്രാഹ്യമാവൂ) അനന്തം കൈയുള്ളരൂപം (മഹാപത്മം മുതലായ സംഖ്യകളാലും കൂടി എണ്ണാനാവാത്തത്) ഇങ്ങനെ എണ്ണുന്നു.

1

10

100

1000

10000...

....

1000000000000000000000000000000000000000000000000000000000............

കേശവനെ ഒരുമുടിനാരിഴയിൽനിന്ന് അനന്തം മധുനാഡികളായി ജനിച്ച ത്രികാലത്തിലുമുള്ള ജീവാത്മസഞ്ചയമായി ക്കണ്ട് ,എല്ലാത്തിലും ഈശ്വരചൈതന്യം ദർശിക്കണം. പിന്നെ ,ഭേദഭാവനകളുണ്ടാവില്ല.അവനവൻമാത്രമാണ് വലു തെന്ന അഹങ്കാരം സമൂഹത്തിന് ഹാനികരമാണ്.

ഗൊപ്പനകണ്ടനികൊന്നി കുന്തളംബുല്യ ചെക്കല നൃത്യംബുസെയുവനി(മുടിച്ചുരുളുകൾ കവിളിൽപാറിവീണ്, മയിൽപ്പീ ലികൾആടുന്ന നൃത്തരൂപം ഭുവനമോഹനമായ നടവേഷമാണ്).ഇത് സഗുണരൂപം. പക്ഷേ എളുപ്പം ഗ്രഹിക്കാം. ശ്രുത്വാ ൻഗുണാൻഭുവനസുന്ദര . രുഗ്മിണീദേവി ഭഗവാനിൽ അനുരാഗവതിയായത് ആ ഗുണങ്ങളെക്കുറിച്ച് കേട്ടിട്ടാണ്. ഞങ്ങ ൾ പാടുന്ന നാരായണമൂർത്തിയുടെ കേശവനാമം കേട്ട്, മനസ്സിലും വാക്കിലും ആ ഭുവനമോഹനമൂർത്തിയുടെ നാട്യനാ രായണരൂപം കൊത്തിയ ദേവീ,സർവ്വദാ അവന്ന് അനുരൂപയായവളേ, തത്തുല്യമായ നിന്റെ ഭുവനമോഹനരൂപം ഞങ്ങൾക്ക് കാണിച്ചുതന്നാലും. എന്ന് നടതുറക്കാനായി യോഗീശ്വരിയായ കാത്യായനിമഹാമായയോട് അപേക്ഷി ക്കുന്നു.

എട്ടാംദിനം. മകം

ധന്യാശിരാഗം രൂപകതാളം

<u>മൂലം</u>

കീഴ്വാനം വെള്ളെൻറ്റഎരുമൈചിറുവീട്ട

മേയ്യാൻപരന്തനകാൺമിക്കുള്ള പിള്ളൈകളും

പോവാൻപോകിന്റാരൈപ്പോകാമൽകാത്തുഉന്നൈ-

ക്കൂവ്വുവാൻ വന്തുനിന്റോം കോതുകലമുടൈയ

പാവായ്,എഴുന്തിരായ്,പാടിപ്പറൈകൊണ്ടു

മാവായ്പ്പിളന്താനൈ മല്ലരൈമാട്ടിയ

തേവാതിതേവനൈ ചെൻറുനാംചേവിത്താൽ

ആവാവെന്റാരായ്ന്തരുന്തേലോരെംപാവായ്

<u>മലയാളം</u>

കീഴ്വാനം വെള്ളകീറി,എരുമകളൊക്കെയും

മേയാൻപോയ്,കന്യമാരുംനീരാടപ്പോയി

പോകാതെകാത്തിട്ടുഞങ്ങൾമാത്രം, നിന്നെ

ഉവിഎണീപ്പിക്കാൻവന്നുനിൽപ്പ

സ്വർണ്ണാഭരണമിട്ടസുന്ദരീ എഴുനേൽക്ക

പറകൊട്ടിപ്പാടണം കേശിയെക്കൊന്നോനെ

മല്ലരെത്തോൽപ്പിച്ചദേവാദിദേവനെ

സേവിക്കവേണമെന്നോർക്കുകെൻസുന്ദരീ

<u>വ്യാഖ്യാനം</u>

കിഴക്കൻചക്രവാളം വെള്ളകീറി.എരുമകൾ അവരുടെ മേച്ചിൽസ്ഥലങ്ങളിലേക്ക് പോയിക്കഴിഞ്ഞു.മറ്റുപെൺകുട്ടികളെല്ലാം നീരാട്ടിനുപോയി.ഞങ്ങൾമാത്രം നിന്നെ തുയിലുണർത്താനായി കാത്തുനിൽക്കയാണ്. സ്വർണ്ണാഭരണമിട്ട സുന്ദരീ,വേഗം ഉണരൂ.പറകൊട്ടിപ്പാടി കേശിയെ വധിച്ചവനും ,ചാണൂരമല്ലരെ കീഴടക്കിയവനുമായ ദേവാധിദേവനെ വാഴ്ത്തണം.സേവചെയ്യണം.

മറ്റുള്ളവരെല്ലാം ഈശ്വരോന്മുഖരായി ചരിച്ചിട്ടും ഏതോ മായാപാശത്താൽ നിദ്രയിൽകിടക്കുകയാണ് നായിക. കോ(നായകൻ,രാജാവ്)എന്ന നായകന്റെ കലം(മുദ്ര,കപ്പലെന്നും അർഥമുണ്ട് കലത്തിന്)ധരിച്ചവളാണ് അവൾ.സ്വർണ്ണ(സുവര്ണ)മുദ്ര ധരിച്ച പട്ടമഹിഷിയാണ്. (മറ്റ് എരുമകളെല്ലാം മേഞ്ഞിട്ടും ഈ മഹിഷി ഉണർന്നില്ല) അവളുടെ മായാനിദ്ര തീർന്നാലെ നമ്മുടെ ആത്മീയയാത്ര സുഗമമാവൂ.അതിനാണ് അവളെ (മായയെ) ജയിക്കുന്നത്. മിസ്റ്റിസിസത്തിൽ,ഭാവാനുഭവത്തിന്റെ പരകോടിയിൽ ഭഗവാനിലേക്കുള്ള പ്രയാണംതന്നെ മാർഗ്ഗവും ലക്ഷ്യവുമായിത്തീരുന്നു.അഹങ്കാരത്തെ അടക്കുന്നവനായ കൃഷ്ണന്റെ മാർഗ്ഗത്തില് സഞ്ചരിക്കുന്ന വൈഷ്ണവര് മായ(ഭേദബുദ്ധി)യെ അടക്കി ,അദ്വൈതതന്മയതയിൽ ഭഗവാനോട് നായികാനായക ഭാവത്തിന്റെ മധുരലയം സാധിക്കുന്നു.അങ്ങനെ തന്മയത നേടിയിട്ടും സമൂഹത്തെ ഉണർത്താതെ സ്വന്തം തന്മയതാഭാവത്തിൽ കിടക്കുന്ന നായികയോട് ഉണരാനും മറ്റുള്ളവരെ (കൃഷ്ണമാർഗ്ഗത്തിലേക്ക് സഞ്ചരിക്കാന് വെമ്പുന്ന ഇതരജീവികളെ) നയിക്കാനും താൽപ്പര്യപ്പെടുന്നു. അവളുടെ സഹായഹസ്തം കൂടാതെ അവനിലെങ്ങനെ എത്തും. മഹാമായയായ പത്മനാഭപ്രിയയുടെ സഹായംവേണം പത്മനാഭനിലെത്താന്.

ചാണൂരമുഷ്ടികാദിമല്ലനിഗ്രഹം ചെയ്തകൃഷ്ണൻ കാമക്രോധനിവർത്തകനാണ്.ദേവാധിദേവനായ കൃഷ്ണൻ നിത്യസൂരിനിർവ്വാഹകനും.കാമക്രോധങ്ങളില്ലാതാക്കി,നമ്മെ നിത്യസൂരികളുടെ യോഗപഥത്തിലെത്തിക്കേണ്ട കൃഷ്ണന്റെ നായികയാണ് ദേവി.ശുദ്ധമായ ഹൃദയവും ഭക്തിയും ഉള്ളവർക്കെല്ലാം വരംതരുന്നവന്റെ നായിക. ദേശകാലങ്ങൾക്കതീതമായ അവന്റെ ലാസ്യത്തില് ഭാഗഭാക്കായ പ്രകൃതി.നന്ദഗോപനിൽനിന്ന് മാർഗ്ഗശീർഷവ്രതാനുഷ്ഠാനത്തില് പാടുന്നതിനുള്ള പറ മുതലായ ഉപകരണങ്ങൾ വാങ്ങാനുള്ള യാത്ര കാലം അളക്കുന്ന പെരുമ്പറയിലൂടെ കാലാതിവർത്തിയായ ദേവനെ സാക്ഷാത്കരിക്കാനുള്ള ആത്മീയയാത്രയാണ്.ഈശ്വരന്റെ കോവിലും നന്ദഗോപന്റെ കൊട്ടാരവുമല്ല, സ്വന്തം ശരീരക്ഷേത്രമാണ് അന്തര്യാമിയായി ദേവനുറങ്ങുന്ന കോവിൽ.അവന്റെ നായികാഭാവത്തിൽമിഥുനമായിരിക്കുന്നത് താൻതന്നെയാണ്.അതായത്,അവനവനോടുതന്നെയാണ് ഉണരാനുള്ള ആഹ്വാനം.ഇതുവരെയുള്ള ഗാർഹസ്ഥ്യത്തിന്റെ മായാഭ്രമംവിട്ട് ആത്മീയപാതയിലേക്ക് വരൂ എന്ന ഉൾവിളി. ഞാൻ,അവന്റേത്,ഞാനും അവനും ഒന്ന് എന്ന ബോധം ഉദിച്ചുകഴിഞ്ഞു.ഒരു ആത്മവിത്ത് മുളച്ചുകഴിഞ്ഞു.അതിന്റെ ഫലമാണ് ഈ ഉൾവിളി. ഇനി പൂർണ്ണസമർപ്പണമേ ബാക്കിയുള്ളു.ഏഴാംദിനം കാശുമാല(അഷ്ടാക്ഷരമന്ത്രം,അഷ്ടലക്ഷ്മി,വാഗ്ദേവീമന്ത്രം)പിറപ്പ് (ദശാവതാരമന്ത്രം, ദശാക്ഷരി)എന്നിവ പാടിയശേഷം എട്ടാംദിനം കോതുകലം (ദ്വയാക്ഷരമുദ്ര)ദ്വയാക്ഷരമന്ത്രമായ ഗോദ(കോത) എന്നത് പാടി ധ്യാനിക്കുന്നു. കോ ഈശ്വരനാണ്,ദേവാധിദേവൻ രാജാധിരാജനും. ദാ ദാനം. ഈശ്വരന്റെ വരദാനം ഞാനും എന്റെ ജീവിതവും ഈ ഭൂമിയും ബ്രഹ്മാണ്ഡവും എന്ന ബോധം (കൌതുഹലം) .

ഒമ്പതാംദിനം പൂരം

മോഹനരാഗം ആദിതാളം

മൂലം

തൂമണിമാനത്തു ച്ചുറ്റും വിളക്കെരിയ

തൂപംകമഴത്തുയിലണൈമേൽകൺ,വളരും

മാമൻമകളേ മണിക്കതവം താൾതിറവായ്

മാമീർ,അവളൈയെഴുപ്പീരോ,ഉന്മകൾതാൻ,

ഊമൈയോ,അന്റിച്ചെവിടോ,അനന്തലോ

ഏമപ്പെരുന്തുയിൽമന്തിരപ്പട്ടാളോ

മാമായൻമാതവൻവൈകുന്തനെന്റെന്റു

നാമമ്പലവും നവിന്റേലോരെമ്പാവായ്

മലയാളം.

പൂമണിമാടത്തിൽച്ചുറ്റും വിളക്കെരിയ

ധൂപംഉയര,ക്കണ്ണുറങ്ങും മുറപ്പെണ്ണേ

മണിക്കതകെത്തുറക്കു,നിന്മകളമ്മായീ

ഊമ,ബധിരയോമൂഢയോ ഉണരായ്‌വാൻ,

മായാവിമാധവവൈകുണ്ഠനാമപ്പാട്ടും

മന്ത്രത്താല് മോഹിച്ചോളോ കേട്ടില്ല,സുന്ദരീ

തൂമണിമാളികയിൽ ചുറ്റും മണിദീപങ്ങള് എരിയവേ,ധൂപം ഉയരവേ,പള്ളിയറയില് കണ്ണടച്ചുറങ്ങുന്ന മുറപ്പെണ്ണ് (മാമന്മകൾ) ഇനിയും മണിവാതിൽസാക്ഷനീക്കി പുറത്തുവന്നില്ല. അവലെ ഉണർത്താന് അമ്മായീ വന്നാലും. അമ്മായി യുടെ മകൾ ഊമയോ,ബധിരയോ മൂഢയോ മറ്റോ ആണോ,അതോ മന്ത്രമുഗ്ധയായി മയങ്ങുകയോണോ .മായാവിമാധവൻ, വൈകുണ്ഠനെന്നെല്ലാം ഞങ്ങള് പാടുന്ന ശബ്ദം കേൾക്കാതിരിക്കാന് ഇതിലേതെങ്കിലുമൊന്നാവണം അവളെന്ന് പറയുന്നു.

യോഗനിദ്രയിലാണ്ട വിഷ്ണുവിന്റെ മുറപ്പെണ്ണും യോഗനിദ്രയിലാണ്.പുറത്തുനിന്നുള്ള ഇന്ദ്രിയസംവേദനങ്ങളൊന്നും അറിയുന്നില്ല. അവളെ അതീന്ദ്രിയമായ മയക്കത്തിൽനിന്നും വീണ്ടും ഇന്ദ്രിയലോകത്തിലേക്ക് കൊണ്ടുവരാൻശ്രമിക്കുന്നു, സഖിമാർ.അവളുടെ യോഗനിദ്രയെ ഉണ്ടാക്കിയ മായാവി (ആരുടെ മന്ത്രത്താൽ അവൾമുഗ്ധയായോ,ആ മഹാമായാവി)മഹാതപം ചെയ്ത മാതവനെന്ന (മാധവൻ)വൈകുണ്ഠവാസിയാണ്.അന്തരംഗമായി യോഗസാധനനേടിയ അവൾഉണരാൻ ബാഹ്യമായി അതേ നാമങ്ങളെ പാടുന്നു സഖിമാർ.അകത്തെ പരമപുരുഷനാണ് പുറത്തുമുള്ളതെന്ന് പറയുന്നു.

മണിമാളിക യോഗിയുടെ ഹൃദയമാകുന്ന മണിദ്വീപമാണ്.അത് സുതാര്യമായ നിഷ്കളങ്കതയുടെ പ്രകാശദീപങ്ങളാൽ(പരാവിദ്യയിൽ) തപംചെയ്യുന്നു.(എരിയുന്നു).അഗ്നിപോലെ വിശുദ്ധമാണ് അത്. ആ ശുദ്ധിയുടെ പ്രേമപ്രശസ്തി സുഗന്ധധൂപമായി എങ്ങും വ്യാപിക്കുന്നു.എല്ലാവർക്കും ആനന്ദവും ആരോഗ്യവും നന്മയും തരുന്നു.സജ്ജനങ്ങളുടെ തപസ്സ് അങ്ങനെയാണ്. അന്തര്യാമിയായ പരമപുരുഷന്റെ സാന്നിദ്ധ്യം ഓരോ ജീവനും അത്തരം വ്യക്തികളുടെ ദർശനം കൊണ്ട് അനുഭവിക്കുന്നു. ഭഗവദ്തന്മയത നേടിയ യോഗിയെ തങ്ങൾക്കുവേണ്ടി മറ്റുജനങ്ങൾവിളിച്ചുണർത്തുന്നു.അവരോ,സദാ ആനന്ദനിർവൃതിയിലാണ്.ഭക്തിപൂർവ്വം ,സ്നേഹപൂർവ്വം വിളിച്ചുണർത്താന് തങ്ങൾക്ക് അവകാശമുണ്ട് (തങ്ങളുടെ സ്വന്തമാകയാൽ).മണിക്കതവിന്റെ താഴ് നമ്മുടെ അഹങ്കാരം,ദുരഭിമാനം.അതുതുറന്നാൽ ഈശ്വരപ്രസാദം ലഭിക്കുമെന്ന സൂചന.യോഗിയെ നിർവ്വാണത്തിൽനിന്ന് സംസാരത്തിലേക്ക് ഇറക്കുക എളുപ്പമല്ല. എന്നാലും മനുഷ്യനന്മക്കായി അതു ചെയ്യണം. ഭൂമി വിഷ്ണുവിനെ വിളിച്ചുണർത്തിയപോലെ. നാം നമ്മുടെ ആത്മനിർവൃതിയിൽനിന്ന് ഉണർന്ന് അനുഭവങ്ങൾകൊണ്ടും സാന്നിദ്ധ്യംകൊണ്ടും മറ്റുള്ളവർക്കും സുഖം കൊടുക്കണം. അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം.

ശ്രീഅരവിന്ദമഹർഷി പലപ്പോഴും ഇത്തരം കവിതകളെഴുതിയിട്ടുണ്ട്.(ഋഷിയും മനുവും കൂടി സംവാദം നോക്കുക). നിർവ്വാണത്തെ ഊമ,ബധിര,മൂഢ മുതലായവയോട് നർമ്മരസംകലർത്തി ഉപമിക്കുന്നു.നാസ്തികരോടും താർക്കികരോടും ജൽപ്പനം ചെയ്യുന്ന വിതണ്ഡരോടും ഊമയായിരിക്കുന്നതാണ് നല്ലത്.എന്നാല് നിന്റെ അനുഭവത്തിന്റെ രുചി അറിയാനാഗ്രഹിച്ചുവന്ന ആസ്തികരായ ഞങ്ങളോടെന്തിനീ മൌനം. എന്തേ ഞങ്ങളുടെ വിളികേൾക്കുന്നില്ല. എന്തിനീ മൂഢത അഭിനയിക്കുന്നു.നിന്റെ ജ്ഞാനവും അനുഭവമാധുര്യവും തന്ന് ,സദ്സംഗം തന്ന് , ഞങ്ങളിലെ അഹങ്കാരത്തിന്റെ സാക്ഷ നീക്കി ഞങ്ങളെ നിന്നിലേക്ക് പ്രവേശിപ്പിക്കുക.

യോഗിയെ നിർവ്വാണത്തിൽനിന്ന് ഉണർത്തുന്നത് ഗുണമോ ദോഷമോ. സമ്മിശ്രമാണ് ഫലം. ശ്രീരാമനായി വന്നാലും ശ്രീകൃഷ്ണനായി വന്നാലും ഓരോ അവതാരവും ചില ക്ഷോഭങ്ങള് ഭൂമിയില് സൃഷ്ടിക്കുന്നുണ്ട്. അത് ധർമ്മ സംരക്ഷണമെന്ന അവതാരോദ്ദേശം നടത്താനാണ്. സൌവർണ്ണദീപ്തിയാർന്ന സുവർലോകത്തിൽനിന്ന് കൃഷ്ണമായ ഭൂലോകത്തിലേക്ക് പ്രവേശിക്കുമ്പോൾ ഭൂസ്പർശത്താല് അക്ഷോഭ്യമായ ശാന്തസ്വരൂപത്തിലുണ്ടായ ക്ഷോഭം പ്രകൃതിക്ഷോഭമായി അനുഭവപ്പെടുന്നു. അത് സരയുവിലെ വെള്ളപ്പൊക്കമാവാം,ദ്വാരക മുക്കിയ സുനാമിത്തിരയുമാകാം.മാധവനും മായാമയനും അനന്താനന്ദമയനുമായ വൈകുണ്ഠവാസിയായ വിഷ്ണുവിനെ അവന്റെ മായയോടൊപ്പമല്ലാതെ ഉണർത്താനാവില്ല. അതിനാൽ ആദ്യം സ്ത്രൈണ(വൈഷ്ണവി) ചൈതന്യത്തെ ക്ഷോഭംചുരുക്കാനായി,കുറക്കാനായി വിളിച്ചുണർത്തുന്നു. ഭൂസ്പർശമുദ്രയിലും അക്ഷോഭ്യമായിരിക്കാൻ,സർവ്വവാഗേശ്വരേശ്വരിയായ സുവർണ്ണബിന്ദുവായി പ്രകൃതീസമേതനായി വേണം ഭഗവാന് അവതരിക്കാൻ.നാമസങ്കീർത്തനമെന്നത് ആ വാക്കിന്റെ ഉണർച്ചയുടെ ലക്ഷണമാണ്.

പത്താംദിനം ഉത്രം

രാഗം അസാവേരി താളം ആദി

<u>മൂലം</u>

നോട്രുച്ചുവര്ക്കുംപുകിന്റെ അമ്മനായ്

മാറ്റവുംതാരാരോ വാചൽതിറവാതാര്

നാറ്റത്തുഴായ്മുടിനാരായണൻനമ്മാല്

പോറ്റപറൈതെരും പുണ്ണിയനാൽപണ്ടൊരുനാള്

കൂറ്റത്തിൻവായ് വീഴ്ന്ത കുമ്പകരുണനും

തോറ്റുമനക്കേ പെരുന്തുയിൽതാൻതന്താനോ

ആറ്റ അനന്തയുടൈയായ് അരുങ്കലമേ

തേറ്റമായ്വന്തുതിറവേലോരംപാവായ്

മലയാളം

നോറ്റുസ്വർഗ്ഗംപൂകുമമ്മേ നീ വാതിലും

കൊട്ടിയടച്ചാലും മിണ്ടാവതല്ലയോ

നാരായണൻ ഞങ്ങൾപോറ്റിപ്പറതരും

വീരൻസുഗന്ധത്തുളസിമുടിധരന്

പണ്ടുപുണ്യത്താൽ വധിച്ചോരുരാക്ഷസന്

കുംഭകർണ്ണൻതന്നോനിദ്രനിനക്കേടോ

നീയവതാരംമടിയുടേതാവുമോ

ഞങ്ങൾക്കമൂല്യാഭരണമേ കേട്ടുവോ

കണ്ണുതുറക്കു,ഉണർന്നെണീക്കു അമ്മേ

വന്നുതുറക്ക നടയെന്റെ സുന്ദരീ

വ്യാഖ്യാനം

വ്രതംനോറ്റ് സ്വർഗ്ഗലോകം പൂകുന്ന അമ്മേ,വാതിൽതുറന്നില്ലെങ്കിലും നിനക്ക് ഞങ്ങളോട് മിണ്ടിക്കൂട എന്നുണ്ടോ. ഞങ്ങളാൽ സ്തുതിക്കപ്പെട്ട് ഞങ്ങൾക്കു കൊട്ടിപ്പാടാന് പറ തരേണ്ട പുണ്യവാനായ വീരന്,സുഗന്ധതുളസിമണക്കുന്ന മുടിയോട്ടുകൂടിയ നാരായണൻപണ്ടൊരിക്കല് വധിച്ച കുംഭകർണ്ണനെന്ന രാക്ഷസനാണോ തന്റെ മഹാനിദ്ര നിനക്ക് തന്നത്. നീ മടിയുടെ അവതാരമാണോ. അമൂല്യമായ ഞങ്ങളുടെ ആഭരണമേ, ഉണരൂ,വാതിൽ തുറക്കൂ.

പെണ്കുട്ടികള്ക്ക് തനതായ നർമ്മബോധത്തോടെ സുഹൃത്തിനെ കളിയാക്കുന്ന മട്ടിലാണ് രചന. സാത്വികമായ യോഗനിദ്രയെ താമസമായ അലസത,മോഹാലസ്യം ഇവയോട് താരതമ്യപ്പെടുത്തി പറയുന്നു.സ്വർഗ്ഗീയനിർവൃതി മുമ്പുചെയ്ത വ്രതാനുഷ്ഠാനഫലമാണ്.എന്നാലും അമിതമായാൽ അമൃതും വിഷമാണ് .ഞങ്ങൾക്കിടയിലെ അരുങ്കലം) വിശിഷ്ടാഭരണം) ആയ നീയിങ്ങനെ അലസമായിരുന്നാല് ഞങ്ങളെ ആരുനയിക്കുമെന്ന ചോദ്യമുണ്ട് .പൂകുകിന്റെ എന്ന വാക്ക് വർത്തമാനകാലത്ത് സ്വർഗ്ഗസുഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന എന്നർത്ഥത്തിലാണ്. ഈശ്വരാനുഭവം ഇമ്മെയ്യിൽ(ഈ ജീവിതത്തിൽ) അനുഭവിക്കുന്ന യോഗിനിയായ വൈഷ്ണവിയെയാണ് ഉണർത്തുന്നത്.

നാറ്റത്തുഴായ് എന്നാല് വാസനത്തുളസി. നാറ്റം പുതിയഭാഷയില് ദുർഗ്ഗന്ധമാണ്. സംഘകാലതമിഴിൽസുഗന്ധ മെന്നാണ് അർത്ഥം. കൃഷ്ണന്റെ മുടിക്ക് കർപ്പൂരതുളസീഗന്ധം . അത്, അവന്റെ ദർശനഗന്ധാദികളനുഭവിക്കുന്ന ,നിർഗ്ഗുണപരബ്രഹ്മാനുഭവം ലഭിച്ച ഏത് യോഗിക്കും ആനന്ദംതരുന്ന സഗുണബ്രഹ്മാനുഭവവുമാണ്. ഇവിടെ ഈ പാസുരംപാടുന്ന ഗോപിക താൻആ ദർശനഗന്ധാദിസഗുണരൂപാനുഭവത്തോടെത്തന്നെയാണ് ഹരിനാമം പാടുന്ന തെന്ന് സൂചിപ്പിക്കുന്നു. പുണ്യവാനാണ് നാരായണൻ. നാമശ്രവണമാത്രയിൽ ദർശനംതന്ന് നമ്മെ പുണ്യവാന്മാരും

പുണ്യവതികളുമാക്കുന്നവൻ. ഗുരുവും അങ്ങനെയാവണം.ഇവിടെ ഗുരുവായ വൈഷ്ണവിയോട് അലസത വിട്ട് എഴുന്നേറ്റ് സമസ്തലോകത്തിനും അവളുടെ പുണ്യദർശനവും ,തുളസിപോലെ പരിശുദ്ധമായ ആത്മസുഗന്ധവും ,മധുരമൊഴികളുടെ ശ്രവണസുഖവും തരാൻ അപേക്ഷിക്കുകയാണ്. സാധാരണ വീരപുരുഷന്മാർ ശത്രുക്കളെ ജയിച്ചാല് അവരുടെ സ്വത്ത് കൊട്ടാരത്തിലെത്തിക്കും.പ്രിയപത്നിക്കും അതിന്റെ വീതം ലഭിക്കും. ഒരിത്തിരി തമാശയിൽ,ശ്രീരാമൻ കുംഭക ർണ്ണനെ കൊന്ന് അവന്റെ ധനമായ താമസികനിദ്രയും അലസതയും നിനക്കു കൊണ്ടു വന്ന് തന്നുവോ എന്നാണ് ചോദ്യം. അതേ സമയം ഗീതയിൽ പറയുന്നപോലെ,മറ്റെല്ലാവരും ഉണർന്നിരിക്കു മ്പോ ൾ ഉറങ്ങുന്നയോഗി എന്നും ഗ്രഹിക്കണം.ആലസ്യം സംസാരത്തോടും അതിന്റെ ഇന്ദ്രിയവിഷയാസക്തിയോടുമാണ്. ഏറെ ആത്മീയമായി ഉയർന്ന അവസ്ഥയിലാണ് യോഗിനി.അതിനാൽ നിഷ്ക്രിയമെന്നുതോന്നിക്കുന്ന അതീവസാത്വികമായ ആ ധ്യാനം അവളെ അതീവസുന്ദരിയുമാക്കിയിരിക്കുന്നു. ഗുരുവിന്റെ മുഖത്തുള്ള പ്രസാദം ശിഷ്യരെ മാത്രമല്ല,ലോകത്തെയാകമാനം പ്രസാദമയമാക്കുന്നു.ദക്ഷിണഭാഗത്തേക്ക് തിരിഞ്ഞിരിക്കുന്ന ദക്ഷിണാമൂർത്തി ജ്ഞാനമരുളുന്നത് വാക്കുകൊണ്ടല്ല, മൌനം കൊണ്ടാണ്.അത്തരം യോഗികൾ,മനുഷ്യവംശത്തിന് അമൂല്യരത്നങ്ങളാണ്.അതിനാലാണ് അരുംകല മെന്ന് യോഗിനിയും ഗുരുവുമായ ദേവിയെ വിളിക്കുന്നത്. അത്തരമൊരാൾക്ക് മാനവവംശത്തിന്റെ വിളികേൾക്കാതെ ബധിരയും ഊമയുമായിരിക്കുക സാദ്ധ്യമല്ല.ഏറെ നാൾമൌനമായിരിക്കാനും കഴിയില്ല.സ്വന്തം സ്വർഗ്ഗാനുഭൂതി ത്യജിച്ചും മാനവവംശത്തിന്റെ സുഖത്തിനായി ധർമ്മാർത്ഥം കർമ്മം ചെയ്യാൻഅവര് പ്രേരിതരാകുന്നു.അങ്ങനെ പ്രപഞ്ചം പൊട്ടെന്നുണരുമ്പോൾ,അടിപിഴയ്ക്കരുത്,കാലിടറരുത്.തെറ്റാമൈ എന്ന പദം ഇത് സൂചിപ്പിക്കുന്നു. കുണ്ഡലി നീയോഗത്തിലും അങ്ങനെയാണ്. ക്രമമായിവേണം പടിയിറങ്ങാൻ.വഴിതെറ്റാതെ നടന്നുവന്ന് വാതിൽതുറന്ന് ,മാനവവംശത്തിനെ നിന്റെ ബോധഭൂമികയിലേക്ക് പ്രവേശിക്കാനനുവദിച്ചാലും.ഗംഗപോലെ ശുദ്ധമായ ആ വിമല പ്രബോധത്തെ ശിവൻ അതേപടി ശിരസ്സിൽധരിച്ചു.ഭഗീരഥനുവേണ്ടി തുള്ളിതുള്ളിയായി തുറന്നുകൊടുത്ത് സമതല ങ്ങളെ പച്ചപുതപ്പിച്ച് മനുഷ്യർക്ക് അന്നം നൽകി .ഗുരുവും ഗദിയും അങ്ങനെയാണ്. താങ്ങആനാവുന്ന ബുദ്ധി ഉള്ളവ ർക്ക് ദ്രുതഗതിയില് നൽകും.അത്രയും ജ്ഞാനം നൽകാൻ,താങ്ങാൻ,കെൽപ്പില്ലാത്തവർക്ക് ഇത്തിരിയായി ഘട്ടംഘട്ട മായി നൽകും. (ക്രമമുക്തി).

സംഘകാലതമിഴിൽ നാരണനെന്നും നാരായണനെന്നും പ്രയോഗം കാണാം. നാരം വെള്ളമാണ്. അണ ശയ്യ, അയണം(നം) സഞ്ചാരം. നാരണൻ വെള്ളത്തിൽശയിക്കുന്നവനാണ് (ജലശയനൻ).നാരായണൻ വെള്ളത്തില് അയനം (സഞ്ചാരം) ചെയ്യുന്നവനും (ജലസഞ്ചാരി,സമുദ്രസഞ്ചാരി).

പതിനൊന്നാം ദിനം അത്തം

രാഗം സഹാനാ താളം മിശ്രചാപ്പ്

<u>മൂലം</u>

കറ്റക്കറവൈക്കണങ്കൾപലകറന്തു

ചെറ്റാർതിറലഴിയച്ചെന്റുചെരുച്ചെയ്യും

കുറ്റമൊന്റില്ലാത കോവലർതം പൊർക്കൊടിയേ

പുറ്റരയൽക്കുൽപുനമയിലേ പോതരായ്

ചുറ്റത്തുത്തോഴിമാരെല്ലാരും വന്തുനിൻ

മുറ്റംപുകുന്തുമുകിൽവണ്ണൻപേർപാട-

ച്ചിറ്റാതേ പേശാതേ ചെൽവപ്പെണ്ടാട്ടി,നീ

ഏറ്റക്കപറങ്കംപൊരുളേലോരംപാവായ്

<u>മലയാളം</u>

കന്നുപലകറന്നു,മന്നർപലവെന്നു,

ശ്രീപെറുംകോവലൻപൊൽക്കൊടിയാം ദേവീ

കുറ്റമില്ലാത്തനിൻനാഥന്റെ മുറ്റത്ത്

കുറ്റക്കാർവർണ്ണന്റെ നാമം പാടീ,ആടീ

തോഴിമാർ വന്നുവിളിപ്പൂ,നീ പേശാതെ

നിശ്ചലമായിരിക്കുന്നതും ധർമ്മമോ

പുറ്റിലെ നാഗഫണംപോൽനിതംബിനീ

നൃത്തമയൂരമേ ആട്ടകസുന്ദരീ

<u>വ്യാഖ്യാനം</u>

യാതൊരു കുറ്റവും കുറവുമില്ലാത്ത കോവലന്റെ (ഗോപാലന്റെ)പൊൻകൊടിയേ,കന്നുകളെ പലതിനെ കറക്കുന്നതിലും ശത്രുക്കളെ വെന്ന് ഭൂമി കയ്യടക്കുന്നതിലും ഒരുപോലെ മിടുക്കനായ നിന്റെ നായകനായ മുകിൽവർണ്ണന്റെ പേരുപാടി യാടി ,തോഴിമാരായ ഞങ്ങളെല്ലാവരും മുററത്ത് വന്നുനിന്ന് വിളിക്കുമ്പോള്,പുറ്റിലിരിക്കുന്ന നാഗഫണംപോലെ വിരിഞ്ഞനിതംബത്തോടെ നൃത്തമാടുന്ന മയൂരമേ,നീ മാത്രം പുറത്തുവന്ന് നൃത്തം വെക്കാത്തത് ധർമ്മമാണോ. നീ അനങ്ങാതെ മിണ്ടാതെ ഇരിക്കാമോ. ശ്രീപെരുകിയ ഗോപാലന്റെ സ്ത്രീരത്നമേ,ഈ ഉറക്കത്തിനെന്താണർത്ഥം.

കുററമില്ലാത്തവൻ,നിഷ്കളങ്കൻ.നിഷ്കളപരബ്രഹ്മം. കോ രാജാവ്, വാക്ക്,പശു,രശ്മി. ഇവയെ പാലിക്കുന്നവനാണ് കോവലനെന്ന ഗോപാലൻ.അവന്റെ പത്നി പരാശക്തി. അവൾ മിന്നൽക്കൊടിപോലെ (സൌദാമിനീസന്നിഭ) യാണ്.ധനികനായ ഭർത്താവ് ധാരാളം പശുക്കളെ കറന്നും ശത്രുരാജാക്കന്മാരെ തോൽപ്പിച്ചും ഭൂമിയിൽനിന്ന് പൃഥു വെപ്പോലെ കാർഷികസമ്പത്ത് കറന്നെടുത്തും ഉണ്ടാക്കിയ ധനത്തിനുമാത്രമല്ല,ആത്മീയധനത്തിനും ഉടമസ്ഥ. വിദ്യക്കും നാഥ. നാഗഫണംപോലുള്ള നിതംബം കുലുങ്ങുമാറ് നൃത്തമാടുന്ന വർഷമയൂരംപോലെ മതിമറന്ന് അവന്റെ നാമശ്രവണമാത്രയിൽ (വർഷമേഘസദൃശനാണ് കൃഷ്ണൻ)ലാസ്യനൃത്തമാടുന്നവളുമാണ്. അങ്ങനെയുള്ളവൾ ഇത്രയേറെ സ്ത്രീകൾ മുററത്തുവന്നുനിന്ന് ഹരിനാമം പാടിയാടിയിട്ടും കൂടെക്കൂടാതെ യോഗനിദ്ര വിടാതെ കിടക്കുന്നതെന്ത്.

ഗോകുലം ഭക്തിയുടെ ഒരു ശിശുമണ്ഡലമാണ്. കന്നും കുട്ടികളും നിത്യകൈശോരഭാവത്തിലാണ്. ഭഗവദ്സ്പർശം കൊണ്ടാണ് ആ നിത്യഹരിതകൈശോരഭാവം. ധേനു(പശു)വേദത്തിലെ ധേനുസരസ്വതിയാണ്. കാമധേനുവാണ്. ഭൂമിയുമാണ്. ജ്ഞാനപ്പാലുകുടിച്ച യോഗമാർഗ്ഗചാരികളാണ് ഗോകുലവാസികൾ. സൂര്യൻ,ഉഷസ്സ്,അഗ്നി, വാഗ്ദേവത, ഭൂമി ഇവരോടും നിഷ്കളസ്വഭാവത്തോടും ചേർന്നതാണ് ധേനു(പശു).അതിനെ കറന്ന് സർവ്വൈശ്വര്യങ്ങളും എടുക്കുന്ന വൻ ഗോപാലൻ(കോവലൻ).ഫണികളുടെ ഗുഹയിൽനിന്ന് സരമയുടേയും അംഗിരസ്സുകളുടേയും സഹായത്തോടെ ഇന്ദ്രനും ബൃഹസ്പതിയും ഗോക്കളെ വീണ്ടെടുത്തു (ഋഗ്വേദം)ഇവിടെ ഗോപാലൻ ജ്ഞാനം,ഇന്ദ്രൻ,ബൃഹസ്പതി, അംഗിര സ്സ് എന്നിവരെ പ്രതിനിധാനം ചെയ്യുന്നു.ഈ ഗുരുക്കന്മാരെല്ലാം മായാദേവി മറച്ചുവെച്ച ഗുഹയിൽനിന്ന് നിഗൂഢമായ ജ്ഞാനരത്നം വീണ്ടെടുക്കുന്നു. നാഗഫണംപോലുള്ള നിതംബത്താൽമൂടിയ മഹാമായയുടെ ഗർഭപാത്രത്തിലെ ഇരുട്ടി ൽനിന്ന് ജ്ഞാനരശ്മി വീണ്ടും പ്രവഹിപ്പിക്കുന്നു. യോഗനിദ്രയിലിരിക്കുന്ന ഗോപികയുടെ ഹൃദയഗുഹയിലെ അമൂല്യജ്ഞാ

നരതത്തെ പുറത്തേക്ക് എടുത്ത് എല്ലാവർക്കും കിട്ടാറാക്കലാണ് ഗോപാലികമാരുടെ ഉദ്ദേശം.അവളുടെ ജ്ഞാനം പുററിലാണ് മറഞ്ഞിരിക്കുന്നത്. നാഗഫണം അതുകാക്കുന്നു,നാഗമാണിക്യംപോലെ. കുണ്ഡലിനീശക്തി ഉണർന്ന യോഗിയുടെ ഹൃദയഗുഹയെ സൂചിപ്പിക്കുന്നു.മയിലിന്റെ പ്രതീകവും ഗോപിക യോഗിനിയാണെന്ന് ധ്വനിപ്പിക്കുന്നു. അവളുടെ സാധന സഫലമായിരിക്കുന്നു.അതിനാലാണ് ഈ നീണ്ട യോഗനിദ്രാനുഭവം. അവളെ ഉണർത്തി അവളുടെ യോഗാനുഭവം പങ്കിടാനാണ് ജനങ്ങളുടെ മോഹം. മാനവവംശംമുഴുവനും നരകയാതന അനുഭവിക്കുമ്പോൾ നീമാത്രം സുഖിച്ചാൽമതിയോ എന്ന് സഖിമാർചോദിക്കുന്നു. ശെൽവപ്പെണ്ടാട്ടി എന്ന സംബോധന അതാണ്. നീ മാത്രം അനുഭവിച്ചാൽ മതിയോ ഈശ്വരനെന്ന ധനത്തെ. ഞങ്ങൾക്കുകൂടി തരാനല്ലേ അത് ഈശ്വരന് നിന്നെ ഏൽപ്പിച്ചത്. സാധനയും കൈങ്കര്യവും (ജ്ഞാനവും കർമ്മവും) ഈസ്വരപ്രേമവും (ഭക്തി) കൈചേർന്ന് പോയാലോ മാനവവംശത്തിന് ഉപയോഗമാവൂ.ഈ പാഠം ഇവിടെ ഓർമ്മിപ്പിക്കുന്നു. ഭാരതീയവൈഷ്ണവസമ്പ്രദായത്തിന്റെ സന്ദേശവും ഇതാണ്.

പന്ത്രണ്ടാം ദിനം ചിത്ര

രാഗം പരശു താളം ആദി

മൂലം

കനൈത്തിളംകറ്റെരുമൈ കന്റുക്കിരങ്കി

നിനൈത്തുമുലൈവഴിയേ നിന്റു പാൽചോര

നനൈത്തില്ലം ചേറാക്കും നർച്ചെൽവൻതങ്കായ്

പനിത്തലൈ വീഴ്നിൻവാശർക്കടൈപറ്റി

ചിനത്തിനാൽതെന്നിലങ്കൈക്കോമാനൈച്ചറ്റ

മനത്തുക്കിനിയാനൈപ്പാടവും നീ വായ്തിറവായ്

ഇനിത്താനെഴുന്തിരായ് ഈതെന്ന പേരുറക്കം

അനൈത്തില്ലത്താരുമറിന്തേലോരംപാവൈ

മലയാളം

കുട്ടിയെച്ചിന്തിച്ചുപാലൊഴുക്കും എരുമകൾ,

ഗോകുലമണ്ണിനെച്ചേറാക്കി അമറും

നാദംകേള്,മഞ്ഞുകൊണ്ടതലയുമായ് വന്നുഞങ്ങൾ

വാതിൽക്കൽപാടുന്നു,ലങ്കക്കോമാൻതല

കൊയ്തനാഥൻകഥകേട്ടുണരു ദേവി

എന്തുറക്കം വീട്ടിലെല്ലാരെണീറ്റിട്ടും

നാട്ടുണർന്നിട്ടുമെൻസുന്ദരീ കൺതുറ

<u>വ്യാഖ്യാനം</u>

പശുക്കുട്ടികളും എരുമക്കുട്ടികളും നിറഞ്ഞ ഗോകുലം. കന്നുകുട്ടികളോടുള്ള വാത്സല്യം കാരണം അതിനെ വിചാരിക്കുമ്പോഴേക്കും തടിച്ചമുലയിൽനിന്ന് പാൽചുരത്തുന്ന എരുമകളും പശുക്കളും ഗോകുലാങ്കണത്തെ മുഴവനും നനച്ച് ചേറാക്കി . മണ്ണില് പാൽവീണ് നനഞ്ഞ് ചളിപോലായി. അവരുടെ അമറൽനാദം കേട്ടില്ലേ. കറക്കാറായ പശുക്കളും എരുമകളും അമറുന്നു. അതു കേട്ടിട്ടും കൃഷ്ണസഹോദരിയായ സുഭദ്ര പാലുകറക്കാനെണീറ്റില്ല. പാലുവീണുനനഞ്ഞമണ്ണുപോലെ, മഞ്ഞു വീണുനനഞ്ഞ ശിരസ്സുമായി ഞങ്ങൾനിന്റെ പടിക്കൽവന്നുനിന്ന് പാടുന്നതും കേട്ടില്ല. തെക്കൻലങ്കയിലെ രാവണനെ നശിപ്പിച്ച രാമന്റെ കഥ കേട്ട് ഉണരുക. വല്ലാത്ത ഉറക്കംതന്നെ.എല്ലാ വീട്ടിലുമുള്ളവരുണർന്നു,നാടാകെ ഉണർന്നു.

കറക്കേണ്ട പശുക്കളെ,നനഞ്ഞ ഭൂമിയെ,മഞ്ഞുവീണ് നനഞ്ഞ ഗോപികളുടെ ശിരസ്സിലെ ബോധപ്പാലിനെ അവർ പാടുന്ന രാമായണകഥയെ എന്തെല്ലാം ശബ്ദങ്ങളെയും കർത്തവ്യങ്ങളെയും അവഗണിച്ചാണ്,ഈ ഉറക്കം. ഒരു ധനികകുടുംബത്തില് പിറന്ന് പത്മനാഭന്റെ ധനം മുഴവനും (കാർഷികം,വാണിജ്യം,ഭൂസ്വത്ത്, ബൌദ്ധികസ്വത്ത്, ആത്മീയധനം,അതിഥികൾ,ഭക്തർ,സ്ത്രീകൾ ,ഗോക്കൾ)നോക്കിനടത്തേണ്ടവളാണ് പത്മനാഭസഹോദരി . അങ്ങനെയുള്ളവൾക്ക് ഈനിദ്ര ഭൂഷണമല്ല. നർച്ചെൽവന് ഇവിടെ ലക്ഷ്മണനാണെന്ന് തമിഴ് പണ്ഡിതാഭിപ്രായം. ശ്രീരാമകഥകേട്ടിട്ടും ,ശ്രീരാമന്റെ ധനം കാക്കുന്നതിൽ ജാഗരൂകനായ ലക്ഷ്മണന്റെ പ്രിയപത്നിയായിട്ടും നീ ആ ധർമ്മത്തിൽനിന്ന് വ്യതിചലിക്കാമോ എന്ന് ഊർമ്മിളയോടാണ് ചോദ്യമെന്ന് ഒരുപക്ഷം.സുഭദ്രയോടാണെന്ന് ഒരു പക്ഷം. ലക്ഷ്മണന്റെ നിരന്തരസേവയാണ് രാമന്റെ ഐശ്വര്യനിദാനം. ശിഷ്യർ തങ്ങളുടെ ആത്മീയധനം സ്വീകരിക്കാന് എത്താഞ്ഞാൽ കരയുന്ന ഗുരുക്കന്മാരാണ് ,കന്നുകുട്ടികളെ കാത്ത് ജ്ഞാനപ്പാലുചുരത്തി അമറുന്ന ഗോവൃന്ദം. അതിനിട വരുത്താതെ അവരുടെ ആത്മീയധനം കറന്നെടുത്ത് ഭൂമിയെ പോഷിപ്പിക്കണം. അത് രാമസോദരിയായ നിന്റെ ധർമ്മം. എന്തേ ശിഷ്യർ ഗുരുവിന്റെ ആത്മീയധനം സ്വീകരിക്കാന് വന്നില്ല. പശുക്കുട്ടി പശുവിൽനിന്നകലെ ഒരുകുററിയിൽ (അവിദ്യ)ബന്ധനസ്ഥനാണ്.ജീവൻ ശരീരത്തിന്റെ കുററിയോട് അവിദ്യയാല്(പൂർവ്വകർമ്മം)ബന്ധിതം. അതിനെ അഴിച്ചുവിടേണ്ട ചുമതലയുണ്ട് വിദ്യാരൂപിണിയായ പത്മനാഭസഹോദരിക്ക്. അതുചെയ്യാതിരിക്കുന്നത് കർത്തവ്യവിലോപമാണ്. ഒരുവശത്ത് ബന്ധനത്തിലായ ജീവാത്മാക്കൾ(കന്നുകുട്ടികള്) മറുവശം കരുണാവാരിധിയായ ഈശ്വരൻ.ഈ കാഴ്ച കണ്ട് കരുണതോന്നിയ ഗുരുശിഷ്യന് ആവശ്യപ്പെടാതെത്തന്നെ തന്റെ ധർമ്മം നിർവ്വഹിക്കുന്നു. അത്തരമൊരു ഗുരുവാണിവിടെ ഉറങ്ങുന്നത്. ഇവിടെയാണെങ്കില്,മുററംവരെ എത്തിയിരിക്കയാണ്. കന്നുകുട്ടികൾ. ബന്ധിതരല്ല. ചോദിക്കാതെയും അയ്യം കൊടുക്കേണ്ട അയ്യ ചോദിച്ചിട്ടും പിച്ചകൊടുക്കാതെ ഉറങ്ങുന്നത് ശരിയല്ല. അയൽക്കാരും ഗ്രാമവാസികളുമെല്ലാം ഉണർന്നിരിക്കുന്നു. അവർ ഗുരുവിന്റെ ദിവ്യനേത്രം തുറക്കുന്നതും കാത്തിരിക്കയാണ്. അപ്പോഴാണോ ഈ ദീർഘനിദ്ര. ഭാഗവതജ്ഞാനത്തിന്റെ അനുഭവപ്രവാഹംകൊണ്ട് ,കാരുണ്യവതിയായ ധേനുസരസ്വതീ,നീ ഞങ്ങളുടെ ഈ ഭൂമിയേയുംവംശപരമ്പരകളേയും നനക്കുക. ഞങ്ങൾക്ക് അന്നം തരിക. അമൃത് തരിക. ജ്ഞാനപ്പാൽതരിക. ആ ജ്ഞാനപ്രവാഹത്തിൽ ഞങ്ങള് ഒലിച്ചുപോകാതിരിക്കാന് (അടിതെറ്റിവീഴാതിരിക്കാന്) വാതിൽക്കലെത്തി അതും പിടിച്ചാണ് ഗോപികമാരുടെ നിൽപ്പ്. പുണ്യഗംഗാപ്രവാഹമാണല്ലോ ഹരിപാദത്തിൽതൊട്ടൊഴുകുന്ന ജ്ഞാനം.പത്ത് ഇന്ദ്രിയങ്ങലെ അടക്കിയ രാമകഥാകഥനം കൊണ്ട് പഞ്ചവിഷയേന്ദ്രിയങ്ങളെ ജയിക്കണം. അതേസമയം അത് മനസ്സിന് മധുരംതരണം(മനത്തുക്ക് ഇനിയൻ)രാഗാത്മകമായ രാമകഥ അതിനാണ്. ഇത്തരം ഉന്നതാവസ്ഥയിലെത്തിയ ശിഷ്യരെ കിട്ടിയാൽ ഏത് ഗുരുവാണ് കനിവോടെ സ്വീകരിക്കാതിരിക്കുക. എത്രയൊക്കെ ശാരീരികവും മാനസികവുമായ പീഢസഹിച്ചാലും ഗുരുഭക്തിയോടെ ഈശ്വരപ്രയാണത്തിന് തുടിച്ച് വിദ്യക്കായി കൈനീട്ടുന്ന ശിഷ്യസമ്പത്ത് ഗുരുവിനെ സംബന്ധിച്ചേടത്തോളം അനഘരത്നം തന്നെയാണ്. ഒരുനല്ല

ഗുരുവും അത് നിരസിക്കയില്ല. പത്മനാഭസഹോദരിയുടെ പേരുറക്കം (യോഗനിദ്ര) താമസികനിദ്രയല്ല.സർവ്വചലനവും നിലച്ച പ്രലയാവസ്ഥയുടെ നാദലയാവസ്ഥയാണ്.യുഗപ്രലയമാണ്.അത് ഈശ്വരാവബോധത്തിന്റെ അതീന്ദ്രിയാവസ്ഥയാണ്.ഒരുവിളികൊണ്ടേ ഓടിവരുന്ന ഭഗവാന്റെ യോഗനിദ്രയിൽനിന്ന് വിഭിന്നവുമാണ്.ആരുടെവിളികേട്ടാലും ഭഗവാൻഓടിവരുന്നു.എന്നാൽ യോഗ്യനായ ശിഷ്യനെ കണ്ടെത്തുംവരെ ദേവി ജ്ഞാനപ്പാലൊഴുക്കുന്നില്ല. കാരുണ്യക്കുറവല്ല കാരണം.ജ്ഞാനം താങ്ങാൻ ശിഷ്യന് ശക്തിയുണ്ടാവില്ല എന്നതാണ്. സത്യത്തെ മൂടിയ ആവരണം നീക്കി യോഗമായയുടെ ഉണർച്ച യോഗ്യനായ ശിഷ്യനുവേണ്ടിമാത്രമാണ്.യോഗ്യരായ ശിഷ്യർ,ഞങ്ങളിതാ എത്തിയിരിക്കുന്നു, ഉണരുക എന്ന് ഗോപികമാരുടെ നിവേദനം.

പതിമൂന്നാംദിനം ചോതി.

രാഗം അഠാനാ താളം മിശ്രചാപ്പ്

മൂലം

പുള്ളിന്റെ വായ് പിളർന്നുകൊന്നാനസുരനെ

കണ്ണന്റെകീർത്തിയെപ്പാടിക്കിടാങ്ങളും

പാവൈക്കളംപുക്കു,വെള്ളിയുദിച്ചിട്ടു

വ്യാഴമുറങ്ങി പുള്ളുംചിലമ്പുന്നു

കേഴമാൻകണ്ണിനീ കാണു,തണുത്തതാം

നീരിലാടാതെനീ പള്ളിയുറങ്ങല്ലേ

കള്ളത്തരംകാട്ടിയീസുദിനത്തിലും

നീയുറങ്ങാതെചേർന്നീടുക സുന്ദരീ

വ്യാഖ്യാനം

പക്ഷിരൂപം പൂണ്ട ബകാസുരന്റെ വായ് പിളർന്ന് അവന്റെ ശിരസ്സ് ഖണ്ഡിച്ച കൃഷ്ണന്റെ പ്രശസ്തി പാടിപ്പാടി പെൺകിടാങ്ങളെല്ലാം പാവൈക്കളത്തിലെത്തിക്കഴിഞ്ഞു. വെള്ളി(ശുക്രഗ്രഹം) ഉദിച്ചു,വ്യാഴം അസ്തമിച്ചു(ഉറങ്ങി). കൃഷ്ണമൃഗമിഴീ, പുള്ളുകളെല്ലാം ചിലച്ചു. മിഴിയുറന്നുകാണുക. പ്രഭാതമായി.നന്നായിതണുത്ത പുഴയിലെ വെള്ളത്തിൽ നീരാടാതെ, ഇനിയും പള്ളിയുറങ്ങുന്നത് മോശംതന്നെ. ഹേ,സുന്ദരീ,ഈ സുദിനത്തിൽ കള്ളയുറക്കം നടിച്ച് ഉറങ്ങാതെ,ഞങ്ങളുടെ കൂട്ടത്തിൽ ചേർന്ന് നീരാടുക.

പക്ഷി വളരെ മനോഹരമായ ഒരു രൂപമാണ്. മനോഹരമായ പക്ഷിരൂപ് ധരിച്ച് കൊറ്റിയായി നടിച്ചുവന്ന ബകാസുരനെ കൃഷ്ണൻ ഒററനോട്ടത്തിൽതന്നെ തിരിച്ചറിഞ്ഞു. അവന്റെ തനിനിറം പുറത്താക്കി വധിക്കയും ചെയ്തു. സന്യാസിവേഷംകെട്ടിയ രാവണനും രാമന്റെ കയ്യാലായിരുന്നു മരണം. കള്ളമുനിവേഷംകെട്ടിയവനെ കണ്ടുപിടിച്ച് നശിപ്പിക്കാനുള്ള സൂക്ഷ്മദർശനപാടവമുണ്ട് കൃഷ്ണമൃഗമിഴിയായ നിനക്കും. (കൃഷ്ണപതിക്ക്).സ്വഛവും ശ്ലാഘ്യവും സാരഗ്രാഹിയുമായ ദർശനക്ഷമതയെ മനോഹരങ്ങളായ നയനങ്ങൾകൊണ്ട് വിവക്ഷിക്കുന്നു. ബാഹ്യലോകത്ത് ഒട്ടേറെ കള്ളസന്യാസിക ള്, ഭക്തരെ വഴിതെററിക്കാനുളളപ്പോള് അവരെ വഴിതെറ്റാതെ നടത്തേണ്ട ജ്ഞാനിയായ ഗുരു കണ്ണടച്ച് (തന്റെ ദർശനപാടവം ഉപയോഗിക്കാതെ) ഇരിക്കരുത്. കൃഷ്ണഭക്തിപ്രവാഹത്തിൽസ്വഛശീതളജലത്തിലെന്നപോലെ പുളകാങ്കുരമണിഞ്ഞ് നീരാടണം.എന്നിട്ട്,തന്റെ സാന്നിദ്ധ്യത്താൽ(കലന്തൽ-കൂട്ടുചേരൽ) ആനന്ദബാഷ്പമണിയിച്ച് ലോക

ത്തെ വിമലീകരിക്കുമം.പാവായ്(സുന്ദരീ) നീ ഞങ്ങളോടൊപ്പം പാവൈക്കളത്തിലേക്ക് വരിക. ഒട്ടേറെപ്പേർഅവിടെ നിന്നെ കാത്തിരിക്കുന്നു.ഭഗവദ്കഥകൾപറയുന്ന കാലക്ഷേപകൂടമാണ് (കൂത്തമ്പലം) പാവൈക്കളമെന്നും അവിടെ കൃഷ്ണനും കൃഷ്ണകഥപറഞ്ഞ് കാലക്ഷേപം ചെയ്യുന്നവരും ഒരു സംഘം(കഴകം) ആണെന്നു പറയുന്നു.ആ കഴകത്തി ൽകൃഷ്ണാനുഭവസമ്പന്നയായ ഒരു ജ്ഞാനയോഗിനി ചേരാതിരുന്നുകൂടാ എന്ന് അർത്ഥം. അതിനുള്ള ശുഭമുഹൂർത്ത മായി. വ്യാഴഗ്രഹം പടിഞ്ഞാറ് അസ്തമിച്ചു, കിഴക്ക് ശുക്രഗ്രഹം ഉദിച്ചു. ആഗ്രഹായണകാലത്ത് കിഴക്ക് സൂര്യോദയത്തി നുമുമ്പ് ശുക്രനേയും പടിഞ്ഞാറ് വ്യാഴത്തേയും 180 ഡിഗ്രി വ്യത്യാസത്തില് കണ്ടിരുന്ന കാലത്താണ് ആണ്ടാള് തിരു പ്പാവൈ രചിച്ചത്. അതായത്,ധനുവിൽശുക്രനും സൂര്യനും മിഥുനത്തില് വ്യാഴവും ചന്ദ്രനും ഉണ്ടായിരുന്നിരിക്കണം.വ്യാ ഴാഴ്ചകഴിഞ്ഞ് വെള്ളിയാഴ്ച പുലർന്ന് എന്നും അർത്ഥമുള്ളതിനാല് പതിമൂന്നാം പാസുരം പാടിയത് വെള്ളിയാഴ്ചയാവ ണമെന്നും പക്ഷമുണ്ട്. വ്യാഴം മിഥുനത്തോട് ചേർന്നു.ഗുരു ഗുരുപത്നിയോട് ചേർന്നു. ശുക്രൻ (കാമദേവത) ധനുസ്സേ ന്തിയ രൂപത്തിൽ വസന്താഗമത്തിനായി കാത്തിരിക്കുന്ന മുഹൂർത്തം വരാനായി. കൃഷ്ണനെന്ന പരമഗുരുവിന്റെ മിഥുന മായ ജീവാത്മാവ് ഈ ലയനവേളയിൽ കള്ളയുറക്കം കാട്ടി കിടക്കരുത്. അവന്റെ ലീലയായ മാർകഴിനീരാട്ടിനായി ഉണരണം.

വ്യാഴം ദേവഗുരു ബൃഹസ്പതി. ബൃഹസ്പതിയുടെ ബാർഹസ്പത്യദർശനത്തിൽനിന്ന് ഭാരതത്തിലെ ചാർവ്വാകദർശന മെന്ന നാസ്തികദർശനം ഉത്ഭവിച്ചു. അതിനാല് വ്യാഴം നാസ്തികനാണ്.ശുക്രനോ അസുരഗുരു. എന്നാലും പിച്ചയാ ചിക്കാൻവന്ന വാമനബാലനിൽപോലും വിഷ്ണുവുണ്ടെന്നുകണ്ട അപൂർവ്വദർശനക്ഷമതയുള്ള വ്യക്തി. ശുക്രൻവംശ വൃദ്ധിക്കു സഹായിക്കുന്നു.ഐശ്വര്യം,കാമം,മൈഥുനം,കൃഷി ഇവക്കൊക്കെ ശുക്രൻ ബലവാനാവണം. ഇവിടെ ഗുരു ഗുരുപത്നിയോടു ചേരുന്ന വേളയില് ഇണയില് ലയിച്ച് ഒന്നായി അസ്തമിക്കുന്നു,ദ്വൈതഭാവം തീരുന്നു. അതിന്ന് കാമദേവന്റെ ഉദയമാണ് സഹായമായത് (ശുക്രന്റെ).നാസ്തികതയുടെ അസ്തമയത്തിന് ആസ്തികത സഹായമാണ്. ദ്വൈതഭാവം അസ്തമിക്കാനായി ലയനം വേണം.പ്രണയിക്കുന്ന മിഥുനങ്ങളിൽ ദ്വൈതഭാവമുണ്ട്. ലയനവേളയിലോ, അദ്വൈതഭാവമേയുള്ളു. പാവൈ സുന്ദരി.പാവൈക്കളം സുന്ദരിമാർ കൂടുന്ന കളം. ത്രിപുരസുന്ദരിയുടെ കളം(കോലം) വരയുന്ന സ്ഥലം. ശ്രീചക്രരൂപം വരച്ച മണ്ഡപം. അവിടെ ആരാധിക്കപ്പെടാനാണ് ത്രിപുരസുന്ദരിയെ ആവാഹിച്ച് ഉണർത്തി കൊണ്ടുപോകുന്നത്. ദേവിയുടെ സാന്നിദ്ധ്യമില്ലാതെ കൃഷ്ണന് ആനന്ദമില്ല.അവളുടെ കലന്തലാണ് അവന്നാ വശ്യം. അവളുടെ ഒരേ ഒരു അപാംഗവീക്ഷണം കൊണ്ടുതന്നെ കൃഷ്ണൻസന്തോഷിക്കും.ജഗത്തിന് സർവ്വകാമങ്ങളും സാധിക്കും.

പതിനാലാം ദിനം വിശാഖം

രാഗം സാരംഗ താളം ഖണ്ഡചാപ്പ്

<u>മൂലം</u>

ഉങ്കൾപുഴക്കടൈതോട്ടത്തു വാവിയുള്,

ചെങ്കഴനീർവായ്നെകിഴ്ന്ത്താമ്പൽവായ്കൂമ്പിനകാണ്

ചെങ്കർപ്പൊടിക്കൂറൈ വെൺപല്ലുവത്തവര്

തങ്കള്ത്തിരുകോയില്ചങ്കിടുവാന്പോതന്താര്,

എങ്കളൈമുന്നമെഴുപ്പുവാന്വായ്പേശും

നങ്കായ് എഴുന്തിരായ് നാണാതായ് നാവുടൈയായ്

ചങ്കൊടുചക്കരമേന്തുന്തടക്കൈക്കയ്യൻ

പങ്കയക്കണ്ണാനെപ്പാടലോരംപാവായ്

<u>മലയാളം</u>

നിന്പ്പുഴയോരത്തോപ്പുവാപിയില്ചെങ്കഴ-

നീരുവിരിഞ്ഞാമ്പല് കൂമ്പി പകലായി

ചെങ്കല്പ്പൊടിനിറക്കാവിയുടുത്തവര്

വെണ്പല്ലടയവര്നിത്യതപസ്വികള്

ശ്രീകോവില്ശംഖംമുഴക്കുവാന്പോയ്,നാണ-

മില്ലാതുറങ്ങുന്നോ,വായാടി,യിന്നലെ

ഞാനുണര്ത്താമെന്നുചൊന്നതോര്ത്തീടാതെ,

മാനിനീ,ശംഖോട്ടുചക്രധാരിക്കയ്യൻ

പങ്കജലോചനനെപ്പാടിയുണര്ത്തുവാന്

വേഗമുണര്ന്നീട്ടു, സുന്ദരിയേയിനി.



<u>വ്യാഖ്യാനം</u>

നിന്റെ പുഴക്കരത്തോപ്പിലെ കുളത്തില് ചെങ്കഴനീര്പ്പൂക്കളെല്ലാം വിരിഞ്ഞു,ആമ്പല് കൂമ്പി.ചെങ്കല്പ്പൊടിനിറമുള്ള കാവിമുണ്ടുധരിച്ചവരും വെളുത്ത പല്ലുള്ളവരുമായ തപസ്വികള് അവരവരുടെ ക്ഷേത്രത്തിലെ ശംഖുമുഴക്കാനും കൈങ്കര്യം ചെയ്യാനും പോയി.വായാടിപ്പെണ്ണേ,ഞാന്,നിങ്ങളെ നേര്ത്തെ ഉണര്ത്താമെന്ന് ഏറ്റിട്ട് അതും മറന്ന് നാണമില്ലാതെ ഉറങ്ങുന്നവളേ,ശംഖും ചക്രവുമേന്തിയ ബലിഷ്ഠകരങ്ങളോടെ നില്ക്കുന്ന പങ്കജലോചനനെ സ്തുതിച്ചുപാടാനായി ഉണരുക. വീട്ടുമുററത്തെ കുളത്തില്നിന്ന്(സംസാരം)വിഷ്ണുവിന്റെ ആലയത്തിലേക്ക് (നിര് വ്വാണം)ഉള്ളപ്രയാണമാണ് ബിംബം. ചന്ദ്രന്റെ പ്രിയതമകളായ ആമ്പലുകളുറങ്ങി.സൂര്യനാരായണന്റെ പ്രിയതമകളായ ചെങ്കഴനീര്പ്പൂവുകളെല്ലാം വിരിഞ്ഞു. വിഷ്ണുഭക്തയായ ദേവിക്കും താമരക്കണ്ണുതുറക്കാനായി. പങ്കജക്കണ്ണനെ വാഴ്ത്തിപ്പാടാനായി . പ്രണവശംഖധ്വനിമുഴക്കി, കാവിധരിച്ച്,വെളുത്തപല്ലുകളുള്ള തപസ്വിയെപ്പോലെത്തന്നെ കിഴക്ക് സൂര്യന് വെണ്കതിര്പ്പുഞ്ചിരിതൂകി, കാവിയുടുത്ത് നില്ക്കുന്നു,കിളികളുടെ ശംഖനാദം മുഴക്കുന്നു.അവന് തന്റെ ആലയത്തിലേക്ക് പ്രിയതമയെ ക്ഷണിക്കയാണ്.

ഞാനാദ്യമുണരാമെന്ന് ആത്മപ്രശംസയോടെ വാഗ്ദാനംചെയ്ത ഗോപിക ഇപ്പോഴും ഉണര്ന്നില്ല.മറ്റുള്ളവരെ ഉണര്ത്തിയുമില്ല.അവരാണ് നേരത്തെ ഉണര്ന്ന് അവളെ ഉണര്ത്താനായി പാടുപെടുന്നത്.സൂര്യന്ജ്ഞാനമാണ്.ജ്ഞാനം ഹൃദയമാകുന്ന താമരയെ വിടര്ത്തുന്നു.ബോധകേന്ദ്രത്തെ ജ്ഞാനം പ്രകാശിപ്പിക്കുന്നു. ചന്ദ്രന്കലാപൂര്ണ്ണനാണ്. ഇന്ദ്രിയസംവേദനത്തെ,പ്രജ്ഞയെ ഉറക്കിക്കിടത്തുന്നു.സ്വപ്നത്തെ ഉണര്ത്തുന്നു.ഉണരാതെ സ്വപ്നംകണ്ടുകിടക്കുന്ന നായികയോട് സൂര്യജ്ഞാനോദയത്തെ ഓര്മ്മിപ്പിക്കുന്നു.വീട്ടുമുററത്തെ തോട്ടത്തെ ഓം നമോ നാരായണായ എന്ന അഷ്ടാക്ഷരമന്ത്രത്തോട് താരതമ്യപ്പെടുത്തുന്നു

ഓം എന്ന പ്രണവമന്ത്രം വൃത്താകൃതിയില്.നടുവില് പഞ്ചഭുജം.5 കരം നാരായണായ.പഞ്ചഭുജം നമോ എന്ന കാരണജലധി.അതിലെ നാഭീപത്മം (താമര.ചെങ്കഴനീര്)ഗോപിക.പ്രണവരൂപിയായ സൂര്യനുദിക്കുമ്പോള് അവളുണരുന്നു. അതുവരെ അഴള് മയക്കത്തിലാണ്.സര്ഗ്ഗത്തിനുമുമ്പുള്ള ലയയോഗത്തില്സ്വാത്മാവിലെ പ്രകാശത്തില് മതിമറന്ന്, സ്വയംവരിച്ച ഏകാന്തതയുടെ മൌനതപസ്സിലാണ്.ഇതില്നിന്നുണരാനാണ് തോഴിമാര് വിളിക്കുന്നത്. പഞ്ചഭൌതിക പ്രപഞ്ചത്തിലേക്ക് വീണ്ടും ഉണരാന്.തപസ്വികളെല്ലാം ശംഖുമുഴക്കി സഞ്ചരിക്കുന്നത് അവനവന്റെ ഇഷ്ടദേവന്റെ കോവിലിലേക്കാണ്.അവരുംകൂടി ഏകാന്തതപസ്സിലല്ല. കാവിയുടുത്ത അവര്താംബൂലം ഉപേക്ഷിച്ച വെളുത്തപല്ലുള്ളവരായി. സംസാരത്തില് അവര്ക്ക് പങ്കില്ല. സമൂഹപ്രാര്ത്ഥനയിലും സദ്സംഗത്തിലും പങ്കുണ്ട്താനും. പ്രേമതപസ്വിനിയായ ദേവിക്കും ഇങ്ങനെ ഏകാന്തവാസം വഏണ്ടതില്ല. ജ്ഞാനത്തിലും ഭക്തിയിലും വൈരാഗ്യത്തിലും ധനികയായ യോഗിനി ഗുരുവാണ്.അവള് ശിഷ്യരോടൊത്തുവേണം കഴിയാന്.ശിഷ്യരോടൊത്തുകഴിയുമ്പോഴേ ഗുരുവിന്റെ ജ്ഞാനം പരിപൂര്ണ്ണമായി പക്വഫലം തരൂ.സ്ത്രീ അമ്മയായാലേ ദാമ്പത്യം(സംസാരം)പൂര്ണ്ണതയടയൂ.അതുപോലെ ഗുരുവിന് നല്ല സിഷ്യരെ കിട്ടിയാലേ ഗുരുവിന്റെ ജ്ഞാനം പൂര്ണ്ണമാവൂ.

നങ്കൈ സുന്ദരിയായ യുവതി.ഈശ്വരാനുഭവം നേടിയവള്.നമ്പി എന്ന നാരായണന്ന് അനുരൂപയായ പതി. എന്നിട്ടും ലജ്ജാശീലയായി മിണ്ടാതിരിക്കയാല് നാണാതായ് എന്നുവിളിക്കയുമാകാം. അത് ഗുരുവിന് ഭൂഷണമായ സ്വഭാവമല്ല. അവള് നാവുടൈയായ് ആണ്. ശക്തമായ ബാഷയും നാവും ഉള്ള സരസ്വതി. ഉത്തമവിദ്യയുടെ ഇരിപ്പിടം.ഗുരു മൌനിയായി ലജ്ജിച്ച് ഇരുന്നാല്,തന്റെ ഈശ്വരാനുഭവം പറയാതിരുന്നാല്,ഭൂമിയിലെ കള്ളനാണ്യങ്ങള്പോലുള്ള കള്ളഗുരുക്കന്മാര് മനുഷ്യരെ വഴിതെറ്റിക്കും. ശംഖചക്രധാരിയായ ,ബാഹുബലമുള്ള പങ്കജലോചനനിലുള്ള മധുരഭക്തിയും ലയനവും ജ്ഞാനവും ലജ്ജവിട്ട് പറയുക,അത് നിന്റെ കുലവധൂധര്മ്മംതന്നെയാണ്.

പതിനഞ്ചാംദിനം അനിഴം

രാഗം സൌരാഷ്ട്രം താളം തിസ്രഅട .10 അക്ഷരകാലം.

<u>മൂലം.</u>

എല്ലേ ഇളംകിളിയേ ഇന്നുമുറങ്കുതിയോ

ചില്ലെന്റ്റൈയേന്മിന്നങ്കൈമീര്പോതര്കിന്റേന്,

വല്ലൈയുന്കട്ടുരൈകെള്പണ്ടേയുടന്വായറിതും

വല്ലീര്കള്നീങ്കളേനാനേതാനായീടുക

ഒല്ലൈനീ പോതായുനക്കെന്ന വേറുടൈയ

എല്ലാരും പോന്താരോ പോന്താര്പോന്തെണ്ണിക്കൊള്

വല്ലാനൈകൊന്റ്റാനൈമാറ്റാരൈമാറ്റഴിക്ക

വല്ലാനൈമായനൈ പാടേലോരെന്പാവായ്

<u>മലയാളം</u>

“എന്താണിളംകിളിയേ,ഇന്നുമുറങ്ങുകയോ,”

“ഞാനിതാപോരുന്നുറക്കെവിളിക്കരുതേ”

“വായാടിത്തംഅറിയാം ഏറെപ്പറയേണ്ട”

“നിങ്ങളാവായാടി,ഞാനായാലെന്താവോ”

“കൂടെവാ,വേറൊരുമാര്ഗ്ഗമെന്തിന്നെടോ”

“എല്ലാരുമെത്തിയോ” ,”നീയെണ്ണിനോക്കിക്കോ”

“ശക്തനാമാനയെശ്ശത്രുക്കളെക്കൊന്ന

മായവന്പേര്പാടിപ്പോവുകസുന്ദരീ”

പത്താമത്തെ ഗോപിക മറ്റുള്ളവരുടെ ദോഷങ്ങളുംകൂടി തന്റേതെന്ന് സ്വീകരിക്കയാല് പൂര്ണ്ണാത്മീയവളര്ച്ചയെത്തിയ നിസ്വാര്ത്ഥയായ ജ്ഞാനിയാണ്.ആത്മാനന്ദത്തിന്റെ വിളഞ്ഞവയലില്സ്വഛന്ദം വിഹരിക്കുന്ന ഇളംകിളിയെപ്പോലെയാണവള്.അവളുടെ പാട്ടിന്റെ മാധുര്യം നുകരാന് കേള്ക്കുന്നവരുടെ ഉള്ളിലും അത്രതന്നെ മാധുര്യം വേണം. സ്വയംമറന്ന അനുഭൂതിപാരമ്യത്തില് പാതിമയക്കത്തിലുള്ള ഈ കിളിക്കൊഞ്ചല്കേട്ട സഖിമാര്,നീയിനിയും ഉണര്ന്നില്ലേ ഇളംകിളിയേ എന്നു ചോദിച്ചത് ആ പാട്ടിലെ മയക്കത്തെയാണ് .മൌനമുദ്രിതമായ പ്രഭാതത്തിലെ മന്ദ്രസ്വരത്തിന് വിഘാതമായി ,ഒച്ചവെച്ച് സംസാരിക്കരുത്,വിളിക്കരുത് എന്ന് അവള്തോഴിമാരോട് വിലക്കി.ഉടനെ വരാമെന്നു പറഞ്ഞ് അവള്വീണ്ടും വൈകുമോ എന്നാണ് തോഴിമാരുടെ സംശയം. അവള്തന്റെ ഏകാന്തികഭക്തിമാര്ഗ്ഗത്തില് തനിച്ച് ഒട്ടേറെ മുന്നോട്ടുപോയിക്കഴിഞ്ഞവളാണ്.തങ്ങളുടെ കൂടെ വന്നില്ലെന്നുവരാം. എന്നാല്,അവള് അവര്ക്കായി തന്റെ പ്രയാണവേഗം കുറച്ച് അവരോടുചേര്ന്ന് പാടുന്നു.എല്ലാവരും വന്നുവോ എന്ന് ഉറപ്പുവരുത്തുന്നു.സംഘത്തിന്റെ നേതൃസ്ഥാനം വഹിക്കാനുള്ള കഴിവ് ഈ സംഭാഷണം ചൂണ്ടിക്കാട്ടുന്നു.

ഗുരുവും ശിഷ്യരും തമ്മിലുള്ള സംഭാഷണരൂപമാണ് ഈ പാസുരം. ജ്ഞാനം,സ്വഭാവം,ക്ഷമ, വിനയം,നിത്യഹരിതയൌവനം , മധുരവാക്ക്, മൃദുസ്വരത്തിലുള്ള സങ്കീര്ത്തനം-ഇവകളാലാണ് ഇവിടെ ഗുരു ശിഷ്യരെ ആകര്ഷിച്ചത്. ഗുരു പൂര്ണ്ണപ്രജ്ഞനായി ഉണര്ന്നവനാണ്.മററുള്ളവരുടെ ഘോരശബ്ദത്താല് തന്റെ ധ്യാനം വിഘ്നപ്പെടുന്നത് ഇഷ്ടമില്ലാത്തവനാണ്.എന്നിട്ടും അവര്ക്കുവേണ്ടി ,തന്റെ സ്വഛന്ദസഞ്ചാരം നിര്ത്തിവെച്ച് അവരോടുകൂടിസ്സഞ്ചരിക്കാന് ത്യഗസന്നദ്ധതഉള്ളവളുമാമ്. അല്പ്പസമയം ചോദിച്ചപ്പോള്,ശിഷ്യര്ക്കുസംശയം ആ സമയംകൊണ്ട് മനസ്സുമാറി വാക്കുമാറുമോ എന്ന്. തങ്ങളുടെ കൂടെ ചേരാന് വിസമ്മതിക്കുമോ എന്ന്. ഇത്തരം വാക്കുകൊണ്ട് ഗുരുവിന്റെ ശാന്തത നഷ്ടപ്പെടുന്നില്ല. അവള് എല്ലാവരും എത്തിയില്ലേ എന്ന് എണ്ണിനോക്കി,ആ കഴകത്തെ തന്റെ സാന്നിദ്ധ്യത്താല് പ്രസാദമധുരമാക്കുന്നു. സൌമ്യരൂപമാണ് ,കരുണാസമുദ്രമാണ് നാരായണന്.അവനെ മൃദുലഭാവത്തില് പാടി ആനന്ദിപ്പിക്കണമെന്നാണ് ഗുരു തരുന്ന ആദ്യപാഠം. മററുള്ളവരെ അവരുടെ ശാന്തമായ ധ്യാനവേളയില് തടസ്സം സൃഷ്ടിക്കുമാറ് ഉറക്കെ വിളിക്കരുത് എന്നും ഒരു പാഠമുണ്ട്. ഭഗവാന്റെ നാമരൂപങ്ങള് നിരന്തരം ഹൃദയമെന്ന കൂട്ടില് വെച്ചിരിക്കയാല്,ഓങ്കാരപഞ്ജരശുകിയാണ് നായിക. ശുകം ഹരിതവര്ണ്ണമാണ്. ഹരിയുടെ ഇണയാണ്.അത് ദേവിയുടെ കയ്യിലെ കളിത്തത്ത(ലീലാശുകം).പാട്ടിനും സംഭാഷണത്തിനും അദ്ധ്യാപനത്തിനും കാര്ഷികസമ്പത്തിനും ഹരിതാഭക്കും നിത്യഹരിതയൌവനത്തിനും ഹരിക്കും ഹരിപ്രിയയായ വാഗ്ദേവതക്കും

പ്രിയങ്കരം ശുകം.ശുകത്തെക്കൊണ്ട് പാടിക്കുന്ന രീതി ,ശാരികയെ പഠിപ്പിക്കുന്ന ശാരദയെന്ന സരസ്വതിസങ്കല്പ്പത്തിലാണ്. വ്യാസപുത്രനായ നിര്മ്മലസ്വരൂപവും ശുകമാണ്, മഹാഭാരതകഥപാടിപ്പറയുന്നവനാണ്.

രാമന്റെ വനവാസം ഭരതന്റെ കുററമായിരുന്നില്ല. എന്നിട്ടും ഭരതന്പറഞ്ഞു.മന്ഥരക്കോ കൈകേയിക്കോ ദശരഥനോ അല്ല, എന്റെ പൂര് വ്വജന്മത്തിലെ പാപകര്മ്മംകൊണ്ടാവാം . ഇങ്ങനെ മററുള്ളവരുടെ പാപം ചുമലിലേറ്റുന്നവനേ ആത്മീയഗുരുത്വമുള്ളു. ഇങ്ങനെ ഒരാള് ചെയ്യാത്ത കുററം ഏറ്റെടുത്ത നിമിഷം കുററം ചെയ്തവര് ലജ്ജിക്കുന്നു.ആ ഗുരുവിനെ തങ്ങളുടെ കൂടെ ചേര്ന്ന് തങ്ങളെ നയിക്കാനായി ക്ഷണിക്കുന്നു.ഇവിടെ താനേതാനായീടുക എന്ന് മൃദുഭാഷിണിയായ ദേവി ,താനാണ് വായാടി,മററുള്ളവരല്ല എന്ന് സമ്മതിച്ചത് ഇത്തരമൊരു സന്ദര്ഭം സൃഷ്ടിക്കുന്നു.കുവലയാപീഠമെന്ന ശക്തനായ ആനയേയും കംസാദിശത്രുക്കളേയും വധിക്കുന്ന കഥാസന്ദര്ഭത്തില്പോലും ബീഭത്സഭയാനകഭാവംകൂടാതെ മൃദുവായി പറയാനുള്ള കഴിവ് മായോന്റെ ഹരികഥാകാലക്ഷേപം ചെയ്യുന്ന ഭക്തസംഘങ്ങള്ക്കിടയില്,നേതൃസ്ഥാനത്തിന് അര്ഹത നേടിക്കൊടുക്കുന്നു. ഗുരുവിന്റെ ഭക്തി,സൌമ്യശ്രു തി, മൃദുസ്വരം ഇവ കൃഷ്ണകഥാകഥനത്തെ മധുരതമമാക്കുന്നു.

നന്ദന് ആചാര്യന്,ആനന്ദിക്കുന്നവന്. യശോദ മന്ത്രം,യശസ്സ് തരുന്നവള്.ആചാര്യനാലും മന്ത്രത്താലും വളര്ത്തപ്പെട്ട കൃഷ്ണന് ,കുവലയാപൂഠമെന്ന അഹങ്ഖാരത്തെ നശിപ്പിക്കുന്നു.കാമക്രോധങ്ങളാകുന്ന ശത്രുക്കളെ നശിപ്പിക്കുന്നു. കാമക്രോധങ്ങളുടെ മൂലം രാജസപ്രഭാവമായ കംസനാണ്. അതിനെ നശിപ്പിച്ച ശേഷം ഭക്തനായ ജീവാത്മാവിന് കൃഷ്ണന് പൂര്ണ്ണമായി കീഴടങ്ങിക്കൊടുക്കുന്നു. അതോടെ ആനന്ദവും യശസ്സും (ഗുരുകൃപയും മന്ത്രസിദ്ധിയും) സ്വാഭാവികമായി ലഭിക്കുന്നു.

പതിനാറാം ദിനം തൃക്കേട്ട

രാഗം യമുനാകല്യാണി താളം ആദി

<u>മൂലം</u>

നായകനായ് നിന്റ നന്ദകോപനുടൈയ

കോയില് കാപ്പാനേ കൊടിത്തോറ്റം തോരണ

വാചല് കാപ്പാനേ മണിക്കതവം താള് തിറവായ്

ആയര്ചിറുമിയരോമുക്കുഅറൈപറൈ

മായന്മണിവണ്ണന്നെന്നലേവായ് നേര് ന്താന്

വായാല് മുന്നമുന്നം മാറ്റാതേ അമ്മാനീ

നേയനിലൈക്കതവം നീക്കേലോരംപാവായ്

<u>മലയാളം</u>

നായകന്നന്ദഗോപന് കോവിലുംതോരണ-

വാതില് കൊടിക്കുറകാക്കുന്നപാലകാ

മാമണിക്കതവിന്റെ താഴുതുറക്കു,മണി-

വര്ണ്ണനെപ്പാടിയുണര്ത്തുവാനെത്തിഞങ്ങള്

ആയര്ച്ചിറുമികള്ക്കുപറയുമറയും നല്കാന്

മായനിന്നലെത്തന്നു വായാല് വരം ,അവനെ-

പ്പാടിയുണര്ത്തുവാനെങ്ങളെസ്നേഹനില-

യോടെക്കതവുതുറന്നാനയിക്കൂ സുന്ദരീ

വ്യാഖ്യാനം

നായകനായ നന്ദഗോപരുടെ കോവിലും കൊടിക്കൂറയും തോരണവാതിലും കാക്കുന്ന ദ്വാരപാലകാ,മണിക്കതവിന്റെ താഴ് തുറക്കുക.ആയര് വാടിയിലെ സുന്ദരിപ്പെണ്കിടാങ്ങളായ ഞങ്ങള്ക്ക് അറയും പറയും തരാമെന്ന് മായോന് മണിവണ്ണന് ഇന്നലെത്തന്നെ പറഞ്ഞതാണ്.അതിനാല് അവനെ പാടിയുണര്ത്താനെത്തിയ ഞങ്ങളെ വിലക്കാതെ സ്നേഹനിലയില്ത്തന്നെ കതക് തുറക്കുക.

ഭഗവദ്സവിധത്തിലെത്തുംമുമ്പ് ദ്വാരപാലകരെ കാണുന്നു.ആദ്യത്തെ 5 പാസുരങ്ങളില് വ്രതത്തിന്റെ വിധികള്, പിന്നത്തെ 10 പാസുരങ്ങളില് 10 അവതാരഗോപികമാരെ ഉണര്ത്തുന്നത്. ഓരോ ഗോപികയും ഓരോ പ്രത്യേകധ്യാനാവസ്ഥയിലുള്ള യോഗിനിയാണ്,ഗുരുവാണ്.അവര്ജനങ്ങളെ ദര്ശനത്തിലേക്ക് നയിക്കുന്നു.ദര്ശനത്തിനും വരപ്രസാദത്തിനും മുമ്പ്,മാനസികമായ ഒരുമാറ്റം ഭക്തരിലുണ്ടാവുന്നു.സുന്ദരികളായ ഗോപവധൂജനങ്ങള് കൃഷ്ണന്റെ ദ്വാരപാലകര് മുതലായ സേവകരോടും മാതാപിതാക്കളോടും ങ്ങളെ സഹായിക്കാന് പറയുന്നതുവഴി ഈ മാനസികമായ തയ്യാറെടുപ്പിനെ ഇനി കാണിക്കുന്നു. ങ്ങളുടെ പാതയില് ഒരുവിഘ്നവും ഉണ്ടാവരുത്. അതിനാല് ദ്വാരപാലകരുടെ കാലില് വീണ് അമ്മാ എന്ന് ആനന്ദപൂര് വ്വം വിളിക്കുന്നു,ഗോപികള്. ഗോലോകത്തില് ദ്വാരപാലകര്പോലും സ്ത്രീകളാണെന്നും കൃഷ്ണന് മാത്രമാണ് പുരുഷനെന്നുമുള്ള ഗര്ഗ്ഗഭാഗവതത്തിലെ പരാമര്ശം ഇവിടെ ഈ അഭിസംബോധനയാല് ആണ്ടാള്സൂ ചിപ്പിക്കുന്നു. സകലജീവാത്മാവും സ്ത്രീകളാണ്. ബ്രഹ്മം(പരമാത്മാ)മാത്രം പുരുഷനെന്നതാണ് ഗോലോകതത്വം. ദ്വാര പാലകരേയും വണങ്ങുന്ന ഗോപികമാരില് ആചാര്യനെവണങ്ങുന്നതിനെത്തുന്ന ശിഷ്യരുടെ വിനയം ദ്യോതിപ്പിക്കുന്നു. പരമഗുരുവായ കൃഷ്ണന്റെ സേവകന്റെ ദാസരാണ് (ദാസാനുദാസത്വം)തങ്ങളെന്ന് വൈഷ്ണവഭക്തിസമ്പ്രദായപ്രകാരം അവര്അംഗീകരിക്കുന്നു. ശ്രീരാമദാസദാസോഹം എന്ന് ത്യാഗരാജസ്വാമി പറഞ്ഞതും ഇതുമായി താരതമ്യം ചെയ്യാം. വൈകുണ്ഠത്തിലിവിഷ്ണുപാര്ഷദരെപ്പോലെയാണ് നന്ദഗോപരുടെ കോവിലിന്റെ പ്രാസാദം കാക്കുന്നവരും. അന്തരംഗശിഷ്യന്മാരാണ് കോവില്പ്രാസാദം കാക്കുന്നത്.അവരുടെ പ്രസാദം വേഗം കോവിലിലേക്ക് പ്രവേശനംനല്കുന്നു.ഈശ്വരനെ പ്രേമിക്കുന്നവര് ആദ്യം ഇന്ദ്രിയങ്ങളെ കീഴടക്കണം.10 ഗോപികമാര് ദശേന്ദ്രിയങ്ങളാണ്. (ജ്ഞാന,കര്മ്മേന്ദ്രിയങ്ങള്). അതിനുശേഷം പ്രാണനെ കീഴടക്കുന്നു.കൊട്ടാരം ദ്വാരപാലകരാണ് പ്രാണങ്ങളും മനസ്സും.അവരെ അവരുടെതന്നെ സഹായത്തോടെവേണം നിയന്ത്രിക്കാന്.

നന്ദഗോപന്റെ കൊട്ടാരം പ്രണവമാണ്.പ്രണവത്തിലേക്ക് ജപധ്യാനാദികളാല്പ്രവേശനംകിട്ടിയശേഷമാണ് ഏറ്റവും ആനന്ദമയമായ ഈശ്വരാനുഭവം സാധിക്കുന്നത്. അതിന്റെ ആനന്ദം സൂക്ഷിക്കുന്നവനാണ് നന്ദഗോപന്. ധര്മ്മാനുസൃതമായി നിഷ്ഠയായി ജീവിക്കാത്തവര്ക്ക് ഈശ്വരസവിധത്തിലേക്ക് പ്രവേശനമില്ല.ഇത് പരീക്ഷിച്ചറിയുന്നതിനാണ് അന്തരംഗശിഷ്യരായ ദ്വാരപാലകര്.പ്രാണമനോവാഗ് കായങ്ങളുടെ ശുദ്ധി പരീക്ഷിക്കുന്നവരാണവര്. ഗരുഡചിഹ്നം ആലേഖനംചെയ്ത കൊടിക്കൂറ സുപര്ണ്ണമെന്ന അമൃതവാഹനത്തെ സൂചിപ്പിക്കുന്നു.ശ്യേനം വൈദികമായ സിംബലാണ്.അതിനെ കാക്കുന്നവന്അമൃതത്വത്തിന് ശിഷ്യനുള്ള അര്ഹത പരിശോധിക്കുന്നു.വേദം ജ്ഞാനമാര്ഗ്ഗമാണ്.യജ്ജര് വേദത്തില് കവഷമഹര്ഷി പറയുന്നു-സ്വയംസമര്പ്പണമെന്ന വ്രതത്തിലൂടെ ഒരാള്ദീക്ഷ നേടുന്നു. ദീക്ഷ ദക്ഷിണ നല്കുന്നു. ദക്ഷിണ ശ്രദ്ധ നല്കുന്നു. ശ്രദ്ധ സത്യത്തിലേക്കു നയിക്കുന്നു.

ആത്മസമര്പ്പമംചെയ്ത് കൃഷ്ണാവബോധത്തില്ജീവിക്കുന്ന ഗോപികായോഗിനിമാരുടെ സംഘമാണിവിടെ. ഈ ദീക്ഷ അവര്ക്ക് ആന്തരവും ബാഹ്യവുമായ ദക്ഷിണകളെല്ലാം നല്കിയിരിക്കുന്നു. സ്വതന്ത്രമായി മൃദുസംഗീതംപാടുന്ന ശുകമായും, ആനന്ദനടനമാടുന്ന മയിലായും സംഗീതസാഹിത്യനൃത്യാദിചാരുകലകള് അവരെ അനുഗ്രഹിച്ചിരിക്കുന്നു. എന്നാലും അവര് ഈശ്വരസവിധത്തില്നില്ക്കുന്നത് വിനയത്തോടെ ഭക്തിബഹുമാനപുരസ്സരമാണ്.ലവലേശം അഹങ്കാരമില്ലാതെയാണ്. 16 മുതല് 30 വരെ പാസുരങ്ങളില് അവരുടെ ഈ ഭാവം പ്രകടമാണ്. അവരുടെ മുഖങ്ങളില് ജ്ഞാനത്തിന്റെ പ്രസാദം ജ്വലിക്കുന്നു.പ്രേമപൂര് വ്വം ആനന്ദപൂര് വ്വം തന്റെ ജീവിതപ്പാതയില് പ്രിയതമന്റെ ദര്ശനസൌഭാഗ്യത്തിനു വിഘ്നം വരുത്തിയവരേയും നിന്ദിച്ചവരേയും പോലും അവര് സ്മരിക്കുന്നു.അവരുടെ ഉത്സാഹവും സ്വാഭാവികവിനയവും എല്ലാവരിലും ആന്തരികമായ മാറ്റം വരുത്തുന്നു.വിഘ്നങ്ങളെല്ലാം താനേ ഒഴിയുന്നു. പരിപൂര്ണ്ണസമര്പ്പണം ചെയ്തവരെ സംരക്ഷിക്കുമെന്ന് പ്രതിജ്ഞാബദ്ധനാണ് ഈശ്വരന്. ഈവ്രതം വിഭീഷണനെ സ്വീകരിച്ചപ്പോള് ത്രേതായുഗത്തില് തെളിയിച്ചിട്ടുമുണ്ട്. ഇന്നലെ കൃഷ്ണന് പ്രതിജ്ഞ ചെയ്തു എന്ന് കഴിഞ്ഞുപോയ എല്ലാ ഇന്നലെകളേയും (അവതാരലീല) ഇവിടെ ഓര്ക്കുന്നു. ഭഗവാന്റെ അഭയവ്രതത്തിന് ഒരുനാളും മാററമില്ല. ആ പ്രതിജ്ഞ തങ്ങള്ക്കും അനുഭവമായിത്തീരുമെന്ന ഉറപ്പും യോഗിനിമാര്ക്കുണ്ട്.

പറ എന്ന ആവശ്യം ഒരു വ്യാജമാണ്. വാസ്തവത്തില് ഗോപികമാര്ക്ക് ഒരു കാമവുമില്ല. കൃഷ്ണനോടൊപ്പം ഇരുന്ന് പാടി ആനന്ദിക്കണം ,സാമീപ്യസുഖം ആസ്വദിക്കണം എന്നല്ലാതെ. ആ സാന്നിദ്ധ്യമല്ലാതെ ഒന്നും അവര്ക്കുവേണ്ട. കതകു തുറക്കല് ,ആന്തരലോകങ്ങളിലേക്കാണ്.മന്ത്രമുഗ്ധമായ,തികച്ചും വ്യക്തിപരമായ ബ്രഹ്മാനുഭവത്തിലേക്കാണ്. അതിനാല് സ്നേഹനിലൈക്കതവം എന്നു പറയുന്നു. ഈശ്വരപ്രേമത്തിന്റെ വാതിലാണ് അവര്ക്കുതുറക്കേണ്ടത്. പ്രേമപുരസ്സരം ഏകാന്തത്തില്,ഭഗവാനുമായി സംവദിക്കാനും സല്ലപിക്കാനും അവസരം. ശാശ്വതമായ അവസരം. അതിനായി വരുന്നവര് പറ ചോദിക്കാനെന്നുപറയുന്നത് വ്യാജം. ത്രികാലങ്ങളെ അളക്കുന്ന ,ഐശ്വര്യലക്ഷ്മിയായ ധാന്യമണികളെ അളക്കുന്ന,സംഗീതത്തിലെ താളങ്ങളെ കാലങ്ങളായളക്കുന്ന പറ (വിഭൂതി) അതീതജന്മങ്ങളില് ഞങ്ങള്ക്ക് കര്മ്മഫലമായി ഭഗവാന് തന്നിട്ടുണ്ട്.അതേ ആനന്ദാനുഭവം ഈ ജന്മത്തിലും തരാമെന്ന് സത്യം ചെയ്തിട്ടുണ്ട്. അത് പൂര് വ്വജ ന്മകൃതമായ ബന്ധമാണെന്ന് കാവല്ക്കാരെ ഓര്മ്മിപ്പിക്കുകയാണ്. അങ്ങനെ മുജ്ജന്മസേവനത്തിന്റേയും സ്നേഹത്തിന്റേയും ഫലമായി സ്നേഹകവാടം അവരുടെ മുന്നില് തുറക്കപ്പെടുന്നു.

പതിനേഴാം ദിനം മൂലം

രാഗം കാപി താളം രൂപകം

<u>മൂലം</u>

അംബരമേ തണ്ണീരേ ചോരേയറംചെയ്യും

എംപെരുമാന് നന്ദഗോപാലാ എഴുന്തിരായ്

കൊമ്പനാര്ക്കെല്ലാം കൊഴുന്തേ കുലവിളക്കേ

എമ്പെരുമാട്ടി യശോദാ അറിവുറായ്

അംബരമൂടറുത്തോങ്കി ഉലകളന്ത

ഉമ്പര്കോമാനേ യുറങ്കാതെഴുന്തിരായ്

ചെംപൊര്ക്കഴലടിച്ചെല് വ്വാ പലതേവാ

ഉമ്പിയുംനീയുമുറങ്കേലോരംപാവായ്

മലയാളം

അംബരം,തണ്ണീരും അന്നവുംധര്മ്മമായ്

നല്കും പെരുമാളേ നന്ദഗോപാ ഉണരൂ

സുന്ദരിമാര്ക്കുലക്കൊടിയേ കുലവിളക്കേ

എമ്പെരുമാട്ടീ,യശോദാ,ഉണര്ത്തുക

മൂന്നുലകും അളന്നോനെ,ഉമ്പര്കോനേ

ചെമ്പൊന്നുനൂപുരമിട്ട നിന്സോദരന്

ശ്രീബലരാമനൊത്തിട്ടെഴുന്നേല്ക്കുക

പാവൈകളെല്ലാമേ വന്നിതെന് സുന്ദരീ

വ്യാഖ്യാനം

അംബരവും (ആകാശം,വസ്ത്രം) വെള്ളവും (മഴ,പുഴ,കുടിവെള്ളം) ചോറും(അന്നം,സസ്യസമൃദ്ധയായ ഭൂമി) ധര്മ്മാനുസൃതമായി എല്ലാവര്ക്കും തരുന്ന ഞങ്ങളുടെ പെരുമാളേ, നന്ദഗോപാ, എഴുന്നേറ്റാലും. സുന്ദരീമണിമാര്ക്കെല്ലാം കുലക്കൊടിയും കുലവിളക്കുമായ ഞങ്ങളുടെ പെരുമാട്ടീ,യശോദേ.അവനെ വിളിച്ചുണര്ത്തുക. മൂന്ന് അംബരങ്ങളേയും (ഭൂ,ഭുവര്, സ്വര്) ലോകങ്ങളേയും അളന്ന ദേവദേവേശ്വരാ ,(കോമാന് ,രാജപുത്രന്) ഉറങ്ങാതെ എഴുന്നേല്ക്കുക. ചെമ്പൊന്നുകൊണ്ട് വീരക്കഴലണിഞ്ഞ നീയും നിന്റെ സഹോദരന് ബലരാമനും തുയിലുണരാനായി ഞങ്ങളിതാ എത്തിയിരിക്കുന്നു.

പ്രണവമന്ത്രമായ കോട്ടവാതില് തുറന്നുകഴിഞ്ഞു.അന്തരംഗത്തില് നന്ദനും യശോദയും കൃഷ്ണനും ബലദേവനും എന്ന് നാലുപേരെ ക്രമത്തില് പ്രീതരാക്കി തുയിലുണര്ത്തുന്നു. മന്ത്രത്തിന്റെ ഋഷിയായ നന്ദഗോപന്,മന്ത്രമായ യശോദ ഇവരെ ആദ്യം പ്രീതരാക്കുന്നു.അവരാണ് കൃഷ്ണനെ ഗോപികള്ക്കു നല്കേണ്ടത്.ആത്മീയവും ഭൌതികവുമായ എല്ലാ ആനന്ദവും ധര്മ്മവും തരുന്ന സാമ്രാട്ടായി നന്ദഗോപനെ വാഴ്ത്തുന്നു.കൃഷ്ണനെ(ധര്മ്മത്തെ) സംരക്ഷിക്കയും ലോകത്തിന് സമര്പ്പിക്കയും ചെയ്ത പരമഋഷിയായ നന്ദഗോപര്,ഗോപവംശത്തിന്റെ വിളക്കും വംശത്തളിരുമായി യശസ്സരുളുന്ന മന്ത്രം യശോദ(നന്ദഗോപനെന്ന മന്ത്രദ്രഷ്ടാവിന്റെ ദര്ശനം) ഇവരുടെ സംരക്ഷണത്തില് കൃഷ്ണനും ബലദേവനും. ആത്മീയാന്വേഷകരുടെ ലക്ഷ്യവും മാര്ഗ്ഗവുമെല്ലാം ആനന്ദസ്വരൂപമായ ബ്രഹ്മം മാത്രമാണ്. ധരിക്കാന് അംബരം (ധാരകം) ,പോഷകമായി രസജലം,ഭോഗ്യമായി പൃഥ്വി(അന്നം) ഇവയെല്ലാം തരുന്നവനെന്നു വിശേഷണം അതിനാല് കൃഷ്ണാനുഭവം തരുന്നവനെന്നു മാത്രമാണ് .കൃഷ്ണാനുഭവമാണ് ധാരണം ചെയ്യുന്ന ജീവനം.(പ്രണശ്യപ്രാണഃ) പോഷിപ്പിക്കുന്നഅന്നം. ഭുജിക്കുന്ന ആനന്ദം(ആനന്ദോ ബ്രഹ്മഃ) ഇതെല്ലാം നന്ദഗോപനെന്ന ഗുരുഗൃഹത്തില്നിന്ന് തരുന്നു. നന്ദമെന്നാല് ആനന്ദം. ഈശ്വരാനുഭൂതിയുടെ നന്ദനവനമാണ് നന്ദഗോപന്റെ അന്തഃപുരം. അവിടെ ആനന്ദത്തിന്റെ പുത്രനായി ജനിച്ച നന്ദകുമാരനാണ് ശ്രീകൃഷ്ണന്. വേദമാര്ഗ്ഗത്തില് പൂത്ത ആ പാരിജാതസുമം സത് ചിത് ആനന്ദമയം. വസ്ത്രം ശരീരത്തിന് ഭംഗികൂട്ടുന്നു. (ആച്ഛാദനം ചെയ്ത്).ശരീരവും ഒരു വസ്ത്രം (അംബരം,ആകാശം) മാത്രമാണ് .ഒന്നു ജീര്ണ്ണിച്ചാല് മറ്റൊന്ന് മാറ്റിയെടുക്കാവുന്നതാണ്. അതിനാല് വസ്ത്രം മാറല് ,പുതുവസ്ത്രം തരലെന്നത് പുതുജന്മം തരലും കൂടിയാണ്. ആകാശം അഖണ്ഡമാണ്.അതിനെ ഭാഗങ്ങളായി മുറിക്കാനാവില്ല. എന്നിട്ടും ഖണ്ഡങ്ങളായി അനുഭവിക്കുന്നത് ഭൌതികമായ പഞ്ചഭൂതാത്മകമായ ഗ്രാഹ്യശക്തിയുടെ പരിമിതിയാണ്.ബ്രഹ്മാനന്ദം ആകാശംപോലെ അപരിമിതം. അത് അരുളുന്നവനാണ്പരമഗുരു.പ്രാണദായകനും പ്രാണനെ നിലനിര്ത്തുന്നവനുമാണ്.ഗുരു ശിഷ്യന് എല്ലാം തരുന്നു. കൃഷ്ണപ്രസാദം തരുന്നു.കൃഷ്ണപ്രസാദം ആനന്ദമാണ്,കൃഷ്ണനാമം രസാനുഭവംനിറഞ്ഞ പ്രാണജലമാണ്, കൃഷ്ണനാകുന്ന അന്നം സംസാരമെന്ന വിശപ്പുമാറ്റുന്ന ഒരേ ഒരു മരുന്നാണ്.ഇതെല്ലാം തരുന്ന ഋഷിയാണ് നന്ദ

ഗോപന്.യശോദാമന്ത്രമാകട്ടെ,ആത്മീയനിഷ്ഠ,വാത്സല്യഭക്തി ഇവകളാല് ഭക്തരെ കൃഷ്ണനില് ലയിപ്പിക്കുന്നു.ആ പരസ്പരലയനത്താല് യശസ്സ് തരുന്നു. ഇന്ന തറവാട്ടില്ജനിച്ചു,ഇത്ര പണം സമ്പാദിച്ചു,ഇന്നയിന്നത് ചെയ്തു മുതലായവയില്നിന്നുള്ള യശസ്സിന് ഒരു സീമയുണ്ട്,പരിമിതിയുണ്ട്. കൃഷ്ണനില് വിലയിച്ചവരുടെ യശസ്സ് കൃഷ്ണനെപ്പോലെ അപരിമിതമാണ്,അതിന് സീമയില്ല,ദേശകാലാവധിയില്ല.കൃഷ്ണനാമം എങ്ങനെയുള്ളതാണ്.തസ്യനാമ മഹദ്യശഃ മഹതാതയ യശസ്സ് തരുന്ന കൃഷ്ണനെ വാത്സല്യപാശംകൊണ്ട് കെട്ടിയിട്ടവളാണ് യശോദ.ഭക്തര്ക്ക് അതേ വാത്സല്യപാശവും ആത്മീയനിഷ്ഠയും നല്കി മഹദ്യശസ്സിന് പാത്രമാക്കുന്നു ആ ദിവ്യമന്ത്രം. കുലത്തിന്റെ പ്രകാശദീപമാണ് ആ അമ്മ. അന്വേഷകരെ കൃഷ്ണനിലെത്തിക്കുന്ന മാര്ഗ്ഗദീപം. അവളിരിക്കുന്നത് ഉപാസകന്റെ ഹൃദയത്തില്ത്തന്നെയാണ് (വാത്സല്യഭക്തിരൂപത്തില്).അകത്തും പുറത്തും സര് വ്വത്ര കൃഷ്ണനെ കാണുന്ന ദര്ശനത്തിലേക്ക് അവളാണ് നയിക്കുന്നത്. മന്ത്രോപാസനയാല് ഉപാസകനിലുണ്ടാവുന്ന മാറ്റം അരവിന്ദമഹര്ഷി ഇങ്ങനെ രേഖപ്പെടുത്തുന്നുഃ- മൌനത്തില് തന്റെ ആത്മാവിലേക്ക് ഗാഢമായ ഒരന്വേഷണത്തിനിറങ്ങുന്ന ഉപാസകന് മന്ത്രം താളത്തിലാവര്ത്തിക്കുന്നു.മന്ത്രധ്വനി കേള്ക്കുന്നു.വിചാരം,ദര്ശനം,അനുഭൂതി,ആത്മാവ് ,ശാശ്വതമായ ഒരു പരിണാമത്തിന്റെ ആനന്ദാനുഭവം ,അസീമമായ ഒരു വസ്തുവായി സ്വയം അറിയുന്ന അനുഭവം .സ്വയം ശക്തിയായി ഭവിക്കുന്ന തോന്നല്. സര് വ്വജ്ഞാനവും സര് വ്വവിദ്യയും തന്നിലേക്ക് ഒരു സാഗരംപോലെ ,സാഗരമായി കടന്നുവരുന്ന അനുഭൂതി.

സാധാരണക്കാര്ക്ക് അമൃതത്വപുത്രനായ ഉമ്പര്കോമാന് ഒരു മന്ത്രശക്തിയാല് അനുഭവവേദ്യമാകല് വിസ്മയകരമായ ഒരനുഭവമാണ്. ദര്ശനമുണ്ടായശേഷമുള്ള ജീവിതം നിരന്തരമായി ഈശ്വരനുമായുള്ള ഒരു സൌഹൃദമാണ്. ബലരാമന് ഉള്ളതുപോലെ. ആദിശേഷന് ഉള്ളതുപോലെ.ഈ നിരന്തരസൌഹൃദമാണ് ഒരോ ഉപാസകനും മാര്ഗ്ഗവും ലക്ഷ്യവും .മഹാവിഷ്ണുവിന് കുടയായും മെത്തയായും സിംഹാസനമായും,ജ്യേഷ്ഠനായും അനുജനായും ഭഗവാന് നില്ക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും നടക്കുമ്പോഴും കൈങ്കര്യം ചെയ്ത് സദാ കൂടെ ആദിശേഷനുമുണ്ട്. യോഗികള്ക്കെല്ലാം ഗുരു ആദിശേഷനാണ്. ജ്ഞാനികള്ക്കെല്ലാം ആദിശേഷന് വിഷ്ണുതന്നെയാണ്. ലക്ഷ്മണന്റെ സഖി കൈങ്കര്യലക്ഷ്മിയാണ്. ബലരാമനാകട്ടെ,ശ്രീകൃഷ്ണന് ധരിച്ചതുപോലുള്ള ചെമ്പൊന്നിന്റെ വീരക്കഴലു ധരിച്ചിരിക്കുന്നു. ഞാന് ഈശ്വരന്റേത്,ഈശ്വരതുല്യനെന്ന് മുദ്ര ധരിക്കുന്നു. ഉപാസകരും വിഷ്ണുമുദ്രകളെ ധരിക്കുന്നത് ഈ ദാസ്യഭാവം,കൈങ്കര്യഭാവം അവനുമായി ശാശ്വതസൌഹൃദഭാവം ,ലയനസുഖം , മിഥുനഭാവം പ്രഖ്യാപിക്കാനാണ്.

പതിനെട്ടാംദിനം പൂരാടം

രാഗം സാവേരി താളം ആദി

മൂലം

ഉന്തുമദംകളിറ്റനോടാത തോള്വലിയന്

നന്ദഗോപന്മരുമകളേ നപ്പിന്നായ്

കന്തംകമഴും കുഴലീ കടൈതിറവായ്

വന്തെങ്കും കോഴി അഴൈത്തനക്കാണ്മാതവി-

പ്പന്തല്മേല്പ്പല്ക്കാര്ക്കുയിലിനങ്കള് കൂവിനകാണ്

പന്താര്വിരലീഉന്മൈത്തുനന്പേര്പാട

ചെന്താമരൈക്കൈയ്യാര്ചീരാര്വളൈയൊലിപ്പ

വന്തുതിറവായ് മകിഴ്ന്തേലോരെംപാവായ്

മലയാളം

മദയാനപോലെശക്തനന്,ധീരനാം നന്ദഗോപന്

തോള്ബലമേറെയുള്ളോന്തന്മരുമകളേ,നീ

ഗന്ധമെഴുംമുടിക്കാരിയാം നപ്പിന്നേ,

എങ്ങുമേ കോഴിക്കൂവിനിന്നെവിളിക്കുന്നു

മാധവിപ്പന്തലിലാകെക്കുയിലിനങ്ങള്

പാടിവിളിക്കുന്നു,മൈത്തുനനന്പേരുപാടി

ചെന്താമരക്കയ്യില്ലമൂത്തുവളയൊലിക്ക

പന്തടിപ്പോളേ താഴ് തുറക്കുകെന്സുന്ദരീ

വ്യാഖ്യാനം

മദയാനയെപ്പോലെ ശക്തനും ബലിഷ്ഠമായ തോളുള്ളവനും ധീരനുമായ നന്ദഗോപന്റെ മരുമകളേ, നപ്പിന്നേ, സുഗന്ധംപരക്കുന്ന മുടിയുള്ളവളേ,പന്തടിച്ചുകളിക്കുന്നതില് വിദഗ്ധേ,കതകുതുറക്കുക.എങ്ങും കോഴിക്കൂവി നിന്നെ വിളിക്കുകയാണ്. മാധവിപ്പന്തലുകളില് കുയിലുകളെല്ലാം നിന്റെ മൈത്തുനന്റെ പേരും പാടി വിളിക്കുന്നു. ചെന്താമരക്കയ്യിലെ അമൂല്യമായ വളകളെല്ലാം ശബ്ദമുണ്ടാക്കുമാറ്,ആനന്ദപൂര് വ്വം ഓടിവന്ന് കതകുതുറക്കുക.

ഈ പാസുരത്തോടുബന്ധപ്പെട്ട ഒരു കഥയുണ്ട്. തിരുപ്പാവൈ ജീയാറെന്ന് അറിയപ്പെടുന്ന ശ്രീരാമാനുജന് ഒരിക്കല് ഉഞ്ഛവൃത്തിവേളയില് പെരിയനമ്പിയുടെ വീട്ടുവാതില് അടഞ്ഞുകിടക്കുന്നതുകണ്ടു.മന്ത്രമുഗ്ധമായ അതീന്ദ്രിയാവസ്ഥയിലെന്നപോലെ ഈ പാസുരം പാടി.പെരിയനമ്പിയുടെ പുത്രി അത്തുഴൈ വാതില് തുറന്നപ്പോള് അത് നപ്പിന്നൈ (നിളാദേവി)യുടെ ദര്ശനമായിക്കണ്ട രാമാനുജാചാര്യര് ബോധമറ്റ് വീണു. മകള് അകത്തുചെന്ന് അഛനോട് രാമാനുജന് ഒരുപാസുരംപാടി ബോധമറ്റുവീണു എന്നു പറഞ്ഞു.പെരിയനമ്പി അത് ഉന്തുമദക്കളിറ്റനെന്ന പാസുരമായിരിക്കണമെന്നു പറഞ്ഞുവത്രെ. ഈ പാസുരം പരാശക്തിയ ദര്ശിച്ച് കൃഷ്ണാനുഭവം നേടാനുള്ളതാണ്. ഗുരു,മന്ത്രം ഇവയുടെ അനുഗ്രഹശേഷം കൃഷ്ണന്റെ ശക്തിയായ നിളാദേവിയെ ഉപാസകന് പ്രീതനാക്കുന്നു. കാത്യായനി മഹാമായേ എന്ന് യോഗയോഗേശ്വരിയെ സ്തുതിക്കുന്നു. സദ്സംഗത്തിലെ അവസാനഘട്ടത്തിലെത്തി ഉപാസകര്. പരാശക്തിയുടെ മൃദുലകടാക്ഷം ഭഗവാന്റെ മനസ്സലിയിക്കുന്നു.അമ്മ ഉപാസകരായ മക്കള്ക്ക് ആത്മസമര്പ്പണം ഭഗവദ്കടാക്ഷത്തിന് കൂടിയേ തീരൂ എന്ന് പഠിപ്പിക്കുന്നു.

കൃഷ്ണപത്നിമാരില് മുഖ്യസ്ഥാനമാണ് നിളാദേവിക്ക്.ഭാഗവതത്തില് ഈ സ്ഥാനം രുഗ്മണി,സത്യഭാമമാര്ക്കാണ്. ഗര്ഗ്ഗഭാഗവതത്തില് രാധക്കാണ്.ദ്രാവിഡദേശത്ത് നിളാദേവി എന്ന നപ്പിന്നൈ അഥവാ ജലദേവതയാണ് കൃഷ്ണന്റെ പ്രിയപത്നിയും പട്ടമഹിഷിയും. യശോദയുടെ സഹോദരനായ കുംഭന്റെ മകളായ ഇവളെ ലഭിക്കാന് കൃഷ്ണന് ഏഴ് ഋഷഭങ്ങളെ കീഴടക്കി മത്സരത്തില് ജയിക്കേണ്ടിവന്നു.(ഭാഗവതതത്തില് ഈ കഥ അയോദ്ധ്യയിലെ സത്യയുമായി ബന്ധപ്പെട്ടാണ് കാണുന്നത്). കുംഭം അഥവാ കലശോദ്ഭവയായ നദീജലദേവതയാണ് നിള. കാവേരി,നിള,താമ്രപര്ണ്ണി, കൃഷ്ണ, ഗോദാവരി,ചൂര്ണ്ണി,നര്മ്മദ എന്ന് ദക്ഷിണഭാരതത്തിലും അവള് സപ്തസൈന്ധവയായിട്ടും,സപ്തഗോദാവരിയായും സപ്തസരസ്വതിമാരായും ആരാധിക്കപ്പെടുന്നു. ഹരിപ്രിയയായ സരസ്വതിയാണ് നിള.ഭാരതി എന്നും അവള്ക്കു പേരുണ്ട്.(ഭാരതപ്പുഴ). ഏഴു ഋഷഭങ്ങള് സപ്തസ്വരകന്യകമാരാണ്. മോഹഞ്ജോദാരോ ഹരപ്പ കാലം മുതലേ ദ്രാവിഡസംസ്കാരം സപ്തസൈന്ധവങ്ങളായ സപ്തജലകന്യകമാരെ ആരാധിക്കുന്നുണ്ട്. ഗര്ഗ്ഗഭാഗവതത്തില് യമുന,കൃഷ്ണ,വിരജ

എന്ന് ഇവളെ വിളിക്കുന്നു. ഏഴു സിന്ധുക്കളും ഇവളുടെ മക്കളാണ് എന്ന് പറയുന്നു. കുംഭസംഭവനായ അഗസ്ത്യന്റെ കലശത്തിലാണ് ഇവളുടെ ജനനമെന്ന് ദക്ഷിണേന്ത്യയില് ഐതിഹ്യം. ഭാരതത്തിലെ നദീതടസംസ്കാരങ്ങളിലെല്ലാം ത്രിവേണി,പഞ്ചനദം,(പഞ്ചാബ്,തിരുവൈയ്യാറ്) സപ്തഗംഗ (ഏഴാറ്റുമുഖം,സപ്തസൈന്ധവം) മുതലായ പുണ്യസ്ഥാനങ്ങളിലെ കൂടലുകളില് (കൂടല്ലൂരുകള്) നദീജലദേവതമാരെ ആരാധിക്കുന്ന ഉര് വ്വരതാപൂജ അന്നും ഇന്നും എന്നും ഉണ്ട്. ജലം,മേഘം,സാഗരം,അംബരം,വര്ഷമേഘം,ഋഷഭം,മേഘത്തിലെ വൈദ്യുതകാന്തികമണ്ഡലമായ മിന്നല് പ്രകാശവും നാദതരംഗങ്ങളും –എല്ലാം ചേര്ന്ന തികച്ചും പ്രകൃത്യാരാധനയുടെ സിംബലായ അമ്മദൈവകള്ട്ട്. ജലദേവതമാരേയും സരസ്വതിയേയും ഒന്നിച്ചാരാധിക്കുന്നു. നപ്പിന്നൈയുടെ വാസന പരത്തുന്ന കേശം കേശവന്റെ സുകുമാരകലകള്ക്കെല്ലാം ഇരിപ്പിടമാണ്.അതിലാണ് അവന്റെ സര് വ്വജ്ഞാനമുദ്ര. ജ്ഞാനം സ്ത്രീരൂപത്തിലവതരിച്ച സാക്ഷാത് സരസ്വതിയാണ് നപ്പിന്നൈ എന്ന നില. എപ്പോഴൊക്കെ കൃഷ്ണന്(വിഷ്ണു)അവതരിച്ചാലും സരസ്വതി (വിദ്യ) അവനോടൊത്ത് അവതരിക്കുന്നു.അവളിലൂടെയല്ലാതെ കൃഷ്ണാനുഭവം പൂര്ണ്ണത അടയുന്നില്ല.ആത്മാവെന്ന പന്തടിച്ചുകളിക്കുന്ന ദിവ്യമിഥുനമായി പരാശക്തിയേയും ബ്രഹ്മത്തേയും ജ്ഞാനികള് ഉപമിക്കുന്നു. ഈ പന്തടിച്ചുക്കളിയില് വിദഗ്ധയാണ് നപ്പിന്നൈ. ജീവതത്വമെന്ന പന്ത് (ഉപാസകന്റെ ആത്മാവ്)തന്റെ വിരലുകളില്നിന്ന് വഴുതിപ്പോകാതെ നോക്കുന്നതവളാണ് .അമ്മയുടെ ജ്ഞാനകയ്യിന്റെ സൌന്ദര്യവും മാര്ദ്ദവവും താമരപ്പൂപോലുള്ള സുഗന്ധവും കുഞ്ഞിന് ആനന്ദാനുഭവം തരുന്നു. ഇതരവിഷയനിവൃത്തി എന്ന മമതാരാഹിത്യമാണ് സൌന്ദര്യം തരുന്നത്. സ്വഭോക്തൃത്വനിവൃത്തി (അവനവനു വേണ്ടിയല്ലാതെ കര്മ്മം ചെയ്യല്)മൃദുത്വം തരുന്നു. നിരതിശയപ്രേമമാമ് സുഗന്ധമായി പരക്കുന്നത്.അവളുടെ വളക്കിലുക്കം മൂന്നുനിഗൂഢരഹസ്യങ്ങളാണ്. 1.തിരുമന്ത്രം. 2.ദ്വയം.3.ചരമശ്ലോകം .ഇവകൊണ്ടാണ് ഉപാസകര് ബ്രഹ്മത്തെ അനുഭവിക്കുന്നത്. ഈശ്വരന് തന്റെ ഉപാസകന്റെ വരവറിയുന്നതും വിദ്യാദേവിയുടെ വളക്കിലുക്കത്തിലൂടെയാണ്.ആകാശത്തില് എല്ലാദിശയിലും സുഗന്ധംപരക്കുന്നപോലെ വിദ്യ,വിനയം,ഈശ്വരപ്രേമം ,ഭഗവദ്സേവനം ഇവയുടെ യശോഗന്ധം എങ്ങും വ്യാപിക്കുന്നു.നപ്പിന്നൈ പരാവിദ്യയാണ്.അവളാമ് പരമാത്മാവിന്റെ ഗര്ഭഗൃഹത്തിന്റെ കതക് തുറന്നുതരുന്നത്. നമ്മുടെ ഹൃദാകാശത്തിന്റെയും വാതിലാണത്. ആര്ക്കും ദ്രോഹംചെയ്യാതെ ,മനസാ വാചാ കര്മ്മണാ ദ്രോഹം നിനക്കാതെ,നിസ്വാര്ത്ഥമായി ആത്മസമര്പ്പണംചെയ്ത് പ്രേമപുരസ്സരം കൃഷ്ണനാമംപാടി ജീവിക്കുന്നവരിലേക്ക് തന്റെ സമ്പൂര്ണ്ണവത്സലഭാവത്തോടെ ,മൃദുലതയോടെ, സുഗന്ധത്തോടെ, പരമസൌന്ദര്യലഹരിയായി ദേവി കടന്നുവരുന്നു.അവളുടെ ഹൃദയവാതില് തുറക്കല് പരമാനന്ദത്തോടെയാണ്.(മകിഴ്ന്ത്).ആ സൌന്ദര്യലഹരിയുടെ ആനന്ദതീര്ത്ഥത്തിലാണ് മാനസസ്നാനം കഴിഞ്ഞഉപാസകചിത്തത്തില് ഭഗവദ്പാദം പതിയുന്നത്. നപ്പിന്നൈയില് പരാശക്തി ശ്രീദേവി (അഗ്നി ,ശ്രീ)എന്ന രണ്ടുരൂപത്തിലും മഹാലക്ഷ്മി ഇരിക്കുന്നു. ആനന്ദരസാനുഭൂതിയല്ലാതെ മറ്റൊന്നുമല്ല അവളുടെ രൂപം. അവളുടെ സ്പര്ശം വൈദ്യുതകാന്തികമണ്ഡല സ്പര്ശമാണ്.മനസ്സിനേയും ജീവിതത്തേയും ശരീരത്തേയും പവിത്രീകരിക്കുന്ന തീര്ത്ഥങ്കരമാണ് ദേവിയുടെ കൈവിരലുകള്. അവളുടെ നാമങ്ങളെ ഋഗ്വേദത്തിലെ ഖിലസൂക്തം ഇങ്ങനെ പാടിപ്പുകഴ്ത്തുന്നു.

ആര്ദ്രാം പുഷ്കരിണീം പുഷ്ടീം സുവര്ണ്ണാം ഹേമമാലിനീം

സൂര്യാം ഹിരണ്മയീം ലക്ഷ്മീം ജാതവേദോ മ ആവഹഃ

(ത്വത്പാദജലജദ്വന്ദ്വപ്രണതക്ഷേമദായിനീ പ്രതിഗൃഹ്യാക്ഷതാന് ദേവീ ദേഹിമഹ്യം മഹാവരം .ശ്രീമഹാകാളീ മഹാലക്ഷ്മീ മഹാസരസ്വതീഭ്യോ നമഃഅക്ഷതാന്സമര്പ്പയാമി.)

ആര്ദ്രാം യഃകരിണീം യഷ്ടീം പിംഗലാം പത്മമാലിനീം

ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം ജാതവേദോ മ ആവഹഃ

(ശ്രീമഹാകാളീ മഹാലക്ഷ്മീ മഹാസരസ്വതീഭ്യോ നമഃ പുഷ്പൈഃപൂജയാമി.)

പത്തൊമ്പതാം ദിനം ഉത്രാടം

രാഗം ശ്രീ താളം ആദി

മൂലം

കുത്തുവിളക്കെരിയ കൊട്ടുക്കാല്കട്ടില്മേല്,

മെത്തെന്റ പഞ്ചശയനത്തിന്മേലേറി

കൊത്തലര്പൂങ്കുഴല്നപ്പിന്നൈകൊങ്കൈമേല്

വൈത്തുകിടന്ത മലര്മാര്പാ വായ്തിറവായ്

മൈത്തടംകണ്ണിനായ് നീയുന് മണാളനൈ

എത്തനൈപോതുത്തുയിലെഴവൊട്ടായ്കാണ്

എത്തനൈയേലും പിരിവാറ്റകില്ലായാല്

തത്തുവമന്റു തക വേലോരെംപാവായ്

മലയാളം

കുത്തുവിളത്തെരിയെ,ആനക്കൊമ്പിന്റെ

കാലുള്ളകട്ടിലില്പഞ്ഞിമെത്തേല്

കൊത്തലര്പ്പൂചൂടുംനപ്പിന്നൈകൊങ്കമേല്

കൈവെച്ചുറങ്ങും വനമാലിയേ

വായ്തുറന്നൊന്നുരിയാടണം,മൈയിട്ട

കണ്ണീ,മണാളനെവേര്പിരിയാ,

ഒന്നെഴുനേല്ക്കാനരുതാതെവെച്ചത-

ധര്മ്മംസമത്വമല്ലെന് സുന്ദരീ

വ്യാഖ്യാനം

കുത്തുവിളക്കെരിയുന്ന പ്രകാശം,ആനക്കൊമ്പുകാലുള്ള കട്ടിലില് മൃദുലമായ പഞ്ഞിക്കിടക്കമേല് ,കൊത്തലര്പ്പൂ മുടിയില് ചൂടിയനപ്പിന്നൈയുടെ മാറത്ത് കയ്യും വെച്ച് കിടക്കുന്ന വനമാലയണിഞ്ഞമാറുള്ളവനേ,ഞങ്ങളോട് വായ് തുറന്ന് സംസാരിക്കണേ. നപ്പിന്നേ,കണ്ണില് മഷിയെഴുതിയവളെ, നിന്റെ മണാളനെ ഒരുനിമിഷംകൂടി പിരിയാത്തവളേ,അവനെ ഒന്നെഴുനേല്ക്കാനും കൂടി അനുവദിക്കാതെ ഇങ്ങനെ പിടിച്ചുവെച്ചിരിക്കുന്നത് അധര്മ്മമാണ്,സമത്വമല്ല.

ഗര്ഭഗൃഹത്തില് ശ്രീയോടൊത്തു ശയിക്കും ശ്രീനിവാസനെ ശ്രീരാഗംപാടി ഉണര്ത്തുന്നു. നാരായണന്റെ യോഗനിദ്ര എത്ര വര്ണ്ണിച്ചാലും ഭക്തര്ക്ക് മതിവരില്ല. ആലിലയിലുറങ്ങുന്ന ശിശു,ആദിശേഷതല്പ്പത്തിലെ വിഷ്ണു,ദര്ഭമേലുറങ്ങുന്ന ശ്രീരാമന്, -ശയനവിഷ്ണുവിന് എത്രവിഭിന്നരൂപങ്ങളാണ്.ഇവിയെ പ്രേമവതിയായ ഗോദദേവി ,പ്രിയപതിയുമൊത്ത് രതിക്രീഡകഴിഞ്ഞ് ഇണപിരിയാതെ ശയിക്കുന്ന യുവാവിന്റെ ചിത്രമാണ് വരക്കുന്നത്. കുവലയപീഠത്തിന്റെ കൊമ്പാ

ണ് ശയിക്കുന്ന കട്ടിലിന്റെ കാല്. വനമാലയണിഞ്ഞ മാറിലാണ് ശ്രീദേവിയായ നപ്പിന്നൈയുടെ ശയനം. ഇന്ദ്രനീലം പോലെ ഗിരിസദൃശമായ മാറത്ത് വനമായപോലെ ശയിക്കുന്ന നീലനിറമുള്ള നിളാനദിയുടെ രൂപം സുദര്ശനം, മനോഹരം. അവളുടെ നിറഞ്ഞമാറിലാണ് അവന്റെ കൈ വിശ്രമിക്കുന്നത്.

വൈഷ്ണവര്ക്ക് ശ്രീയോടുചേര്ന്നല്ലാതെ ശ്രീനിവാസനില്ല. ശിവയോടുകൂടിയല്ലാതെ ശിവന് ശൈവര്ക്കുമില്ല. വിഷ്ണുവിന്റെ നെഞ്ചത്തെവിട്ട് ഒരുകണംമാറാത്തവളാണ് ലക്ഷ്മി.ശ്രീതത്വംതന്നെയാണ് നാരായണതത്വം. വീരപത്നിയാകയാല് ഭര്ത്താവിന്റെ വിജയമുദ്രയായ കുവലയാപീഠത്തിന്റെ കൊമ്പ് അവളുടെ കട്ടില്ക്കാലിനെ അലങ്കരിക്കുന്നു. അദ്ധ്യാത്മ വിദ്യയുടെ അമ്മയാകയാല്(വേദമാതാ)അഹങ്കാരമെന്ന കുവലയാപീഠം വധിക്കപ്പെടുമ്പോഴാണ് ഹൃദാകാശത്തില് ഭഗവദ്സ്വരൂപം വിളങ്ങുന്നതെന്ന് അവളാണ് പഠിപ്പിക്കുന്നത്. ഞാന് ചെയ്യുന്നു,ഞാനനുഭവിക്കുന്നു, ഞാനറിയുന്നു, ഞാനിതു നേടി എന്ന നാല് അഹങ്കാരത്തേയും അടക്കണം.അവയെ നാലുപുരുഷാര്ത്ഥങ്ങളാക്കണം. അതാണ് കുവലയാപീഠത്തിന്റെ നാലുകൊമ്പ് തന്റെ നാലു കട്ടില്ക്കാലാക്കിയതിന് അര്ത്ഥം. പഞ്ചശയനം(പഞ്ഞിക്കട്ടിലിലെ ശയനം) അര്ത്ഥ പഞ്ചകങ്ങളുടെ ജ്ഞാനവുമാണ്.ആത്മസ്വരൂപത്തെ അറിയല്, ഈശ്വരസ്വരൂപജ്ഞാനം, ഉപേയം(ലക്ഷ്യം) ഉപായം(മാര്ഗ്ഗം)വിരോധിസ്വരൂപജ്ഞാനം ഇവയാണ് പ്രണവത്തിന്റെ അര്ത്ഥപഞ്ചകജ്ഞാനം. അജ്ഞതയാണ് വിരോധി(ശത്രു).അതിനെ അറിഞ്ഞ് ഉപേക്ഷിക്കണം.എന്നിട്ടുവേണം ഈശ്വരനിലേക്ക് പരാവിദ്യയിലൂടെ പ്രവേശിക്കാന്.

നപ്പിന്നൈയുടെ സ്തനങ്ങള് സരസ്വതിയുടെ സ്തനങ്ങളാണ്. സാഹിത്യവും സംഗീതവുമാമ്. ജ്ഞാനവും വൈരാഗ്യവുമാണ്. അവ ഭഗവാനെ സദാ ആനന്ദിപ്പിക്കുന്നു.നപ്പിന്നയുടെ കേശത്തിലെ പൂങ്കുലകള്,മോക്ഷപ്രാപ്തിനേടിയ ജീവാത്മസംഘങ്ങളാണ്. ശുദ്ധസത്വജ്ഞാനമെന്ന മഷിയിട്ടതാണ് അവളുടെ കരുണാനേത്രങ്ങള്. അവള് തന്റെ കമിതാവിനെ ഒരുകണം മറ്റാര്ക്കും വിട്ടുകൊടുക്കുന്നില്ല.ഗോദദേവി ഇത് പറയുന്നു. സമത്വം ഉദ്ഘോഷിക്കുന്ന ഭഗവാന്റെ ദേവിക്ക്,ധര്മ്മം ഉപദേശിക്കുന്ന ദേവന്റെ ദേവിക്ക് ഈ വിട്ടുകൊടുക്കാതിരിക്കല് സമത്വമോ ധര്മ്മമോ അല്ല. എന്ന് പരിഭവിക്കുന്നു. ഞങ്ങളും കുറച്ചുസമയം ഭഗവാന്റെ സാമീപ്യം അനുഭവിക്കട്ടെ എന്ന് ശ്രീഭഗവതിയോട് പരിഭവിക്കുന്നു. ഇത് തത്വമല്ല,ധര്മ്മമല്ല എന്നുപറയുന്ന ഗോപികയായ ഗോദദേവിയില് ഏറ്റവും മനോഹരമായ പ്രേമത്തിന്റെ പരിഭവഭാവം മുഴുവനുമുണ്ട്. ഗോപികാഗീതലു(ഗോപികാഗീതം)ഭഗവാനോടാണ് പരിഭവിക്കുന്നത്. നിന്റെ പ്രേമം നീ മറ്റേതെങ്കിലും ദേവിക്കുകൊടുത്തുവോ,കാനഡരാഗത്തില് ഇതുതകുമോ,ഇതുമുറയോ,ഇതുധര്മ്മംതാനോ എന്ന് ചോദിക്കുന്ന അതേ വിരഹപരിഭവം ,നപ്പിന്നയുമായി ശയിക്കുന്നതിലുള്ള അസൂയ, എന്നാലും ഇത് ശൂര്പ്പണഖയുടെ അസൂയയല്ല. ശ്രീതത്വവും നാരായണതത്വവും ഒന്ന് എന്ന് അറിഞ്ഞ യോഗിനിയുടെ നാരായണതത്വവുമായി തന്മയിക്കാനുള്ള അവബോധമുണ്ടാകാനുള്ള ത്വരയാണ്.സ്വയം ശ്രീതത്വവുമായി തന്മയീഭവിച്ച് നാരായമന്റെ മാറിലെ വനമാലയിലെ ഒരുമലരാവാനുള്ള ത്വര. ശ്രീ ലോകമാതാവ്. വേദമാതാവ്. ഉപാസകര് അവളുടെ മക്കളാകയാല്,വാത്സല്യപുരസ്സരം അവരെ അവള് തന്നില്ചേര്ക്കും. അങ്ങനെ ഭഗവാനുമായി തന്മയീഭവിക്കാം. എന്ന പ്രതീക്ഷ. അതിന് കാലതാമസം വരുന്നതിലുള്ള ഒരിത്തിരി പരിഭവം.അത്രയേ ഉള്ളു.

ഇരുപതാം ദിനം തിരുവോണം

രാഗം ദേശ് താളം ആദി

<u>മൂലം</u>

മുപ്പത്തുമൂവരമരര്ക്കു മുന്ചെന്റു

കപ്പംതവിര്ക്കും കലിയേ,തുയിലെഴായ്

ചെപ്പമുടൈയായ് തിറയുടൈയായ് ചെറ്റാര്ക്കു

വെപ്പ കൊടുക്കും വിമലാ തുയിലെഴായ്

ചെപ്പന്ന മെന്മുലൈച്ചെവ്വായ് ചിറുമരുങ്കുല്

നപ്പിന്നൈ നങ്കായ് തിരുവേ തുയിലെഴായ്

ഉക്കമുന്തട്ടൊളിയുന്തന് മണാളനൈ

ഇപ്പോതേ ചെമ്മൈ നീരാട്ടേലോരെംപാവായ്

<u>മലയാളം</u>

മുപ്പത്തിമുക്കോടിദേവര്ക്കുമുന്നില്നിന്നു

കപ്പംകൊടുപ്പിക്കും വേലവാ തുയിലുണരു

വേര്പ്പുകൊടുക്കും വിമലാ,ശുദ്ധിയുള്ളവനേ

ശ്രീവിഭൂതേ വേഗം തുയിലുണരൂ

ചെപ്പുപോലേമുല,ചോന്നപവിഴമാല

നേര്ത്തൊരിടയെഴും നപ്പിന്നേ തുയിലുണരൂ

വാല്ക്കണ്ണാടി,വിശറിയുംതന്നിട്ടു

നീരാട്ടിനെത്തുമണാളനെതുയിലുണര്ത്തൂ.

<u>വ്യാഖ്യാനം</u>

മുപ്പത്തിമുക്കോടിദേവസമൂഹത്തിന്റെ മുന്നില് അവരുടെ സേനാപതിയായി നിന്ന് ക്രോധത്തോടെ ശത്രുക്കളെ വെന്ന് അവര്ക്ക് കപ്പം കൊടുപ്പിക്കുന്ന കലിയുള്ളവനേ,തുയിലുണരുക.ശുദ്ധിയുള്ളതും വിഭൂതികളുള്ളതും എതിര്ത്തവര്ക്ക് വിയര്പ്പുണ്ടാക്കുന്നതുമായ വിമലാ,തുയിലുണരൂ. സ്വര്ണ്ണച്ചെപ്പുപോലെ മൃദുസ്തനങ്ങളുള്ളവളേ ,ചുവന്ന പവിഴാധരവും മെലിഞ്ഞ അരക്കെട്ടുമുള്ളവളേ, നപ്പിന്നേ ,ശ്രീദേവീ,തുയിലുണരുക.ഞങ്ങള്ക്ക് വിശറിയും വാല്ക്കണ്ണാടിയും തരിക. നിന്റെ മണാളനെ ഉടനേ തുയിലുണര്ത്തിയിട്ട് നീരാട്ടിനു വരിക.

8 വസുക്കളും 11 രുദ്രന്മാരും 12 ആദിത്യന്മാരും 2 അശ്വിനീദേവന്മാരും കൂടി 33 ദേവന്മാരായി.ഓരോരുത്തര്ക്കും ഒരുകോടി സൈന്യവിഭാഗം . ഈ വലിയ ദേവസൈന്യത്തിന്റെ മുന്നില്നിന്ന് ദേവസേനാപതിയായി ദേവന്മാര്ക്ക് ശത്രുക്കളില്നിന്ന് കപ്പം വാങ്ങിക്കൊടുക്കുന്നത് വിഷ്ണുവാണ്. അത് മുരുകനല്ലേ എന്ന് സംശയം വേണ്ട.മരുമക്കത്തായമുള്ള ആദിദ്രാവിഡസമൂഹത്തിന് യുവരാജാവായിരിക്കെ മുരുകന് ദേവസേനാപതിയാണ്, രാജാവാകുമ്പോള്,വിഷ്ണുവും അതേ മുരുകനാണ്. യുവാവായ കൃഷ്ണനും അവന്റെ ഐശ്വര്യദേവതയുമാണ് തുയിലുണര്ത്തപ്പെടുന്നത്. കൊച്ചുകുട്ടികളായ ഭക്തസംഘത്തെ രക്ഷിക്കാനാണോ തുയിലുണര്ത്തുന്നത്. അതിത്ര പ്രയാസമുള്ള കാര്യമാണോ അവര്ക്ക് എന്ന് കുട്ടികള് ഓര്ക്കുന്നു.അതോടെ പരിഭവവും അസൂയയും അകലുന്നു.നപ്പിന്നയുടെ ത്രിപുരസുന്ദരീരൂപം ദര്ശിക്കുന്നു. ആലവട്ടവെഞ്ചാമരങ്ങളും രാമച്ചവിശറിയും ഭഗവാന്റെ കൈങ്കര്യം ചെയ്യാനുള്ളവയാണ്. കണ്ണാടി സുന്ദരരൂപം കാട്ടിത്തരുന്നു. വാല്ക്കണ്ണാടി ഋതുനീരാട്ടിന് പെണ്കുട്ടികള് കയ്യില് പിടിക്കുന്നതാണ്. അത് സംരക്ഷണാര്ത്ഥമാണ്. ഋതുവായ പെണ്കുട്ടി ഭഗവാനുള്ള സ്വത്താണ്,ഉഴിഞ്ഞുവെക്കപ്പെട്ടവളാണ്. അവളെ മറ്റാരും മോഹിക്കാനോ കൊണ്ടുപോകാനോ പാടില്ല. മുപ്പത്തുമുക്കോടിദേവന്മാരുടെ സംരക്ഷകനായ ഈശ്വരന് തന്റെ സ്വന്തമായ കുട്ടിയെ സ്വകാന്ത

യെപ്പോലെത്തന്നെ സംരക്ഷിച്ച് തന്റെ വക്ഷസ്സില് ചേര്ക്കട്ടെ എന്ന് സങ്കല്പ്പം.ഇതിനാണ് ദേവിയില്നിന്ന് വാല്ക്ക ണ്ണാടിവാങ്ങുന്നത്. കണ്ണാടി നല്കുകവഴി ,ആ പെണ്കുട്ടികളെ തന്റെ സൌന്ദര്യസമ്പത്തില്ഭാഗഭാഗാക്കി ഭഗവാനില് ലയിപ്പിക്കുകയാല് ദേവി സമത്വവും ധര്മ്മവും പാലിക്കുന്നു.അവരുടെ അമ്മയായിത്തീരുന്നു. ആദ്യത്തെ നാലുവരി മഹാവിഷ്ണുവിന്റെ ശക്തി,സംരക്ഷണം(സ്ഥിതി)സ്വഭാവം ഇവയെ പുകഴ്ത്തുന്നു.ധര്മ്മസംരക്ഷണം ഭക്തസംരക്ഷണം എന്ന പ്രതിജ്ഞയെടുത്ത അവന്റെ സത്യവാക്കില് തങ്ങള്ക്കുള്ള പൂര്ണ്ണവിശ്വാസം പ്രകടിപ്പിക്കുന്നു. വിമലനെന്ന സംബോധനയില് കാമമുക്തവും കളങ്കരഹിതവുമായ ഭഗവാനിലാണ് തങ്ങളുടെ പ്രേമമെന്ന് ഉറപ്പാക്കുന്നു. ഈ അന്തര്യാമി ഞങ്ങളുടെ മനസ്സില് നിത്യം ഇരിക്കുന്നു എന്ന് കാണാനാണ് ദേവിയുടെ കണ്ണാടി ആവശ്യപ്പെടുന്നത്. അവന് മനസ്സിലിരിക്കെ ആരെ എന്തിന് ഭയപ്പെടണം.

പരാവിദ്യയായ നപ്പിന്നൈ എന്ന ത്രിപുരസുന്ദരീചൈതന്യം നമ്മിലുണ്ട്.അതിനാലാണ് നാം കൃഷ്ണസവിധത്തി ലെത്തിയതുതന്നെ. ദേവിയുടെ പരമസൌന്ദര്യവര്ണ്ണനയാണ് അവസാനത്തെ നാലുവരി. ശക്തി,ബലം, ധര്മ്മ രക്ഷ,സൌന്ദര്യം,ആനന്ദം ഇവയുടെ സത്,ചിത്,സ്വരൂപത്തെയാണ് സ്വാത്മാവില് ഭക്തര് ഉണര്ത്തുന്നത്. നപ്പിന്നൈ-സുന്ദരിയായ ദേവി നാരായണന്നമ്പിയുടെ പത്നിയാകയാല് ഐശ്വര്യലക്ഷ്മിയുമാണ്. ദേവരക്ഷക്കായികലിയിളകി നില്ക്കുന്ന കലിയുടെ പത്നിയായ കാളിയുമാണ്. പരാവിദ്യയായ ത്രിപുരസുന്ദരി മഹാസരസ്വതി,മഹാകാളി,മഹാലക്ഷ്മി സ്വരൂപിണിയാണ്.അവളാണ് നമ്മില് ആത്മജ്ഞാനമായി ,യോഗീശ്വരിയായിരുന്ന് നമ്മെ ഭഗവാനില് ലയിപ്പിക്കുന്നത്. നമ എന്ന് നമസ്കരിക്കുമ്പോള് ഒരു വിശറിപോലെ നമ്മുടെ അഹങ്കാരത്തെ പറത്തിക്കളയുന്നു. സേവനം (കൈങ്കര്യം)കണ്ണാടിസ്വസ്സ്വരൂപം (ആത്മസ്വരൂപം)പ്രദര്ശിപ്പിക്കുന്നത് വിമലചേതസ്സിലാണ്.ഇങ്ങനെ ആന്തരാര്ത്ഥത്തോടെയാണ് വിശറിയും കണ്ണാടിയും ചോദിക്കുന്നത്. ബാഹ്യോപകരണങ്ങളെന്നതിലുപരി അവ ആന്തരസാധനക്കുള്ള ഉപകരണങ്ങളാണ്.പ്രണവം ആത്മസ്വരൂപത്തെ ഉണര്ത്തിത്തരുന്നു. മകരവാച്യമായ (മകരം മത്സ്യം,പഞ്ചഭുജം)പഞ്ചഭൂതാത്മകമായ ജീവന് അകരവാച്യമായ പരമാത്മാവുതന്നെയെന്ന് പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് പ്രണവം (ഓങ്കാരം,നാദബ്രഹ്മം)വിശറി ദ്വയവും കണ്ണാടി അഷ്ടാക്ഷരവും എന്ന് വ്യാഖ്യാനമുണ്ട്. വീശുമ്പോള് മുന്നോട്ടും പിന്നോട്ടും ചലനമുണ്ട്. (സവ്യം,അപസവ്യം)അപ്പോള് കാരുണ്യം വഴിയുന്ന കുളിര്കാറ്റായി ജീവാത്മാവ് പരമാത്മാവിനെ പ്രാപിക്കുന്നു.പരമാത്മാവിന്റെ കരുണാകടാക്ഷം ജീവാത്മാവില് പതിക്കുന്നു. ഇതില് സേവകന് സേവ്യം എന്ന ദ്വയത്തിലൂടെയാണ് (ഭക്തി)ഉപാസകര് ഉപാസ്യത്തില് ലയിക്കുന്നത്. കണ്ണാടി (വാല്ക്കണ്ണാടി)അഷ്ടാക്ഷരമണ്ഡലം. ഈ രണ്ട് നിഗൂഢമന്ത്രസാധനകളുടെ അധീശത്വം ഗതിഗമനഗീതവല്ലഭയായ ദേവി ത്രിപുര സുന്ദരിഉപാസകര്ക്ക് (യോഗി)നല്കുന്നു. ഈശ്വരന്റെ അപരിമിതാനന്ദാനുഭവത്തില് തന്നോടൊപ്പം പങ്കുചേരാന് ദേവി നല്കുന്ന സമ്മതിപത്രമാണ് ഈ മുദ്രകള് രണ്ടും.

ഇരുപത്തൊന്നാം ദിനം അവിട്ടം

രാഗം ലതാംഗി താളം ആദി

<u>മൂലം</u>

ഏറ്റകലങ്കളെതിര്പൊങ്കിമീതളിപ്പ

മാറ്റാതേ പാല് ചൊരിയും വള്ളപ്പെരുംപശുക്കള്

ആറ്റപ്പടൈത്താന്മകനേ അറിവുറായ്

ഊറ്റമുടൈയായ് പെരിയായ് ഉലകിനില്

തോറ്റമായ് നിന്റ ച്ചുടരേ തുയിലെഴായ്

മാറ്റാരുനക്കു വലിതൊലൈന്തുന് വാശര്ക്കണ്

ആറ്റാതു വന്തുല്ലടി പണിയുമാപോലേ

പോറ്റിയാം വന്തോം പുകഴ്ന്ദ്തേലോരെംപാവായ്

<u>മലയാളം</u>

പൊങ്ങുംകുടങ്ങള്നിറയെപ്പാല്ചുരന്നിടും

വള്ളല്പ്പശുക്കള്തന്നാഥന്റെ പുത്രനേ

ബോധിയുണര്ന്നതിശക്തനേ,പെരിടോനേ

ലോകത്തിന്രൂപമേറ്റ ഒളിയേ ഉയുലുണരൂ.

തോറ്ററിപുക്കള് ബലിനല്കവാനെന്നപോല്

പാദംപണിഞ്ഞും സ്തുതി പാടിയുംവന്നു ഞങ്ങള്.

ആത്മനിവേദനമീ ബലികൈക്കൊള്ളാനായി

കണ്ണാ,ഉയിലുണരൂ എന്നതെന്സുന്ദരീ

<u>വ്യാഖ്യാനം</u>

ഇരുപത്തൊന്നാം പാസുരംമുതല് നപ്പിന്നൈയും മറ്റുഗോപികകളോടുചേര്ന്ന് ശ്രീകൃഷ്ണനെ ഉയിലുണര്ത്തുകയാണ്. യശോദയുടെ സഹോദരനായ കുംഭന്റെ മകളാകയാല് അവളും ഗോപികമാരിലൊരാളാണ്.സപ്തസിന്ധുക്കള് മുമ്മൂന്ന് വീതം 21 ജലപ്രവാഹം ചേര്ന്നതാണ് ഭാരതഖണ്ഡമെന്ന വൈദികവചനത്തെ സത്യമാക്കുന്നു,ഇതുകൊണ്ട്. ഇരുപത്തി ഒന്നാം പാസുരത്തില് പരാവിദ്യ എന്ന സാരസ്വതപ്രവാഹം ഇതരനദീജലദേവതകളോട് ചേര്ന്ന് സാഗരപ്രയാണം തുടങ്ങുന്നു.21 മൂര്ഛനാസംഖ്യകളായി രാഗിണിമാര് ഇരുപത്തിരണ്ടാം ശ്രുതിയായ മാധവനിലേക്ക് പ്രവേശിക്കുന്നു. ശ്രുതിസംഖ്യ 22 എന്നതിനെ സ്വരസംഖ്യ 7 കൊണ്ട് ഹരിച്ചാലേ അപരിമിതമായ അവന്റെ പരിധിയായി നിശ്ചയിക്കപ്പെട്ട ജ്യാമിതിയുടെ ഏഴാറ്റുമുഖത്തെ സംഗമഭൂമിയില് മാധവന്റെ ഈ ഗണിതതാളം കൊണ്ടുള്ള സംഗീതം ഭാഗതത്തിന്റെ തനതു സംഭാവനയായതെങ്ങനെയെന്ന് മനസ്സിലാവൂ.

ഉയര്ത്തിപ്പിടിച്ച പാല്കലങ്ങള് നിറഞ്ഞുവഴിയുമാറ് ധാരാളം പാല്ചുരത്തുന്ന ദാനശീലരായ (വള്ളല്)പശുക്കളുടെനാഥന്റെ മകനേ എന്ന വിളിയില്ത്തന്നെ,ആ പശുക്കളേക്കാളും ദാനശീലനാണ് നീ എന്ന ധ്വനിയുണ്ട്.അറിവ് (ബോധം)ഉണര്ന്നവനും ശക്തനും (ഊറ്റം,വീര്യം,ശക്തി)ആണ്. പരാവിദ്യക്ക് നായകനാണ്. വിദ്യാദാനം എല്ലാ ദാനങ്ങളിലും വെച്ച് പ്രധാനമാണ്. അതിനാല്ം വിശ്വരൂപം എടുത്തതിനാലും അവന് പെരിയോനാണ്. ഉലകിന്റെ രൂപമായ പ്രകാശം(ചുടര്) ആണ്.അങ്ങനെയുള്ളവനെയാണ് സാക്ഷാല് പരാവിദ്യയായ ദേവി ലോകത്തിന് വിദ്യ കൊടുക്കാനായി വിളിച്ചുണര്ത്തുന്നത്. ഇവിടെ,ഭക്തരായ പെണ്കുട്ടികളെ ,യുദ്ധത്തില് തോറ്റ് വിജിഗീഷുവിന് ബലി(കപ്പം)കൊടുക്കാനായി വാതില്ക്കല് വന്നുനില്ക്കുന്ന ശത്രുക്കളോടും സാമന്തരോടും ഉപമിക്കുന്നത് രസകരമായിരിക്കുന്നു. എന്താണ് ഈ സ്നേഹവതികളായ കുട്ടികള് കൊടുക്കുന്ന കപ്പം.സ്നേഹം,വിശ്വാസം,ആത്മസൌന്ദര്യം,വിദ്യ,വിനയം ,അവര്ക്കുള്ളതെല്ലാം കൊടുക്കാനാണ് വന്നിരിക്കുന്നത്(ആത്മസമര്പ്പണം).അവര്ക്കതിന് പ്രതിഫലമായി മറ്റൊന്നും വേണ്ട,ഭഗവാനുമായി കൂടിക്കഴിയണം. നിരന്തരം അവരവനിലും അവനവരിലും പ്രണയത്തോടിരിക്കണം.അതുമാത്രം. തന്റെ സ്ഥാനത്തിരിക്കാന് വന്നവരായല്ല,അകറ്റിനിര്ത്തേണ്ടവരായല്ല,സര് വ്വസ്വസമര്പ്പണംചെയ്ത ഉപാസകരെ വിദ്യ (സ്വയം)ദാനംചെയ്യാനര്ഹതയുള്ള ഉത്തമശിഷ്യരും യോഗിനികളുമായാണ് യോഗേശ്വരിയായ അമ്മ ദാനശീലനായ കണ്ണനു പരിചയപ്പെടുത്തുന്ന

ത്. ജ്ഞാനപ്പാല് ചുരത്തുന്ന ധേനുസരസ്വതിയുടെ കമിതാവും ഗോപാലനും നന്ദഗോപസുതനുമായ നീ ആ വരം ഇവർക്കു കൊടുക്കുക എന്ന നിവേദനം (ആത്മനിവേദനം) അതിലുണ്ട്.

ഏറ്റവും പ്രകാശിക്കുന്ന ഗോ(വാഗ്ദേവി) കൈവശമുളള ഗുരു(ഭര്ഗ്ഗസ്വതീം വാചം) ആ കല്യാണിയായ വാക്കിനെ ദാനം ചെയ്യാന്(യോഗ്യരായവര്ക്ക്) ആഗ്രഹിക്കുന്നു.(വാചം കല്യാണിം അവദനിജനാഭ്യാം) ശിഷ്യന്മാര് ജ്ഞാനപ്പാല് കറന്ന് നിറഞ്ഞുവഴിഞ്ഞൊഴുകേണ്ട കുടങ്ങളാണ് (കലങ്ങള്).ആ കലശങ്ങള് അന്നപൂര്ണ്ണമായി ഐശ്വര്യം വഴിയേണ്ടവയാണ്.അവ ഗുരുവിനെ വിളിച്ചുണര്ത്താനായി വന്നിരിക്കുന്നു. ആ ശിഷ്യസന്താനങ്ങളെ കാണുമ്പോള് അന്നപൂര്ണ്ണയായ അമ്മയുടെ മുലചുരന്നു (ചെപ്പന്നമെന്മുല ഇരുപതാം പാസുരം).പന്ത്രണ്ടാം പാസുരത്തിലെ കന്റുക്കിരങ്കി ,കുഞ്ഞിനെ നിനച്ച് മുലചുരത്തുന്ന പശുക്കളുടെയും കുഞ്ഞിന്റേയും കരച്ചില്കേള്ക്കാതെ,(ഗാര്ഹികകൃത്യം ചെയ്യാതെ) ഉറങ്ങുന്ന കൃഷ്ണസഹോദരിയായും പതിനൊന്നാംദിനത്തില്,കന്നുകളെകറക്കുന്നതില് വിദഗ്ധനായ കൃഷ്ണന്റെ സുന്ദരിയായ സ്തീരത്നമായും രണ്ടുപേരെ വിളിച്ചുണര്ത്തിയത് നാം കണ്ടു. ഇവിടെ ഈ പ്രകൃതിബിംബങ്ങളും പ്രഭാതദൃശ്യങ്ങളും കൃഷ്ണന്റെ ദാനം, വൈദഗ്ധ്യം,വിദ്യാഗുണം ഇവയും അവനിലിരിക്കുന്ന പരാവിദ്യയായി,ശ്രീവിദ്യയായി,അവന്റെ അദ്ധ്യാപനവൃത്തിയെ പ്രചോദിപ്പിക്കുന്നു.കന്നുകുട്ടികളുടെ കരച്ചില്,ശിഷ്യരുടെ വിളിയാണ്.കന്നിന്റെ മുലചുരത്തല് ശ്രീവിദ്യയുടെ ജ്ഞാനപ്പാലുചുരത്തലും. കന്നിന്റെ നിലവിളി കറവുകാരനായ തന്റെ പ്രിയതമനെ വിളിച്ചുണര്ത്തലാണ്. വിദഗ്ധനായി, ശ്രീവിദ്യയെ കറന്നെടുക്കുന്ന ആ കോവലനെന്ന വിദ്യാധനന്,സാക്ഷാത്ജഗത്ഗുരു ശ്രീകൃഷ്ണപരമാത്മാവ്. തന്നെത്തന്നെ കറന്നെടുത്ത് പുത്രതുല്യരായ ശിഷ്യരുടെ ഹൃദയകലശം നിറക്കാനുളള കരുണരസം തുളുമ്പുന്ന അമ്മയുടെ (ദേവിയുടെ) രോദനം അവളുടെ തുയിലുണര്ത്തുപാട്ടാണ്. അവളുടെ സ്തനങ്ങള് ആ വിദഗ്ധനായ കറവുകാരന്റെ സ്പര്ശമേറ്റ് തുളുമ്പാനായി കാത്തുനില്ക്കുന്ന ജ്ഞാനകലശങ്ങളാണ്.

ദൃഢപ്രമാണസിദ്ധനെന്ന് വേദപ്രമാണങ്ങളാല് മാത്രം സിദ്ധിക്കുന്ന പരമപുരുഷന്റെ നാലിലൊന്നുഭാഗം (പാദം) മാത്രം സര് വ്വചരാചരവും ,മുക്കാല്ഭാഗം ചരാചരങ്ങള്ക്കും അഖിലബ്രഹ്മാണ്ഡങ്ങള്ക്കും അതീതമായ അമൃതമണ്ഡലമാണ്. മഹാന്തവും ആദിത്യവര്ണ്ണവുമായ പരമപുരുഷന്റെ തപസ്സില്നിന്ന് അഭിജാതയായ ആദിത്യവര്ണ്ണയായ ദേവി (അവന്റെ മിഥുനം) എന്ന അമൃതസ്വരൂപിണി ഉണര്ന്നുകഴിഞ്ഞാല് സ്വാഭാവികമായും ദേവനും ഉണരുന്നു. അവരുടെ സംഗമത്തില്,ആദ്യസ്പര്ശത്തില്ത്തന്നെ അമൃത് ആരുയിര്മരുന്നായി പൊഴിയുന്നു.

ദശദിക്കുകള്ക്കും ത്രികാലങ്ങള്ക്കും ആരേഴുപതിനാലുലകിനും ചുടരായ(പ്രകാശം) ദേവനെ അവന്റെ അവതാരരൂപത്തില് (തോറ്റം) കാണാന് കരുണയും പ്രേമവും കൊണ്ടേ കഴിയൂ. മറ്റൊന്നിനും അവനെ കീഴടക്കാനാവില്ല. ജ്ഞാനമുണ്ട് എന്ന അഹങ്കാരമോ പാണ്ഡിത്യമോ മത്സരമോ കൊണ്ട് അവന് കീടങ്ങില്ല.ഇവിടെ ഗോപികമാരെ മത്സരിച്ച് തോറ്റ പണ്ഡിതരും ശത്രുക്കളുമായി ചിത്രീകരിച്ചു.ഭഗവാന് ആരും ശത്രുക്കളില്ല. എല്ലാവരും സമരാണ്.പണ്ഡിതരും ബുദ്ധിജീവികളുമായ മനുഷ്യര് ഈശ്വരന് തങ്ങളുടെ ശത്രുവാണെന്ന് കരുതി സ്വന്തം പാണ്ഡിത്യത്തില് ഊറ്റം കൊള്ളുന്നതു നിര്ത്തി,ഭക്തിപൂര് വ്വം ശ്രദ്ധാപൂര് വ്വം അവനുകീഴടങ്ങുമ്പോഴാണ് പരാവിദ്യ (യഥാര്ത്ഥ അറിവ്,വിവേകം) അവര്ക്ക് എല്ലാ വിജയവും നല്കുന്നത്, ഭഗവാനെത്തന്നെ നല്കുന്നത്. അങ്ങനെ സമര്പ്പണത്തിനൊരുങ്ങി വന്ന ശിഷ്യഗണങ്ങളില്, പരമഗുരുവും കനിയുന്നു.അപരാവിദ്യയുടെ അര്ത്ഥപഞ്ചകം ഗ്രഹിച്ച അവര് അവക്കപ്പുറം ആത്മജ്ഞാനാത്മകമായ ശ്രീതത്വനാരായണതത്വഗ്രഹണത്തിന്റെ അദ്വൈതാനുഭൂതിയിലെത്തിയിരിക്കുന്നു. ഭഗവദ്ദര്ശനം, സാമീപ്യം, സായൂജ്യം ഇതല്ലാതൊന്നും വേണ്ട എന്നായിരിക്കുന്നു അവര്ക്ക് .അവരിനി ഭൂമിയില് ജീവിച്ചിരിക്കുന്നുണ്ടെങ്കില് അത് ഹരികഥപാടാനും ഹരിനാമം സ്മരിക്കാനും മാത്രമാണ്.വെണ്ണകട്ട മാധവന് ഭക്തഹൃദയമാകുന്ന വെണ്ണയും കട്ട് അനുഭവിച്ച് ആനന്ദിച്ച് കള്ളഉറക്കം കാട്ടി കിടക്കുകയാണ്. ആ കള്ളയുറക്കത്തില്നിന്ന് താമരമിഴിതുറന്ന് കരുണാകടാക്ഷം പൊഴിക്കാന് തയ്യാറായിരിക്കുന്നു പരമഗുരു.

ഇരുപത്തിരണ്ടാം ദിനം ചതയം

രാഗം ഭൈരവി താളം മിശ്രചാപ്പ്

മൂലം

അങ്കണ്മാഞാലത്തരശര് അഭിമാന-

പങ്കമായ് വന്തുനിന് പള്ളിക്കടിര്ക്കീഴേ

ശങ്കമിരുപ്പാര്പോല് വന്തുതലൈപ്പെയ്തോം

കിങ്കിണിവായ്ച്ചെയ്തതാമരൈപ്പൂപോല

ചെങ്കണ്ചിറുച്ചിറുതേയെമ്മേല് വിഴിയാവോ

തിങ്കളുമാദിത്യനുമെഴുന്താര്പോല്

അങ്കണിരണ്ടുംകൊണ്ടെങ്കള്മേല്നോക്കുതിയേയ്

എങ്കള്മേര്ച്ചാപമിഴിന്തേലോരെംപാവായ്

മലയാളം

അയല്നാട്ടുരാജാക്കളഭിമാനഭംഗംവന്നു

സംഘമായ് പള്ളിക്കട്ടിലോരത്തില് നില്ക്കുംപോലെ

ഞങ്ങളും വന്നു,ചോന്ന താമരമിഴി നല്ല

കിങ്ങിണിവായ്പോലെ മെല്ലെത്തുറന്നാലും

തിങ്കളുംസൂര്യനുംപോളാമിഴിപ്പൂകടാക്ഷം

ഞങ്ങടെശാപംതീര്ക്കുമെന്നുടെ സുന്ദരിയേ

വ്യാഖ്യാനം

അയല്നാട്ടുകളിലെ ശത്രുരാജാക്കന്മാരെപ്പോലെ അഭിമാനഭംഗം വന്ന് നിന്റെ പള്ളിക്കട്ടിലിന് താഴെ യാചിച്ച് സംഘമായി ഞങ്ങളിതാ വന്നിരിക്കുന്നു. ചുവന്ന താമരക്കണ്ണുകളെ കിങ്ങിണിവായ്പോലെ പതുക്കെ തുറന്ന് തുയിലുണരുക. സൂര്യചന്ദ്രന്മാരുടെ രശ്മിപോലെ ആ കണ്ണുകളിലെ കടാക്ഷത്താല് ഞങ്ങളുടെ പാപമെന്നാം പോയി,ശാപംതീര്ന്ന് ശുദ്ധമാകട്ടെ.എല്ലാ ദുഃഖവും ശമിക്കട്ടെ.

ഐശ്വര്യമദമത്തോഹി സര് വ്വോഹം ഇതിമന്യതേ. ഞങ്ങള് ചക്രവര്ത്തിമാരെപ്പോലെ ധനികരും ഐശ്വര്യമുള്ളവരുമാണ്, പണ്ഡിതാഗ്രേസരന്മാരാണ് മുതലായ മദങ്ങളാല് മത്തുപിടിച്ച ദുരഭിമാനികളായ മനുഷ്യര്, സര് വ്വോഹം എന്ന മദംവിട്ട് ദാസോഹം എന്ന വിനയത്തോടെ ഗുരുവിനെ സമീപിക്കുമ്പോള് ഗുരുകടാക്ഷം ലഭിക്കുന്നു. ഭഗവാന്റെ അരമണിക്കിങ്ങിണിവായ്പോലെ പാതിമാത്രം തുറന്ന അര്ദ്ധനിമീലിതനേത്രങ്ങളിലൂടെയുള്ള കടാക്ഷത്തിന്റെ സൌന്ദര്യം അനുപമമാണ്. അവയിലെ രാഗം (ചുവപ്പ്)അനുരാഗമാണ്. ഈ ഉറക്കമുണരുന്ന പാതിതുറന്നമിഴിയിലെ അനുരാഗം കാണാന് അവനോടൊത്ത് വാഴുന്നവര്ക്കല്ലേ സാധിക്കുകയുള്ളൂ. പാതിതുറന്ന് ഇമകളെ ഇതളുപോലെ ചിമ്മുന്ന പ്രഭാതത്തിലെ താമരപോലെ സുന്ദരം ഭഗവാന്റെ മിഴികള്.അവയിലെ കരുണാകടാക്ഷപ്രവാഹം ,അനുരാഗഗംഗ ഒരിക്കലെങ്കിലും തന്നില് പതിക്കാന് മോഹിക്കാത്ത ജീവാത്മാവുണ്ടോ.

സൂര്യനെപ്പോലെ ഒരുകണ്ണ്,അജ്ഞതയുടെ അന്ധകാരം അകറ്റുന്നു. അന്നം തരുന്നു. ചന്ദ്രനെപ്പോലെ മറ്റേ കണ്ണ് ആനന്ദാനുഭൂതി (രസാനുഭവം)യുടെ സുഖശീതളസ്പര്ശം തരുന്നു. ഉറക്കുന്നതും ഉണര്ത്തുന്നതുമായ രണ്ടുപ്രകാശധാര കളാണ് സൂര്യയും ചന്ദ്രയും ആയ ആ കരുണാനേത്രങ്ങള് ഭക്തര്ക്ക്.

ഇരുപത്തിമൂന്നാം ദിനം പൂരോരുട്ടാതി

രാഗം ഹംസധ്വനി താളം ആദി

മൂലം

മാരിമലൈമുഴൈഞ്ചില് മണിക്കിടന്തുറങ്കും

ചീരിയചിങ്കമറിവുറ്റുത്തീവിഴിത്തു

വേരി മയിര്പ്പൊങ്കവെപ്പാടും പേര്ന്തുതറി

മൂരിനിമിര്ന്തു മുഴങ്കിപ്പുറപ്പട്ടു

പോതരുമാപോലനീ പൂവൈപ്പൂവണ്ണാ,ഉന്

കോയില്നിന്റിങ്കനേ പോര്ന്തരുളി കോപ്പുടൈയ

ചീരിയചിങ്കാചനത്തിലിരുന്തു യാം വന്ത

കാരിയമാരായ്ന്തരുളേലോരെംപാവായ്

മലയാളം

മാരികാലത്തുറങ്ങും ചീറ്റമെഴുന്നസിംഹം

തീപാറുംമിഴിതുറന്നുണരുന്നിപ്പോള് വെക്കം

രശ്മിപോലുള്ളഞ്ചിരോമം ദിക്കാകെമൂടി,മൂരി

നീര്ന്നിട്ടുസാംഹനാദം മുഴങ്ങി പുറപ്പാടായ്

പൂടപോലുപോലെമേനിയെഴും കണ്ണാ

നാദഘോഷത്തോടെനിന് സഭയിലെഴുന്നള്ളൂ

സ്വര്ണ്ണസിംഹാസനത്തിലമര്ന്നുഞങ്ങള്വന്ന

കാര്യമാരായു വരം തരു,എന്നായ് സുന്ദരീ

വ്യാഖ്യാനം

മഴക്കാലത്ത് തന്റെ പര് വ്വതഗുഹയിലുറങ്ങുന്ന ചീറ്റമേറിയ സിംഹം തീപാറുന്ന മിഴിതുറന്ന് ഉണര്ന്നു. രശ്മിപോലെ കുഞ്ചിരോമം എല്ലാ ദിശയിലും പരന്നു. മൂരിനിവര്ന്നു. സിംഹനാദം മുഴക്കി പുറപ്പെട്ടു. പൂപോലെ മൃദുശരീരനായ കണ്ണാ ,

അതുപോലെ കോവിലില്നിന്ന് സഭയിലേക്ക് നാദഘോഷങ്ങളോടെ എഴുന്നള്ളുക. സ്വര്ണ്ണസിംഹാസനത്തിലിരിക്കുക. ഞങ്ങള്വന്നകാര്യം ചോദിച്ച് വരമരുളുക.

അര്ദ്ധനിമീലിതമിഴികളിലെ അനുരാഗഭാവമുള്ള ഉദയസൂര്യനെന്ന ശിശുവില്നിന്ന് തീപാറുന്ന വെയില്പറത്തുന്ന മദ്ധ്യാഹ്നസൂര്യനിലേക്കുള്ള ഭാവമാറ്റം ശ്രദ്ധേയം. രാജസിംഹാസനത്തിലിരുന്ന് ഭരിക്കുന്ന സിംഹപരാക്രമിയുടെ ഭാവമല്ല, ശൃംഗാരലഹരിയില് പ്രിയസഖിയെ ആശ്ലേഷിക്കുന്ന ശയനവിഷ്ണുവിന്. അമ്മയുടെ മാറത്ത് സ്തന്യംനുകര്ന്ന് കളിക്കുന്ന ലീലാലോലനില്നിന്ന് ,രാജ്യം ഭരിക്കുന്ന രാഷ്ട്രതന്ത്രജ്ഞനിലേക്ക് . വര്ഷകാലത്തെ ശൃംഗാരമേഘം നീങ്ങി വേനല്ച്ചൂടിന്റെ താപം പരത്തുന്ന ഉഷ്ണകിരണനിലേക്ക് രൂതുമാറ്റം. ലാസ്യമാടാനഴിച്ചിട്ട കൈശികീവൃത്തിയുടെ മുടി ക്രോധത്തിലെഴുന്നുനില്ക്കുന്ന നരസിംഹമൂര്ത്തിയുടെ സടയും കുഞ്ചിരോമവുമായി. ഇവിടേയും കേശത്തിന്റെ ഗന്ധമുണ്ട്,പക്ഷേ അത് മോഹിനിയുടെ തുളസീകര്പ്പൂരഗന്ധമല്ല. രക്തഗന്ധമാണ്. എല്ലാ ഗന്ധങ്ങളും തന്നിലൊതുക്കിയ ഭഗവാന്റെ നൃസിംഹഗന്ധം രൂക്ഷമാണ്. കാല്പ്പനികതയുടെ രാജകുമാരനായി,കുട്ടികള്ക്കും കാമിനികള്ക്കും പ്രാണനായി, പ്രണയദേവനായി, മുരളീലോലനും വെണ്ണക്കണ്ണനുമായി പൂവുപോലെ മൃദുലമായ കണ്ണന്റെ ശക്തിരൂപമായ നൃസിംഹാവതാരത്തെയും ഗോദ ഇവിടെ ഓര്ക്കുന്നു.ഉജ്ജൃംഭിച്ച പേശികളും മാംസരുധിരഗന്ധവും ഉള്ള രൌദ്രഭാവത്തില് സര് വ്വജീവജാലങ്ങള്ക്കും താപം നല്കുന്ന സംസാരാഗ്നി വമിപ്പിക്കുന്ന മാര്ത്താണ്ഡരൂപം മൃത്യുവിനെ ജയിക്കുന്ന തന്റെ ശക്തിയായ സാവിത്രിയോടു കൂടിയിരിക്കുന്നു.

ദുഷ്കര്മ്മം ചെയ്യുന്നവര്ക്കു ശിക്ഷകൊടുക്കാനാണ് നൃസിംഹത്തിന്റെ ഭീഷണരൂപം. സത്കര്മ്മം ചെയ്യുന്നവരെ രക്ഷിക്കാനുമാണ്. അതിനാലവര്ക്ക് ആ രൂപം കണ്ടാലും ഭയമില്ല.തങ്ങളോടുകരുണകാട്ടാനാണ് ഈ ഭീഷണരൂപമെന്ന് അവരറിയുന്നു. പ്രഹ്ളാദനിലുള്ള കരുണയാണ് ഹിരണ്യകശിപുവിനെ ശിക്ഷിക്കാനുള്ള ഭീഷണരൂപമായി അവതരിച്ചത്.

ഇരുപത്തിനാലാം ദിനം ഉത്രട്ടാതി

രാഗം ദുര്ഗ്ഗ താളം ആദി

<u>മൂലം</u>

അന്റിവ്വുലകമളന്തായ് അടിപോറ്റി

ചെന്റങ്കുത്തെന്നിലങ്കൈച്ചെറ്റായ് തിറല്പോറ്റി

പൊന്റച്ചകടമുതൈത്തായ് കഴല്പോറ്റി

കുന്റുകുടയാവെടുത്തായ് കുണംപോറ്റി

വെന്റുപകൈകെടുക്കും നിന്കൈയില് വേല്പോറ്റി

എന്റെന്റുന് ചേവകമേയേത്തിപ്പറൈ കൊള്വാന്

ഇന്റു യാം വന്തോമിരങ്കേലോരെംപാവായ്

<u>മലയാളം</u>

അന്നുമൂന്നുലകളന്നപാദംകൈതൊഴാം

തെന്നിലങ്കാപുരിയെവെന്നനിന് തിറം തൊഴാം

ശകടംചവിട്ടിയ പുകഴും കൈതൊഴാം

കന്നാമസുരനെകൊന്നവീരക്കാല് തൊഴാം

കുന്നിനെക്കുടയാക്കുംഗുണവും തൊഴുതിടാം

വെന്നുലകംകാക്കുംവേലിനെക്കൈതൊഴാം

എന്നുംനിന്സേവകംകൊള്ളാന് പറവാങ്ങാ-

നിന്നുവന്നുതിരുവടിപോറ്റി,സുന്ദരിയേ

<u>വ്യാഖ്യാനം</u>

മുമ്പ് മൂവുലകവും അളന്ന പാദം വണങ്ങുന്നു,തെന്നിലങ്കാപുരിയെ നശിപ്പിച്ച തിറം വണങ്ങുന്നു. (വൈഭവം). ശകടാസുരനെ ഒറ്റ ചവിട്ടിന് കൊന്ന കീര്ത്തിയേറിയകാലുതൊഴുന്നു. ധേനുകാസുരനെ വധിക്കാന് ഉണച്ച കാലുതൊഴുന്നു. ഗോവര്ദ്ധനത്തെ കുടയായി പിടിച്ച ഗുണം പാടുന്നു. ശത്രുസംഹാരം നടത്തുന്ന എപ്പോഴും വിജയിക്കുന്ന തൃക്കൈയിലെ വേല് തൊഴുന്നു. എന്നെന്നും നിന്റെ സേവകം ചെയ്യാനും പറ വാങ്ങാനുമായി ഇന്ന് ഞങ്ങളിതാ വന്നിരിക്കുന്നു. കരുണ ചെയ്താലും. ഭഗവാന്റെ കരചരണങ്ങളെ ,അവയുടെ ഗതിവൈഭവങ്ങളെ പ്രകീര്ത്തിക്കുന്നു.തിരുവടിസേവ (പാദപൂജ,പാദസേവ)ഭക്തന് പരമപ്രധാനമാണ്.അതിനാല്,നിത്യസേവകം യാചിച്ചുവന്നവര് ആദ്യം തിരുപാദമഹിമ പാടുന്നു.ദക്ഷിണേന്ത്യന് കോവിലുകളിലെ ഉപാസകര് ഭഗവദ്പാദദാസരാണ്.അടികള് ,പാദദാസരാണ്. നമ്മാള്വാരുടെ ഗുരുപാദമാണ് ശടകോപമായി ഭക്തശിരസ്സില് വെക്കുന്നത്. ഗരുഡന് പെരിയ തിരുവടിയും ഹനുമാന് ചിന്നതിരുവടിയുമാണ് വൈഷ്ണവര്ക്ക് .ഇന്നത്തെ പത്മനാഭദാസന്മാര് സംഘകാലത്ത് അരവണൈ അടികള് ആയിരുന്നു. ഗുരുപാദം ഗുരുപാദുകം അവയുടെ പൂജനം ,ഇവക്ക് ശ്രീരാമഭക്തനായ ഭരതന് കൊടുത്ത പ്രാമുഖ്യം രാമായണകാലം മുതലേ കാണാം. കൃഷ്ണപാദത്തിലെ സാമുദ്രികശാസ്ത്രപ്രകാരമുള്ള ചിഹ്നങ്ങള്നോക്കി ഗോപികമാര് അവന് നടന്നവഴി കണ്ടുപിടിക്കുന്നു.അവര്ക്ക് പാദപൂജകൊണ്ട് ആ ചിഹ്നങ്ങളെല്ലാം അത്ര സുപരിചിതമാണ്. പാദാദികേശമാണ് ഭഗവാനെ ഭക്തന് വര്ണ്ണിക്കുന്നത്. ഗുരുവായൂരപ്പന്റെ പാദമൂലം നാരായ ണീയമെഴുതിയ മേല്പ്പത്തൂരിന് ഭക്താനാം കാമവര്ഷം നല്കുന്ന കല്പ്പതരുവാണ്. ഋഗ്വേദം മേധാതിഥി സ്തോത്രത്തില്, വിഷ്ണുപാദത്തെ പ്രകീര്ത്തിക്കുന്നു.ത്രിവിക്രമനായി ഭൂമിയും ആകാശവും അളന്ന ആ വിഷ്ണുവിന്റെ പ്രഭാത,മദ്ധ്യാഹ്നരൂപങ്ങളെ വര്ണ്ണിച്ച ശേഷമാണ് ഈ പാദപൂജ.

അവന്റെ കൈകളില് ധര്മ്മസംരക്ഷണാര്ത്ഥം ആയുധമേന്തുന്നു. ഗോവര്ദ്ധനത്തെ ഉദ്ധരിച്ച ശക്തിയുള്ള കയ്യിലാണ് പ്രപഞ്ചത്തിന്റെ രക്ഷ ഇരിക്കുന്നത്. വേനായുധം ഗുരുവിന്റെ ഉപദേശമുദ്രയാണ്. മുരുകനും വിഷ്ണുവിനും ദേവിക്കും എല്ലാം ഈ ആയുധമുണ്ട്. പാദം,ശക്തി,പ്രസിദ്ധി,ചിലമ്പ്,നന്മ,വേല് ഈ ആറു ഗുണങ്ങളും ഷഡ്രസങ്ങളെപ്പോലെ എന്നും മധുരിക്കുന്നു. എന്നെന്നും സേവകംചെയ്യാനാണ് യോഗിനികളെത്തിയത്. അവരാ മധുരം പങ്കുപറ്റാനെത്തിയവരാണ്. പറയോ മറ്റുപുരുഷാര്ത്ഥങ്ങളോ ലൌകികഐശ്വര്യമോ അവര്ക്കാവശ്യമില്ല. അവന്റെ നിത്യദര്ശനം, നിത്യസേവനം, നിത്യസ്മരണം,നിത്യകീര്ത്തനം,നിത്യസാമീപ്യം,സാരൂപ്യം,സായൂജ്യം –അപരിമിതമായ ആനന്ദാനുഭവത്തിന്റെ അന്വേഷകരാണ് അവരെല്ലാവരും.

ഇരുപത്തഞ്ചാം ദിനം രേവതി

രാഗം ശങ്കരാഭരണം താളം ഖണ്ഡത്രിപുട

<u>മൂലം</u>

ഒരുത്തിമകനായ് പിറന്തു ഓരിരവില്

ഒരുത്തിമകനായൊളിത്തുവളര-

ത്തരിക്കിലാനാകിത്താന് തീങ്കുനിനൈന്ത

കരുത്തൈപ്പിഴപ്പിത്തുക്കഞ്ചന്വയിറ്റില്

നെരുപ്പെന നിന്റ നെടുമാലേ ഉന്നൈ

അരുത്തിത്തുവന്തോം പറൈതരുതിയാകില്

തിരുത്തക്കചെല്വവും ചേവകമും യാം പാടി

വരുത്തമും തീര്ന്തുമകിഴ്ന്തേലോരെംപാവായ്

മലയാളം

ഒരുത്തിമകനായിപ്പിറന്നിരവില് മ-

റ്റൊരുത്തിമകനായൊളിച്ചുവളര്ന്നു

തന്നെയൊടുക്കാന് നിനച്ചവന് തന്നുള്ളി-

ലഗ്നിയായിട്ടുനിന്നോനേ നെടുമാലേ

നിന്നെസ്തുതിക്കുമെങ്ങള്ക്കുപറ,നിത്യ-

സേവകംഐശ്വര്യമെല്ലാം തരികിലോ

പാടിപ്പാടീട്ടു താപങ്ങളെല്ലാം തീര്ത്തു

ആനന്ദമായിക്കഴിയാമേ സുന്ദരീ

വ്യാഖ്യാനം

ഒരു സ്ത്രീയുടെ മകനായി രാത്രി പിറന്നു,മറ്റൊരു സ്ത്രീയുടെ മകനായി ഒളിച്ചുവളര്ന്നു. തന്നെ നശിപ്പിക്കാമെന്നു വിചാരിച്ച കംസാദികളുടെ ചിന്തകളെല്ലാം വെറുതെയാക്കി,അവന്റെ വയറ്റില് അഗ്നികുണ്ഡംപോലെ വളര്ന്നുനിന്നു. നെടുമാലേ, നിന്നെ സ്തുതിച്ചുവരുന്ന ഞങ്ങള്ക്ക് വരമായി പറ തന്നാല് ,അളവി്ലാത്ത ഐശ്വര്യം സേവകവും തന്നാല് ഞങ്ങള് നിന്നെ പ്രകീര്ത്തിച്ചുപാടുന്ന പാട്ടുകൊണ്ടുതന്നെ സകല താപവും തീര്ത്തു ആനന്ദമായി കഴിയുന്നതാണ്.

വേദങ്ങളിലെ സൂര്യനാരായണന് രണ്ടമ്മമാരുടെ ഉണ്ണിയാണ്.അതുപോലെയാണ് കൃഷ്ണനും.സംസാരദുഃഖങ്ങളില് വലയുന്നവര് ഓര്ക്കണം,അവതാരപുരുഷന്മാര്പോലും അത്തരം താരങ്ങളില് പെട്ടിട്ടുണ്ടെന്ന്. കൃഷ്ണന് പിറക്കുന്ന തിനുമുമ്പേ തുടങ്ങി കംസന്റെ പീഡനം.എന്നാല് തന്നെ നശിപ്പിക്കാന് ശ്രമിച്ചതെല്ലാം നിഷ്ഫലമാക്കി ,കംസന്റെ ഉള്ളില് തന്റെ കാലനെപ്പോലെ ഭയം ജനിപ്പിച്ച് ഒരുവെറും ശിശുമാത്രമായ കണ്ണന് ബഡവാഗ്നിയായി വളര്ന്നുനിന്നു. അതു കൊണ്ട് നെടുമാലേ എന്ന വിളി അന്വര്ത്ഥമാകുന്നു.നിന്റെ അപദാനം പാടാനായി പറയും നിരന്തരസേവകത്തിനുള്ള അനുവാദവും മാത്രം മതി. മറ്റെല്ലാ സമ്പത്തും ആനന്ദവും ഞങ്ങള്ക്ക് ആ നിരന്തരസേവകത്താലും കൊട്ടിപ്പാടിസേവ യാലും കിട്ടിക്കൊള്ളും.ദശരഥന്റെ യജ്ഞം ഒരുപുത്രനുവേണ്ടിയായിരുന്നു. ഭഗവാന് നാലുപുത്രന്മാരായവതരിച്ചു. അത്

ത്രേതായുഗത്തിലാണ്.ദ്വാപരയുഗത്തില് നാലുപേരാണ് (വസുദേവന്,ദേവകി,നന്ദഗോപന്,യശോദ) ഒരുപുത്രനുവേണ്ടി തപം ചെയ്തത്.നാലുപേര്ക്കുംകൂടി ഒരുപുത്രനായി ഭഗവാന് അവതരിച്ചു. ദേവകി ത്രേതായുഗത്തില് കൈകേയിയായിരുന്നു എന്നും അവളില് അവതാരരസം അറിയിക്കാനും മക്കളെ പിരിഞ്ഞ ദുഃഖം ഉളവാക്കാനുമാണ് ദ്വാപരയുഗത്തിലെ കൃഷ്ണാവതാരമെന്നു പറയുന്നുണ്ട്.യശോദയോ,ശബരീജന്മമാണ്ത്രെ. ഈ മകനെ ഞാന് വളര്ത്താനുള്ള ഭാഗ്യം ചെയ്തില്ലല്ലോ എന്ന് ,അവന്റെ ലീലകളെല്ലാം കണ്ടില്ലല്ലോ എന്ന് ശബരി ദുഃഖിച്ചു. അഴക്ക് മോഹിച്ചപോലെ ശൈശവലീലാരസം അനുഭവപ്പെടുത്തിക്കൊടുത്തു. അഹങ്കാരിയായ കംസന്റെ ഉള്ളില് അഗ്നിയായി വളര്ന്നത്, അവനോടൊപ്പം ആ അഹങ്കാരത്തേയും ചാമ്പലാക്കാനാണ്.ഭക്തിപാരമൃത്തില് എല്ലാ കാമങ്ങളും നശിച്ച ഗോപികമാര്ക്കാകട്ടെ, ഞങ്ങള് ഭഗവാനുള്ളതാണ്,ഭഗവാന് ഞങ്ങളുടേതാണ് മുതലായ ദ്വന്ദ്വങ്ങളൊക്കെ തീര്ന്ന് പരമശാന്തരായി , ഭഗവാനും ഞങ്ങളും ഇക്കാണുന്നതെന്തും ഒന്നായ ആനന്ദതന്മയതയാണ്. കംസന്ന് ഭയമെന്ന അഗ്നിയായ കണ്ണന് ഭക്തന്ന് അഭയമെന്ന അമൃതധാരയാണ്.തിരുപ്പല്ലാണ്ടില് ഗോദദേവിയുടെ വളര്ത്തച്ഛനായ വിഷ്ണുചിത്തനെന്ന പെരിയാഴ്വാര് ഭഗവാനോട് പറയുന്നു.എന്റെ പിതാവ്,പിതാവിന്റെ പിതാവ്,അദ്ദേഹത്തിന്റെ പിതാവ് -ഇങ്ങനെ കഴിഞ്ഞ ഏഴുതലമുറയായി ഞങ്ങള് നിന്റെ സേവകരാണ്.പ്രഭോ,സന്ധ്യയില് നീ സിംഹരൂപിയായെത്തി ശത്രുസംഹാരം നടത്തി. ഈ മംഗളകരമായ തിരുവോണഉത്സവത്തില്,നിനക്കായി ഒരു ശുഭസംഗീതം പാടാന് ഞാനിതാ വന്നിരിക്കുന്നു.

അടുത്ത തലമുറയിലെ ഗോദദേവിയും ഈ കര്മ്മമാണ് ആവര്ത്തിക്കുന്നത്.

ഇരുപത്തിആറാംദിനം അശ്വതി

രാഗം ആരഭി താളം ആദി

<u>മൂലം</u>

മാലേ മണിവണ്ണാ മാര്കഴിനീരാടുവാന്

മേലൈയാര് ചെയ് വനകള്വേണ്ടുവന് കേട്ടിയേല്

ഞാലത്തെയെല്ലാം നടുങ്കമുതലന

പാലന്നവണ്ണത്തുന്പാഞ്ചജന്യമേ

പോല്വനചങ്കങ്കള് പോയ്പ്പാടുടൈയനവേ

ചാലപ്പെരുമ്പറയേ പല്ലാണ്ടിശൈപ്പാരേ

കോലവിളക്കേ കൊടിയേ വിതാനമേ

ആലിനിലൈയാ യരുളേലോരെംപാവായ്

<u>മലയാളം</u>

മാലേ മണിവര്ണ്ണാ മാര്കഴിനീരാടാന്

പൂര് വ്വികര് ചെയ്യും ചടങ്ങുകേട്ടില്ലയോ

പാഞ്ചജന്യംപോലെവെളുത്തശംഖൂതി

ഓങ്കാരനാദംഉലകിനെ നടുക്കി,

കോലുവിളക്കുംകൊടിയുംവിതാനവും

താളത്തില്പറകൊട്ടിപല്ലാണ്ടുപാടി

നീരാട്ടിനായ്പോയി,അതുപോലെനീയും

ആലിലശയനാഎഴുന്നള്ളൂ, സുന്ദരിയേ

വ്യാഖ്യാനം

മാലെന്നാല് നിധി. തിരുമാലേ, ശ്രീമാലേ,ഗോകുലത്തിനുമാത്രമല്ല,ലോകത്തിനുതന്നെ നിധിയായ തിരുമാലേ, മണിവര്ണ്ണാ, മാര്കഴിനീരാട്ടിന് നിന്റെ പൂര് വ്വീകര് ചെയ്തിരുന്ന ചടങ്ങുകള് കേട്ടിട്ടില്ലേ. പാഞ്ചജന്യംപോലെ വെളുത്ത വലിയ ശംഖുകളൂതി,പ്രണവനാദം മുഴക്കി, ലോകത്തെ നടുക്കിക്കൊണ്ട്,മുരശ്(പെരുമ്പറ)താളത്തിലടിച്ച്,പല്ലാണ്ടുപാട്ടുകളുംപാടി , കോല് വിളക്കും കൊടിക്കൂറകളും വിതാനങ്ങളുമായി അവരെല്ലാം മാര്കഴിനീരാട്ടിനു പോയിരുന്നു. ആലിലക്കണ്ണാ, നീയും അതുപോലെ ഞങ്ങലോട്ടുകൂടി (ഉത്സവഘോഷത്തോടെ) നീരാട്ടിനെഴുന്നള്ളുക.

ഉത്സവത്തിനുള്ള ശംഖ്,പെരുമ്പറ,കുത്തുവിളക്ക്(കോലുവിളക്ക്)കൊടിക്കൂറ,അലങ്കാരവിതാനങ്ങള് ഇവയെല്ലാം പണ്ടേ കണ്ണന്റെ പൂര് വ്വീകരായ ഗോപന്മാര് കൊട്ടാരത്തില് സംഭരിച്ചിട്ടുണ്ട്.അതെല്ലാം സ്തുതിപാടിപല്ലാണ്ടുപാടാനായി വരുന്നവര്ക്കു കൊടുക്കാറുണ്ട്, അവരുടെ ഉത്സവഘോഷയാത്രയില് എല്ലാ അകമ്പടികളോടും കൂടി എഴുന്നള്ളാറുമുണ്ട്. ഈരാജമുദ്രകളോടെ,നീയും തലമുറകളായി ഞങ്ങളനുഷ്ഠിക്കുന്ന തുയിലുണര്ത്തല്ചടങ്ങിനുശേഷം, ഞങ്ങളോടൊത്ത് ജലക്രീഡക്കായി (നീരാട്ട്)വരിക ,പഴയ ചടങ്ങുകളൊന്നും തെറ്റിക്കാതെ ഇരിക്കുക . ശംഖം ഭഗവാന്റെ ചുണ്ടത്ത് ചേര്ക്കുന്നതാണ്.അത് പുറപ്പെടുവിക്കുന്നതോ പ്രണവം.

ഓരോ ഭക്തജീവനും പഞ്ചഭൂതനിര്മ്മിതമായ വെള്ളശ്ശംഖാണ്. വെള്ളനിറം പരിശുദ്ധിയെ കാണിക്കുന്നു. ശുദ്ധമായ ജീവാത്മാവിനെ ഭഗവാന് തന്റെ പാഞ്ചജന്യത്തെയെന്നപോലെ ചുണ്ടോടടുപ്പിച്ച് ചുംബിക്കുമ്പോള്,അതിലുണരുന്നത് പ്രണവനാദമാണ്. അനന്യാര്ഹശേഷത്വജ്ഞാനത്താല്,ഭഗവാന്റെ പ്രാണനിലെ പ്രണവനാദമായി എന്റെ പ്രാണനിലുണരുന്ന ഓരോ നാദവും ഒലിക്കട്ടെ. അടിക്കുമ്പോള് കാലവും താളവും സമൃദ്ധിചിഹ്നമായ നെല്ലും അളക്കുന്ന പറ ,ഇവയെല്ലാം ഭഗവാനാണ്,ഭഗവാന്റേതാണ്,എന്റേത് നീ്രേത് എന്ന ഭേദം ഈശ്വരസൃഷ്ടിയിലില്ല എന്ന് ഓര്മ്മിപ്പിക്കുന്നു. ഇതിന്റെ പേര് പാരതന്ത്ര്യജ്ഞാനം. ഈശ്വരന്റെ താളത്തിനൊത്ത് ചരാചരങ്ങളെല്ലാം ചലിക്കുകയാണ്,മറിച്ചല്ല എന്ന ബോധം . ഒരേ വിതാനത്തിനുതാഴെ ഭഗവാന്റെ കഴകം ചെയ്യുന്നവരാണ് എല്ലാ ചരാചരങ്ങളും എന്ന് വിതാനം കാണിക്കുന്നു. ഭഗവാന്റെ ധര്മ്മപതാകക്ക് കീഴെയാണ് നാമെല്ലാം നടക്കുന്നതെന്ന് കൊടിക്കൂറ ഓര്മ്മിപ്പിക്കുന്നു.ഈശ്വരനെന്ന ജ്ഞാനദീപം നമ്മെ നേരായ വഴി നടത്തുന്നു എന്ന് വിളക്ക്. സൃഷ്ടിമുഴുവനും എന്റേതെങ്കിലും ഒരു ചെറിയ ആലിലമതി എനിക്ക് ശയിക്കാനെന്ന ശക്തിയും സിദ്ധിയും തൃപ്തിയും ആനന്ദവും വടപത്രശായിയായി ശ്രീവില്ലിപുത്തൂരിലിരിക്കുന്നവനും അനേകം അലങ്കാരങ്ങളോടെ ശ്രീരംഗത്തിരിക്കുന്നവനും.

ഇരുപത്തേഴാം ദിനം ഭരണി

രാഗം ആനന്ദഭൈരവി താളം ആദി

മൂലം

കൂടാരൈവെല്ലും ചീര്ക്കോവിന്ദാ ഉന്തനൈ

പാടിപ്പറൈകൊണ്ടു യാം പെറുചമ്മാനം

നാട്ടുപുകഴും പരിചിനാല്നന്റാക

ച്ചൂടകമേ തോള്വളയേ തോടേ ചെവിപ്പൂവേ

പാടകമേ യെന്റനയ പല്ക്കലനും യാമണിവോം

ആടൈയുടുപ്പോമതന് പിന്നേ പാര്ച്ചോറു

മൂടനെയ് പെയ്തു മുഴങ്കൈ വഴിവാര

കൂടിയിരുന്തു കുളിര്ന്തേരോലെംപാവായ്

വ്യാഖ്യാനം

ഈ ദിനത്തിന് കൂടരൈ പൊങ്കലെന്നാണ് പറയുന്നത്. 27 നക്ഷത്രങ്ങളുള്ള ചന്ദ്രന്റെ മാസം അവസാനിക്കുന്നു. അതാണ് ഇതിന്റെ പ്രാധാന്യം.

ശത്രുക്കളെ വെല്ലുന്ന നിധിയായ ഗോവിന്ദാ, നിന്നെ കൊട്ടിപ്പാടി സേവകം ചെയ്ത് ഞങ്ങള്ക്കുലഭിക്കുന്ന സമ്മാനങ്ങളെ കേട്ടാലും. നാട്ടുമുഴുവനും പുകഴുന്ന ചൂഡകം,തോള്വള(കടകം)തോട,ചെവിപ്പൂ,പാടകം മുതലായ ആഭരണങ്ങള് ഞങ്ങള ണിയും. നല്ല വസ്ത്രങ്ങളുടുക്കും. പിന്നീട്, പാല്ച്ചോറില് ധാരാളം നെയ്യ് ഒഴിച്ച് ,മുഴങ്കൈ വരെ നെയ്യുവഴിയുമാറ്, വാരി വാരി, നിന്റെ കൂടെയിരുന്ന് ഭക്ഷണംകഴിച്ച് ആനന്ദിക്കും. 27 ദിനമായി ഗോപികമാര് ആടയലങ്കാരങ്ങളും നെയ്യും പാലും കൂട്ടിയ ഭക്ഷണവും ഉപേക്ഷിച്ചിട്ട് വ്രതമിരിക്കുന്നു. ഇന്ന് കൃഷ്ണന്റെ കൂടെയിരുന്ന് ലൌകികവും അലൌകികവുമായ എല്ലാ ആനന്ദവും അവന്റെ സാമീപ്യത്തിലനുഭവിക്കും. അതാണ് ലോകം പുകഴുന്ന സമ്മാനം.ബാഹ്യമായ ആഭരണാദി കളെ മാത്രമല്ല,ഇവിടെ പറയുന്നത്. ആന്തരാലങ്കാരങ്ങളേയുമാണ്. ഗുരു ശിഷ്യനു കൊടുക്കുന്ന അനന്തം ആഭരണങ്ങ ള് (പല്ക്കലന്)ആണ് കൃഷ്ണനില്നിന്ന് ശിഷ്യകളായ ഗോപികായോഗിനിമാര് സ്വീകരിക്കുന്നത്. ഇപ്പോളവര്ക്ക് വെറും ഗുരുദര്ശനം മാത്രമല്ല, സദാ ഗുരുവിനോട് കൂടിയിരുന്ന് ഗുരുകുലവാസത്തിന്റെ ഉപനിഷദമാണ്,ഗുരുവിന്റെ സാമീപ്യ മാണ് കൊടുക്കപ്പെടുന്നത്. ഗോവിന്ദപദം ആദ്യമായി ഈ പാസുരത്തിലാണ് ഗോദദേവി ഉപയോഗിക്കുന്നത്.

ഗോവിന്ദേതി യഥാ ക്രാന്താത് കൃഷ്ണം ദൂരവാസിനം എന്ന് കുരുസഭയിലെ പാഞ്ചാലീരോദനത്തിലുണ്ട്.

സര് വ്വവേദാന്തസിദ്ധാന്തഗോചരം തമഗോചരം

ഗോവിന്ദം പരമാനന്ദം സദ്ഗുരും പ്രണതോസ്മ്യഹം (ഗുരുവന്ദനം. വിവേകചൂഡാമണി)

ഗോകുലത്തിലെ ശ്രീകൃഷ്ണചൂഡാമണി ഒരേസമയം വിവേകച്ചൂഡാമണിയും ആശ്ചര്യചൂഡാമണിയുമാണ്. ആ ഗോപാല ചൂഡാമണി എന്ന ഇഷ്ടകാന്തനോട് ഗോപികയുടെ പ്രഥമസ്പര്ശം(വിവാഹം)ചൂഡകം. പഞ്ചസംസ്കാരം ചെയ്ത് ആത്മീ യോപനയനം ചെയ്യുന്ന ഗുരു ശിഷ്യന്റെ കയ്യിലൊരു രക്ഷാബന്ധനം കെട്ടും .ഇതിന്റെ പേരും ചൂഡകമെന്നാണ്.

തോള്വള ശംഖചക്രാങ്കിതമായി തോളിലണിയുന്ന ആഭരണമായ വള. വൈഷ്ണവമുദ്രയാണിത്. തോട ഞാനെന്റെ നാരായണനുമാത്രം സ്വന്തമാണെന്ന മന്ത്രമുദ്ര. അവ സൂര്യചന്ദ്രന്മാരായി ദേവിയുടെ കാതിലും ,നാഗഭൂഷണമായി ശിവ ന്റെ കാതിലും കാണുന്ന മുദ്രയാണ്. മുകളിലെ ഭാഗത്ത് (മേല്ക്കാത്)അണിയുന്ന ചെവിപ്പൂവ് പരിപൂര്ണ്ണസമര്പ്പണം (ദ്വയ മന്ത്രം).പാടകം (കാലിലെ ചിലങ്ക,നൂപുരം)പ്രഭുവിന്റെ രക്ഷാവരമായ ചരമശ്ലോകം. തോട,ചെവിപ്പൂ,പാടകം ഒന്നിച്ച് ജ്ഞാനഭക്തിവൈരാഗ്യങ്ങളാണ്. ഭക്തന് സംസാരിക്കുമ്പോഴും നില്ക്കുമ്പോഴും നടക്കുമ്പോഴും എന്തുകര്മ്മം ചെയ്യുമ്പോ ഴും ഈ ആന്തരാലങ്കാരങ്ങളുടെ ശോഭയും പരമശാന്തിയുടെ ധ്യാനമൌനവും മറ്റുള്ളവര്ക്ക് അനുഭവപ്പെട്ടു കൊണ്ടി രിക്കും.. പുതിയ വസ്ത്രങ്ങള് സാധനാചതുഷ്ടയത്താല് നേടിയ പരാവിദ്യയത്രെ. കുട്ടികളെപ്പോലെയാണ് കൃഷ്ന്റെ കൂടെയിരുന്ന് ഉണ്ണുന്നതില് ഗോപികമാരുടെ വിവരണവും അതിലെ ആനന്ദവും. പാലും ചോറും നെയ്യും ചേര്ത്ത

മധുരാന്നം മാർകഴിഉത്സവത്തിന്റെ ഇരുപത്തേഴാം ദിനം പാകം ചെയ്യുന്നു.ഇതിന്റെ പേരാണ് കൂടാരൈപൊങ്കലെന്നത്. രസോ വൈ സഃ എന്ന് ബ്രഹ്മരസമായ ശാന്തരസം അനുഭവിക്കുന്ന പ്രഥമലയനത്തിന്റെ ശാന്തിമുഹൂർത്തത്തിന്റെ മധുരത്തെ ഇത് സൂചിപ്പിക്കുന്നു.

ഇരുപത്തെട്ടാം ദിനം കാര്ത്തിക

രാഗം ഹംസാനന്ദി താളം ആദി

മൂലം

കറവൈകള് പിന്ചെന്റു കാനംചേര്ന്തുണ്പോം

അറിവൊന്റുമില്ലാത വായ്ക്കുലത്തു ഉന്റന്നൈ

പിറവി പെറുന്തനൈ പുണ്ണിയം യാമുടൈയോം

കുറൈവൊന്റുമില്ലാത കോവിന്ദാ ഉന്റന്നോ-

ടുറവാല് നമക്കിങ്കൊഴിക്കവൊഴിയാതു

അറിയാത പിള്ളൈകളോമന്പിനാല് ഉന്റന്നൈ-

ച്ചിരുപേരഴൈത്തനവുഞ്ചീറിയരുളാതെ

ഇറൈവാ നീ താരായ് പറൈയേലോരെംപാവായ്

മലയാളം

പൈക്കളെ പിന്തുടരാം കാട്ടിലുണ്ണാം നമുക്കു

അറിവെഴാതിടയകുലം പിറവിയാല് പുണ്യമായി

കുറയില്ലാ ഗോവിന്ദാ ,അറിവില്ലാപ്പൈതങ്ങ-

ളന്പിനാല് ചെറുനാമം ചൊല്ലിവിളിച്ചു ഞങ്ങള്

ജന്മപുണ്യം നിന് സ്നേഹം, പരിഭവം അരുതേ

ഈശ്വരാ പറവരം തരണേ ,യെന്സുന്ദരീ.

വ്യാഖ്യാനം

നമുക്ക് ഒരുമിച്ച്, പശുക്കളെ മേച്ച് കാട്ടിലേക്കുപോയി ,അവിടെയിരുന്ന് ഊണുകഴിക്കാം.അറിവില്ലാത്ത ഇടയവംശത്തിലാണ് ഞങ്ങള് ജനിച്ചതെങ്കിലും നിന്റെ ജന്മം ഞങ്ങള്ക്കിടയിലായതുകൊണ്ട്, ഞങ്ങളെല്ലാം പുണ്യമുള്ളവരായിത്തീർന്നു. ഒരു കുററമോ കുറവോ ഇല്ലാത്ത, ഒരു കളങ്കവും സ്പർശിക്കാത്ത,ഗോവിന്ദാ, നിന്നോടുള്ള ഞങ്ങളുടെ സ്നേഹബന്ധം ഈ ഒരൊറ്റജന്മംകൊണ്ടുമാത്രം തീരുന്നതല്ല. ഞങ്ങള് അറിവില്ലാത്ത കുട്ടികളാണ്. സ്നേഹംമൂലം നിന്നെ ഓമനപ്പേരുവിളിച്ച് കളിയാക്കിപ്പോയി. അതോർത്ത് ഞങ്ങളോട് പരിഭവിക്കരുതേ. ഈശ്വരാ, അവിടുന്ന ഞങ്ങള്ക്ക് വരമായി പറ അരുളി അനുഗ്രഹിച്ചാലും.

ഗോവര്ദ്ധനോദ്ധാരണം ചെയ്ത് ഇന്ദ്രന്റെ അഹങ്കാരം ശമിപ്പിച്ചപ്പോള്,ഇന്ദ്രന് കാമധേനുവൊത്ത് കൃഷ്ണനെ കാണാനെത്തി,മാപ്പുചോദിച്ചു. ഭക്തജനകാമധേനുവായ ഭഗവാനോട് കാമധേനു പറഞ്ഞു:- ലോകനാഥാ,നിന്റെ കരുണകൊണ്ട് ഞങ്ങള് അമൃതത്വം നേടി. നീയാണ് അഖിലേശ്വരന്.നീയാണ് ഇന്ദ്രന്.ഭൂപാലര്ക്കും ഗോക്കള്ക്കും ദേവതകള്ക്കും സജ്ജനങ്ങള്ക്കും നന്മവരുത്താനായി നിന്നെ ഇന്ദ്രനായി വാഴിക്കാനാണ് ബ്രഹ്മദേവന് എന്നെ അയച്ചത്. ഭൂഭാരം കുറക്കാനവതരിച്ച ഹരിയാണ് അവിടുന്ന്.

കാമധേനുവിന്റെ പാലും ആകാശഗംഗാതീര്ത്ഥവും ചേര്ത്ത് ,ദേവഗന്ധര് വ്വന്മാര് സ്തുതിഗീതങ്ങളാലപിക്കവേ, ത്രിലോകങ്ങളും ആനന്ദനൃത്തമാടവേ,ഇന്ദ്രന് കൃഷ്ണനെ ഗോവിന്ദനായി അഭിഷേകം ചെയ്തു. ആഭീരകുലചക്രവര്ത്തി യാണ് ഗോവിന്ദന്.ഗോദ ഗോവിന്ദപത്നിയാണ്. കുറൈയൊന്നും ഇല്ലാത്ത ഗോവിന്ദന്റെ പ്രിയസഖി. പരിപൂര്ണ്ണ സമര്പ്പണത്തിന്റെ മുഖമുദ്രയായ വിനയമാണ് ഈ പാസുരത്തിന്റെ ഭാവം. ഇടയന്മാരുടെ ഗുരുകുലവാസം അതീവ ലളിതവും നിഷ്കളങ്കവുമാണ്. പ്രേമപൂര് വ്വം ഗോവിന്ദന്റെ കൂടെ വനത്തിലെല്ലാം കളിച്ചുനടക്കുക,ഗോക്കളെ മേക്കുക, ഒന്നിച്ച് വനഭോജനം ചെയ്യുക,പാട്ടുകേട്ട് മതിമറന്നാനന്ദിക്കുക- അജ്ഞരെങ്കിലും അവര്ക്കിടയില് നിഷ്കളങ്കതയുടെ ഫലമായി ഭഗവാന് സ്വയം ജീവിച്ചു എന്നതുതന്നെയാണ് അവരുടെ പരമപദപ്രാപ്തി. ഗോപികളുംഗോപാലരും അവ നെ തങ്ങളുടെ സ്വന്തം കുഞ്ഞായികണ്ടുപരിപാലിച്ചു. താരാട്ടുപാടിയുറക്കി. ആശ്ലേഷിച്ചു, ചുംബിച്ചു,കളിപ്പേരുവിളിച്ചു, ശകാരിച്ചു,തല്ലി,കൊട്ടിയിട്ടു,പശുക്കളെമേച്ച് വികൃതികാട്ടി കൂടെ നടന്നു, അവനോടൊപ്പം വെണ്ണകട്ടുതിന്നു,അവന്റെ പ്രേമത്തിനു പാത്രമായി .ഉരലില് കെട്ടിയിടുകകൂടി ചെയ്തു. ജ്ഞാനികള്ക്കും യോഗികള്ക്കും സാധിക്കാത്തത് വാത്സല്യവും പ്രേമവും മാത്രം അറിയാവുന്ന ഈ ഇടയവംശജര്ക്ക് സാധിച്ചു. നിഷ്കളപരബ്രഹ്മം അവരുടെ നിഷ്കളങ്കതയില് ലയിച്ച് ഒന്നായി തന്മയീഭവിച്ചു. ഇങ്ങനെ തങ്ങളോടുകൂടി കഴിഞ്ഞത് വൈകുണ്ഠം വാഴുന്ന ഹരിയാണെന്നറിഞ്ഞപ്പോള്, തങ്ങളറിയാതെ കളിപ്പേരുവിളിച്ചതില് പരിഭവിക്കരുതേ എന്ന് അപേക്ഷിക്കുന്നു. ആദ്യമായാണ് ഇറൈവാ(ഈശ്വരാ) എന്ന സംബോധന ഇവിടെ കാണുന്നത്. ഗുരു ഈശ്വരനാണ്. പരമഗുരുവായ ഗോവിന്ദന് ഈശ്വരനാണ്.പ്രേമിക്കുന്നവര് തമ്മില് ഔപചാരികത വേണ്ട. ചിറുപേരുവിളിച്ചാനന്ദിച്ച കൂട്ടുകാര് മറ്റാരെയോ വിളിക്കുന്നതുപോലെ നാരായണാ,വൈകുണ്ഠവാസാ എന്നു വിളിക്കുമ്പോഴാണ് ആ അന്തര്യാമിപുരുഷന് പരിഭവം തോന്നുക.

ഗോവിന്ദാ, ഗോവിന്ദാ, ഗോവിന്ദശബ്ദത്തില് ഒരമ്മയുടെ വാത്സല്യഭാവമുണ്ട്. ഒറ്റപ്രാവശ്യം വിളിച്ചാല് ഓടിയെ ത്തുന്നവളാണ് പ്രേമമയിയായ അമ്മ. കുഞ്ഞിനോടുകലമ്പി കുഞ്ഞിനെ അമ്മ ശാസിക്കുകയോ അടിക്കുകയോ ചെയ്താലും കുഞ്ഞിനേക്കാളധികം ദുഃഖിക്കുക അമ്മയാണ്.അവളുടെ സാന്ത്വനം കുഞ്ഞിനെ ശാന്തമാക്കുകയും ചെയ്യും. ഈ സ്വഭാവമാണ് ഗോവിന്ദനും ഗുരുവിനും അമ്മക്കും . അതിനാല് അവമൂന്നും ഒരേതരം പ്രേമമാണ്,വാത്സല്യമാണ്. ഈശ്വരന്റെ പ്രേമം അമ്മയുടെ പ്രേമത്തിനു തുല്യമാണ്. ഗുരുവിന്റെ പ്രേമത്തിന് സദൃശമാണ്. ഭക്തനും കുഞ്ഞും ശിഷ്യനും ആ സുഖശീതളസ്നേഹപ്രവാഹത്തിലാണ് നീരാടുന്നത്. ബാഹ്യമായ നീരാട്ടുമാത്രമല്ല അത്.

ഇരുപത്തിഒമ്പതാം ദിനം രോഹിണി

രാഗം ഉദയരവിചന്ദ്രിക താളം ആദി

<u>മൂലം</u>

ചിറ്റംചിറുകാലേ വന്തുന്നൈച്ചേവിത്തു ഉന്

പൊറ്റാമരൈയടിയേ പോറ്റും പൊരുള്കേളായ്

പെറ്റമ്മേയ്ത്തുണ്ണും കുലത്തിര്പ്പിറന്തുനീ

കുറ്റേവലെങ്കലൈ കൊള്ളാമര്പ്പോകാതു

ഇറ്റൈപ്പറൈക്കൊള്വാനന്റുകാണ്കോവിന്ദാ

എറ്റൈക്കുമേഴേഴുപിറവിക്കും ഉന്നോട്ടു

ഉറ്റോമൈയാവോമുനക്കേനാമാട്ചിചെയ് വോം

മാറ്റൈ നം കാമങ്ങള് മാറ്റേലോരെംപാവായ്

മലയാളം

ബ്രാഹ്മമുഹൂര്ത്തത്തിലെത്തിപ്പകഴ്പാടി

താമരക്കാലടിസേവിപ്പതിന് പൊരുള്

കാലിമേക്കുംകുലംതന്നിലുണ്ടായനീ

ഇക്കുലമക്കളാമെങ്ങളെക്കൈവിടാ

വന്നതുഗോവിന്ദാ,ഏഴേഴുജന്മവും

നിന്നിലേഭക്തിയുണ്ടാവണം ഞങ്ങളില്.

നിന്നെമാത്രംസേവചെയ്യണമെന്നല്ലാ-

തില്ലൊരുകാമവും സുന്ദരീയോതുക

വ്യാഖ്യാനം

അതികാലത്ത് ബ്രാഹ്മമുഹൂര്ത്ത്ത്തിലുണര്ന്ന് സുപ്രഭാതം പാടി നിന്നെ തുകിലുണര്ത്തി സേവിച്ച്,താമരക്കാലടി വാഴ്ത്തിയതിന്റെ തത്വം വെറുതെ പറ മുതലായ ഭൌതികവസ്തുക്കളുടെ ലാഭത്തിനായല്ല,ഗോവിന്ദാ. കന്നുമേക്കുന്ന ഇടയ വംശത്തില് പിറന്ന നീ, നിന്റെ കുലക്കാരായ ഞങ്ങളുടെ എളിയ സേവനം കൈക്കൊണ്ട് വരം തരാതിരിക്കയില്ല എന്ന ഉറപ്പ് ഞങ്ങള്ക്കുണ്ട്.പറ മുതലായവ താല്ക്കാലികമാണ്. ഏഴേഴുജന്മത്തേക്കും (49)ഞങ്ങള്ക്ക് നിന്നില്മാത്രം ഏകാന്തികഭക്തി ഉണ്ടാവണം.നിന്നെമാത്രം സേവിക്കണം. ഈ ഒരുകാമമല്ലാതെ മറ്റൊരുകാമവും ഞങ്ങളിലുണ്ടാ ക്കരുത്.ബാഹ്യമായി കൃഷ്ണന്റെ കൊട്ടാരത്തിലേക്കും നീരാട്ടുകടവിലേക്കുമുള്ള സഞ്ചാരമല്ല,ഇവിടെ പ്രതിപാദ്യം. പരമ പദത്തിലേക്കുള്ള ജീവന്മുക്തന്റെ ആന്തരികപ്രയാണമാണ്. ഈ പാസുരത്തില് മാത്രമാണ് അതിന്റെ പൊരുളെ ന്നതാണെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളത്.ഇതുവരെയുള്ള പാസുരങ്ങളില് അത് വ്യംഗ്യമാണ്. ആത്മീയാന്വേഷക ര്ക്ക് കൃത്യമായ ഒരു സഞ്ചാരപഥം ഈ പാസുരങ്ങളിലൂടെ ഗോദ കാണിച്ചുതരുന്നു. സദ്സംഗം,ഗുരു,ഉപനയനം, ധ്യാനമാര്ഗ്ഗം ഇവയിലൂടെയാണ് പരമപദപ്രാപ്തി.

ചിറ്റംചിറുകാലൈ:- ജീവിതത്തിന്റെ ബാല്യമായ പ്രഭാതത്തില് ഞങ്ങള് അര്ത്ഥവും കാമവും ചോദിച്ചു. പിന്നീട് ധര്മ്മം ചോദിച്ചു. ഒടുക്കം മോക്ഷവും ചോദിച്ചു.പ്രയാണാന്ത്യത്തില് ഞങ്ങള്ക്ക് അതൊന്നും (പുരുഷാര്ത്ഥങ്ങള്) പ്രധാനമായി തോന്നുന്നില്ല. അനന്തകോടിജന്മങ്ങളില്നിനക്കുസേവചെയ്ത് നിന്നോടുകൂടി പരമാനന്ദമനുഭവിച്ച് ഇരിക്കണമെന്നേ ഉള്ളൂ. ഈ പരമപദം മാത്രം ആത്യന്തികസത്യം. പുരുഷാര്ത്ഥങ്ങളെല്ലാം മായ. ഭഗവാന്റെ സ്വര്ണ്ണത്താമരപ്പാദം പതിഞ്ഞ ഭക്തരുടെ ഹൃദ്പത്മം പുണ്യതീര്ത്ഥം ,സുവര്ണ്ണതീര്ത്ഥം,പത്മതീര്ത്ഥം .അതിലാണ് അതിപാവനമായ മാര്കഴിനീരാട്ടിന്റെ പരിസമാപ്തി.

മുപ്പതാം ദിനം മകീരം

രാഗം സുരട്ടി താളം ഖണ്ഡചാപ്പ്

മൂലം

വംഗക്കടല്കടൈന്ത മാതവനൈ കേശവനൈ

തിങ്കള്ത്തിരുമുകത്തുച്ചേയിഴൈയാര് ചെന്റിറൈഞ്ചി

അങ്കപ്പറൈകൊണ്ടവാറ്റൈ അണിവുതുവൈപ്പൈംകമല-

ത്തണ്ടെരിയര്പട്ടര്പിരാന്കോതൈ ചൊന്ന

ചങ്കത്തമിഴ്മാലൈ മുപ്പതും തപ്പാമൈ

ഇങ്കിപ്പരിശുരൈപ്പാരീരിരണ്ടു കാലരൈത്തോള്

ചെങ്കണ്തിരുമുകത്തു ച്ചെല് വ്വത്തിരുമാലാല്

എങ്കുന്തിരുവരുള് പെറ്റിന്പുറുവായെമ്പാവായ്

മലയാളം

വംഗക്കടല്കടഞ്ഞമാധവനെ,കേശവനെ

തിങ്കള്മുഖിമാര്പാടിവാഴ്ത്തിവരംവാങ്ങി

പത്മനാഭനുരുവം ചിത്തിലാം വിഷ്ണുചിത്ത-

പട്ടര്പിരാന്മകള്കോതയിന് സംഘത്തമിഴ്

മുപ്പതും പാടിനാലുകൈയോട്ടുതാമരക്കണ്

ഐശ്വരമൂര്ത്തിപ്രസാദം തിരുവരങ്ങളും

നിത്യംലഭിക്കുന്നെന്നു പാടിപ്പദംപണിഞ്ഞു

പോറ്റുപരമപദം സുന്ദരിസൌന്ദരിയേ

വ്യാഖ്യാനം

ബംഗാളക്കടലുകടഞ്ഞ മാധവനെ,കേശവനെ ചന്ദ്രമുഖിമാരായ ഗോപകന്യമാര് സ്തുതിച്ചുപാടി വരം വാങ്ങിയതിനെ നവാലംകൃതമായ കമലനാഭനെ ചിത്തത്തില് വഹിച്ച് വിഷ്ണുചിത്തനെന്നു കീര്ത്തികേട്ട പട്ടര്പിരാന്റെ പുത്രി കോത ദേവി പാടിയ സംഘത്തമിഴ്രാഗമാലികയിലെ മുപ്പതുപാസുരവും തെറ്റാതെ പാടിയാല് ഈരിരണ്ടു(നാലു) കൈയുള്ളവനും ചെന്താമരാക്ഷനുമായ ഐശ്വര്യമുള്ള തിരുമാലിന്റെ തിരുമുഖപ്രസാദവും അവന്റെ ദേവിയായ ശ്രീ(തിരു)യുടെ അനുഗ്രഹവും ഭവിക്കുമെന്ന് ഫലശ്രുതി.

മുപ്പതുപാസുരവും മുപ്പതാം ദിനം ഫലശ്രുതിയോടുകൂടി പാടേണ്ടതാണ്. അതോടെ മുപ്പതുദിനത്തെ പാവൈനോമ്പ് അഥവാ ഗിരിജയെ (കാര്ത്ത്യായനിയെ) ഉദ്ദേശിച്ച് നന്ദഗോപസുതനെ വരനായി ലഭിക്കാന് ഇടയപ്പെണ്ണുങ്ങളനുഷ്ഠി ക്കുന്ന

തിരുവാതിരവ്രതം കഴിയുന്നു. ആര്ദ്രാജാഗരണത്തിന് രാത്രി പാതിരാപ്പൂചൂടിക്കഴിഞ്ഞ് പിറ്റേന്ന് രാവിലെ തിരുവാതിരനാളില് വ്രതം പര്യവസാനിക്കുന്നു.

കേരളത്തിലെ തിരുവാതിരയാണ് തമിഴകത്തെ മാര്കഴിവ്രതം . മകരത്തിലെ കാര്ത്തിക മുതല്, ധനുവിലെ തിരുവാതിരവരെ 30 ദിവസത്തേക്ക് 30 പാസുരമുണ്ട് ആണ്ടാളുടെ തിരുപ്പാവൈയില്. ആത്മീയതയുടെ പരമപദം പ്രാപിച്ച ആഴ്വാര്പ്രബന്ധങ്ങളില് ആണ്ടാളുടെ കൃതികള്ക്ക് പ്രത്യേകമായ മാധുര്യമുണ്ട്.

സുവര്ണ്ണ നാലപ്പാട്ട്. MD (Pathology)

കൃതികള് -

താമരപ്പൂക്കള്,പുഴയുടെകഥ,അമൃതജ്യോതി,മധുരലയം, സാന്ദ്രാനന്ദം,ഒരുകാലഘട്ടത്തിന്റെ ഓര്മ്മക്ക്, നാലപ്പാട്ടിന്റെ ചക്രവാളച്ചെമ്പുതളി,സൌവര്ണ്ണം, ഇന്ത്യയെ കണ്ടെത്തല് വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ,സുധാസിന്ധു,ബ്രഹ്മസിന്ധു, പത്മസിന്ധു,നാദലയസിന്ധു,ഇന്നത്തെ അമ്മ, സുദര്ശനം .Without a Stumble, Music Therapy in Management administration and Education, Ragachikitsa. Etc.

പ്രസ്ഥാനത്രയത്തിന് ആധുനികശാസ്ത്രത്തിന്റെ താരതമ്യത്തോടെ ഭാഷ്യമെഴുതിയിട്ടുണ്ട്. യോഗം,സാംഖ്യം.വൈശേഷികം മുതലായവയും പ്രകാശസിന്ധു എന്ന ജ്യോതിഷഗ്രന്ഥവും അടക്കം ഒട്ടേറെ രചനകള് Online ആയി ലഭിക്കും.

Dr Suvarna Nalapat Trust For Education and Research

.